12. ജി. ഒ. (പി) നമ്പർ 255/04/കോ-ഓപ്. തീയതി 5-10-2004 (എസ്. ആർ. ഒ. നമ്പർ 1083/04).

13. ജി. ഒ. (പി) നമ്പർ 264/04/കോ-ഓപ്. തീയതി 12-10-2004 (എസ്. ആർ. ഒ. നമ്പർ 1119/04).

14. ജി. ഒ. (പി) നമ്പർ 258/04/കോ-ഓപ്. തീയതി 11-10-2004 (എസ്. ആർ. ഒ. നമ്പർ 1124/04).

XVII. സെക്രട്ടറി: സർ, ഞാൻ താഴെ കാണുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു. നിയമസഭ പാസ്സാക്കിയ പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ച താഴെ പറയുന്ന ബിൽ:

2002-ലെ കേരള മൂല്യവർദ്ധിത വില്പന നികുതി ബിൽ (2004-ലെ 30-ാം ആക്ട്).

VII. റിപ്പോർട്ട് സമർപ്പണം

(1) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ

ശ്രീ. നാലകത്ത് സൂപ്പി: എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. ബിനോയ് വിശ്വം: ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) പിന്നോക്ക സമുദായക്ഷേമസമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. ചെർക്കളം അബ്ദുള്ള: പിന്നോക്ക സമുദായക്ഷേമ സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VIII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിൻമേലുള്ള ചർച്ച

ശ്രീ. എം. എം. ഹസ്സൻ: "സർ, 2005 ജനുവരി 27-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനും പുരോഗതിക്കും വേണ്ടിയുള്ള നയസമീപനവും കർമ്മ പരിപാടികളും ഉൾക്കൊള്ളുന്ന ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മുഴങ്ങുന്ന ഒരു ശബ്ദമുണ്ട്. അവിടെ തിളങ്ങുന്ന ഒരു വാഗ്ദാനവുമുണ്ട്. അദ്ദേഹത്തിന്റെ മുഴങ്ങുന്ന ശബ്ദം ഞാൻ ഇവിടെ ഉദ്ധരിക്കട്ടെ; "എന്റെ സർക്കാരിന് സംസ്ഥാനത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും വേണ്ടിയുള്ള ഒരു വീക്ഷണം ഉണ്ടെന്നുള്ളത് സുവ്യക്തമാണ്. അതിന്റെ വീക്ഷണം യാഥാർത്ഥ്യമാക്കുവാൻ അതിനാവശ്യമായ ഇച്ഛാശക്തിയുണ്ട് എന്നുള്ളതും വ്യക്തമാണ്. വരും കാലങ്ങളിൽ ഈ ചിന്തയുടേയും പ്രവൃത്തിയുടേയും പ്രബലമായ സമ്മിശ്രണം സംസ്ഥാനത്തിനും അതിലെ ജനങ്ങൾക്കും വേണ്ടി അത്ഭുതങ്ങൾ സൃഷ്ടിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല". ഈ മുഴങ്ങുന്ന ശബ്ദം ഈ സഭ ശ്രവിച്ചതാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനം ഒരു തിളങ്ങുന്ന വാഗ്ദാനമുണ്ട്; "ഭാരതത്തിലെ ഒരു മുൻനിര സംസ്ഥാനമായി കേരളത്തെ ഉയർത്തിക്കൊണ്ടുവരുന്നതിന് എന്റെ സർക്കാരിന്റെ പ്രയത്നവുമായി എല്ലാ രാഷ്ട്രീയ പാർട്ടികളും സാമാന്യ ജനങ്ങളും മുന്നോട്ടു വന്ന് സഹകരിക്കണം" എന്നുള്ള അഭ്യർത്ഥനയോടുകൂടിയാണ് അദ്ദേഹം തന്റെ അഭിസംബോധന ഉപസംഹരിച്ചിട്ടുള്ളത്. വളരെ വ്യക്തമായ നയങ്ങളും പരിപാടികളും ഉൾക്കൊണ്ടുകൊണ്ട് ഈ സഭയിൽ നാമെല്ലാം അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ പ്രതിപക്ഷ നേതാക്കൾ അതിനോട് പ്രതികരിച്ചു. നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞത് 'ഇതിൽ ഒന്നുമില്ല' എന്നാണ്. ആവർത്തനവിരസമാണെന്നും പറഞ്ഞു. പ്രതിപക്ഷ ഉപനേതാക്കൾ അദ്ദേഹത്തെ കടത്തിവെട്ടിക്കൊണ്ട് ദേശാഭിമാനിയിൽ ഒരു ലേഖനം എഴുതി. നയവും പരിപാടിയും ഇല്ലാത്ത ദുർഭരണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഈ നയപ്രഖ്യാപനത്തിന് യാതൊരു തരത്തിലുള്ള ആശയ വ്യക്തതയോ ലക്ഷ്യബോധമോ ഇല്ലായെന്നാണ്. ആശയ വ്യക്തതയും ലക്ഷ്യബോധവും ഉണ്ടോ ഇല്ലയോ എന്നുള്ളത് ഈ നയപ്രഖ്യാപനം ഒന്ന് പരിശോധിക്കുമ്പോൾ മാത്രമേ മനസ്സിലാവുകയുള്ളൂ. നിങ്ങൾ വായിക്കണം. അതായത്, രാഷ്ട്രീയ അന്ധതയും രാഷ്ട്രീയ ബധിരതയും അതായത്, പൊട്ടനും കുരുടനും പോലെ ഇരുന്നാൽ ഇത് മനസ്സിലാവില്ല. അത് കാണണം, അത് കേൾക്കണം. ഞാൻ കേൾപ്പിക്കാം. കേരളത്തിന്റെ സമഗ്രമായ വികസനത്തിന് കാർഷിക വ്യാവസായിക പുരോഗതി. അതുപോലെതന്നെ ഐ.ടി., ബി.ടി., ടൂറിസം മേഖലകളിൽ ഇൻവെസ്റ്റ്മെന്റ്. ഇതാണ് നമ്മുടെ സാമ്പത്തിക രംഗത്തെ വ്യാപകമായ വളർച്ചയ്ക്ക് ആവശ്യമായിട്ടുള്ളത്. കൃഷിയിലും വ്യവസായത്തിലും ആധുനിക സങ്കേതങ്ങൾ തേടുക എന്നുള്ളത് ഈ ഗവണ്മെന്റിന്റെ നയസമീപനമാണ്. ഇന്ന് കൃഷിക്കാരെ സംബന്ധിക്കുന്ന ഏറ്റവും വലിയ പ്രശ്നം എന്താണ്? അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടണം. അതിനാണ് മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം. കാർഷികാധിഷ്ഠിതമായ വ്യവസായം വളർത്തിക്കൊണ്ടു വരിക, വ്യവസായ രംഗത്ത് പരമാവധി ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരിക എന്നുള്ളതാണ്. ഗവൺമെന്റിന്റെ സമീപനം ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം കൊച്ചിയിലും പരിസര പ്രദേശങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വമ്പിച്ച നിക്ഷേപ സംരംഭങ്ങൾ, എൽ.എൻ.ജി. ടെർമിനൽ (വല്ലാർപാടം), പ്രകൃതിവാതക പൈപ്പ്ലൈൻ, കൊച്ചി പെട്രോകെമിക്കൽ കോംപ്ലക്സ്

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ വരാൻ പോകുന്ന ദുബായ് സ്മാർട്ട് സിറ്റി എന്നിവയാണ്. ഐ.ടി. രംഗത്താണെങ്കിൽ തിരുവനന്തപുരത്തെ ഐ.ടി. കോറിഡോർ, കൊച്ചിയിലെ ഇൻഫോ പാർക്ക്, ഐ.ടി. ടൗൺഷിപ്പ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം. ഇതെല്ലാം കേരളത്തിൽ വ്യാവസായിക പുരോഗതി ഉണ്ടാക്കും. ഈ ഗവൺമെന്റിന്റെ നയസമീപനം കാർഷിക വ്യാവസായിക ഐ.ടി., ബി.ടി, ടൂറിസം രംഗങ്ങളിൽ കൂടുതൽ നിക്ഷേപം കൊണ്ടുവന്ന് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക അതോടൊപ്പം ആ നിക്ഷേപത്തെ ആകർഷിക്കാൻ കഴിയുന്ന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. അത് ഒരു നയസമീപനമാണ്. എല്ലാത്തിനും ആവശ്യം ഊർജ്ജമാണ്.

ഇലക്ട്രിസിറ്റി രംഗത്ത് കൂടുതൽ പദ്ധതികൾ പൂർത്തിയാക്കിക്കൊണ്ട് പത്താം പദ്ധതിയിൽ എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകുമെന്നുള്ള പ്രഖ്യാപനം ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയിട്ടുണ്ട്. പ്രത്യേകിച്ച് ബി.പി.എൽ. കുടുംബങ്ങൾക്ക്. അതുപോലെ ആവശ്യമായിട്ടുള്ള ഒന്നാണ് കുടിവെള്ളം. 1200 ശുദ്ധജല വിതരണ പദ്ധതികൾ ഉടൻ ആരംഭിക്കും. ജെ.ബി.ഐ.സി.-യുടെ സഹായത്തോടെയുള്ള 1787 കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതികൾക്ക് ഗണ്യമായ പുരോഗതിയുണ്ടാകും പന്ത്രണ്ടായിരം സ്ഥലങ്ങളിൽ മഴവെള്ള സംഭരണ കേന്ദ്രങ്ങൾ ഉണ്ടാക്കും. അതുപോലെതന്നെ അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനപ്പെട്ടതാണ് റോഡുകൾ. റോഡുകൾക്ക് മൂവായിരത്തി അൻപത്തിമൂന്ന് കോടി രൂപയുടെ നിക്ഷേപമാണ് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. ഗുണനിലവാരത്തിൽ വമ്പിച്ച കുതിച്ചുചാട്ടമുണ്ടാകാൻ പോകുന്നു. വ്യാവസായിക പുരോഗതി, കാർഷിക പുരോഗതി, അടിസ്ഥാന സൗകര്യങ്ങൾ ഈ രംഗങ്ങളിലും ഒരു നയസമീപനമുണ്ട്. നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ഗുണപരമായ മാറ്റം വിദ്യാഭ്യാസത്തെ തൊഴിലുമായി ബന്ധിപ്പിച്ച് വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാക്കി നമ്മുടെ എഡ്യൂക്കേഷൻ ഇൻഡസ്ട്രിയുമായിട്ടുള്ള അകലം മാറ്റിയെടുക്കാനുള്ള നയസമീപനം ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആരോഗ്യ പരിപാലന രംഗത്ത്, ആരോഗ്യ പരിപാലന സൗകര്യങ്ങൾ, ആശുപത്രി സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുക, ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ സംഭരിക്കുക. അതുപോലെ സാമൂഹികക്ഷേമം എന്നുള്ളത് തൊഴിലാളി ക്ഷേമം എന്നുള്ളതാണ്. നമ്മുടെ തൊഴിലാളികൾക്ക് പ്രത്യേകിച്ച് ഫ്ളോർ ലെവൽ മിനിമം വേജസ് നിശ്ചയിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിരിക്കുകയാണ്. മൽസ്യത്തൊഴിലാളി രംഗത്ത് സ്മാർട്ട് കാർഡ് കൊടുക്കാൻ പോകുന്നു. ഇതെല്ലാം നയസമീപനത്തിന്റെ ഭാഗമാണ്. കുടുംബശ്രീ മൈക്രോ സംരംഭ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. കൂടാതെ കൊടിയ ദാരിദ്ര്യം അനുഭവിക്കുന്നവർക്കുവേണ്ടി ഭക്ഷണവും പാർപ്പിടവും, ചികിൽസയും നൽകുന്ന ആശ്രയ പദ്ധതിക്ക് രൂപം നൽകാൻ പോകുകയാണ്. വിദേശ മലയാളികളുടെ വൈദഗ്ദ്ധ്യത്തേയും വിഭവത്തേയും പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വികസനം സാധ്യമാക്കും. ഇതിനേക്കാളുപരി ഡോ. തോമസ് ഐസക്കും ഞാനും ഇൻഡ്യാ വിഷനിൽ പോയപ്പോൾ—ശ്രീ. തോമസ് ഐസക്ക് ശ്രദ്ധിച്ചുകാണും—സർവ്വീസ് ഡെലിവറീസ് ഇൻസ്റ്റിറ്റ്യൂഷൻസ് ഇപ്പോൾ ഏതാണ്ട് രണ്ടായിരമാണെന്നാണ് അറിഞ്ഞത്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ആയിരുന്ന കാലത്ത് നടപ്പാക്കിയതാണ്. ഇപ്പോൾ മൂവായിരം കോടി രൂപ വായ്പയുപയോഗിച്ച് മുപ്പതിനായിരം സ്ഥാപനങ്ങളെ സർവ്വീസ് ഡെലിവറിയുടെ കീഴിൽ കൊണ്ടുവരാൻ പോകുകയാണ്. സർക്കാരിന്റെ പ്രവർത്തനങ്ങൾ വിജയിപ്പിക്കേണ്ടത് സർക്കാർ ജീവനക്കാരാണ്. അവരുടെ ശമ്പള പരിഷ്ക്കരണത്തിന് കമ്മീഷൻ വയ്ക്കാൻ ആലോചിക്കുന്നു. അതോടൊപ്പം തന്നെ ഭരണം കാര്യക്ഷമ മാക്കാൻ 100 ദിവസത്തെ കർമ്മ പരിപാടി ശ്രീ. ഉമ്മൻ ചാണ്ടി ഭരണം ഏറ്റപ്പോൾ ആരംഭിച്ചു. സർക്കാരിന്റെ ബഹുജന സമ്പർക്ക പരിപാടി ജനസമ്മതിയുണ്ടാക്കി കൊടുത്ത ഒന്നാണ്. അടുത്ത ഒരു വർഷക്കാലത്ത് 'കേരളം അതിവേഗം മുന്നോട്ട്' വളരെ വേഗതയിൽ ഭരണം കാര്യക്ഷമമാക്കാനുള്ള പരിപാടിയാണ്. മുഖ്യമന്ത്രി നടത്താൻ പോകുന്ന സുതാര്യ കേരളം. ഇതെല്ലാം ഈ ഗവൺമെന്റിന്റെ നയസമീപനങ്ങളാണ്. ഈ നയസമീപനങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളും പരിപാടികളും ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്.

എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ എഴുതിയ ഒരു ലേഖനത്തിൽ പറയുന്നുണ്ട് "ലോക്സഭാ തെരഞ്ഞെടുപ്പിൽ ദയനീയമായി പരാജയപ്പെട്ടതിനെത്തുടർന്ന് മുഖം രക്ഷിക്കാനാണ് ആന്റണിയെ മാറ്റി ഉമ്മൻ ചാണ്ടിയെ പ്രതിഷ്ഠിച്ചതെന്ന്. ഭൂകമ്പത്തിന് ശേഷം സുനാമി വന്നു എന്ന അവസ്ഥയാണ് ആന്റണിക്കു ശേഷം ഉമ്മൻ ചാണ്ടി വന്നപ്പോൾ ഉണ്ടായിരിക്കുന്നത്. പൊട്ടൻ പോയി, കുരുടൻ വന്നു എന്നാണ് ഇതിനെക്കുറിച്ച് ശ്രീ. കെ. കരുണാകരൻ പോലും പ്രതികരിച്ചത്" ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് പോയി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നു എന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇതിൽ പറഞ്ഞത് ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ തുടർച്ച തന്നെയാണ് ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് എന്ന്. പക്ഷെ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. പരാജയപ്പെട്ടതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ടാണ് ശ്രീമാൻ എ. കെ. ആന്റണി രാജിവച്ചത്. 1996-ൽ ഉണ്ടായ ലോകസഭാ തെരഞ്ഞെടുപ്പ് വിജയത്തെ, 2001-ൽ ഉണ്ടായ നിയമസഭാ തെരഞ്ഞെടുപ്പ് വിജയത്തെ മാർക്സിസ്റ്റ് പാർട്ടി എങ്ങനെയാണ് വിലയിരുത്തിയിരിക്കുന്നത്? നിങ്ങൾക്ക് ശക്തിയുണ്ടായെന്നാണോ? മുഖം രക്ഷിക്കാൻ മുഖ്യമന്ത്രിയെ മാറ്റിയെന്ന് നിങ്ങൾ പറയുന്നല്ലോ കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂകമ്പം പോയി സുനാമി വന്നു എന്നാണ് പറയുന്നത്. കേരളത്തിൽ സുനാമി ദുരന്തത്തിനുശേഷം മറ്റൊരു സുനാമി ഉണ്ടായി. അത് മാർക്സിസ്റ്റ് പാർട്ടിക്കകത്താണ്. രാക്ഷസ തിരമാലകളടിച്ച മാർക്സിസ്റ്റ് പാർട്ടിയിലെ സുനാമിയെക്കുറിച്ച് ഞാൻ പിന്നെപ്പറയാം. പക്ഷെ ശ്രീ. എ. കെ. ആന്റണി പോയി ശ്രീ. ഉമ്മൻ ചാണ്ടി വന്നപ്പോൾ പൊട്ടൻ പോയി കുരുടൻ വന്നുവെന്നുള്ള പ്രയോഗവും ഉദ്ധരിച്ചിട്ടുണ്ട്. പൊട്ടന് ചെവി കേട്ടുകൂടാ കുരുടന് കണ്ണ് കണ്ടുകൂടാ. രണ്ടുപേരും കൂടെ ഒരുമിച്ച് നിൽക്കുകയാണെങ്കിൽ വൈകല്യം പരസ്പരം പരിഹരിക്കാം. ഇവിടെയിപ്പോൾ പൊട്ടനും കുരുടനും ഒരുമിച്ചാണ്. പിന്നെ മറ്റൊരു കാര്യം പൊട്ടൻമാർക്കും കുരുടൻമാർക്കും ഒരു ഗുണമുണ്ട്. അവർക്ക് മറ്റ് അവയവങ്ങളെല്ലാം നന്നായി പ്രവർത്തിക്കും. വളരെ സൂക്ഷ്മതയോടുകൂടി പ്രവർത്തിക്കും. നമ്മുടെ ചരിത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരുപാട് പൊട്ടൻമാരേയും കുരുടൻമാരേയും നമ്മൾ കണ്ടിട്ടുണ്ട്. മഹാഭാരതത്തിൽ ഒരു കുരുടൻ ഉണ്ടായിരുന്നു—ധൃതരാഷ്ട്രർ ഒരുസാധാരണ കുരുടനായിരുന്നോ? കോടിയേരിക്കറിയില്ലേ? എമ്മാതിരി പണികളാണ് മൂപ്പർ ഒപ്പിച്ചത്? കണ്ണുള്ളവർ പോലും ചെയ്യാത്ത പണിയല്ലേ ധൃതരാഷ്ട്രർ ചെയ്തത്. അങ്ങനെയുള്ള കുരുടനും പൊട്ടനുമാണെങ്കിൽ കുഴപ്പമില്ലല്ലോ. ഇവിടെ പൊട്ടൻ പോയി കുരുടൻ വന്നുവെന്ന് പറയുമ്പോൾ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ദിശാബോധത്തോടുകൂടി കേരളത്തിലെ സർക്കാരിനെ മൂന്നര കൊല്ലക്കാലം നയിച്ച നേതാവാണ് ശ്രീ. എ. കെ. ആന്റണിയെന്ന് കാലം തെളിയിക്കും. ശ്രീ. എ. കെ. ആന്റണി സംസ്ഥാനത്തിന് നൽകിയിട്ടുള്ള മികച്ച സംഭാവനകൾ നന്ദിപൂർവ്വം ബഹുമാനപ്പെട്ട ഗവർണ്ണർ സ്മരിച്ചു എന്നുള്ളതിൽ യാതൊരു അതിശയോക്തിയുമില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അത് വിട്ടുകളഞ്ഞാലേ നന്ദികേട് വരുമായിരുന്നുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ അങ്ങ് നന്ദി രേഖപ്പെടുത്തുന്നത് ഹസ്സനെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയ ശ്രീ. എ. കെ. ആന്റണിക്കാണോ, മന്ത്രിസഭയിൽനിന്ന് പുറത്താക്കിയ ശ്രീ. ഉമ്മൻ ചാണ്ടിക്കാണോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ ഇപ്പോൾ നന്ദി രേഖപ്പെടുത്തുന്നത് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനാണ് ഞങ്ങളോട് അങ്ങനെയൊന്നും ചോദ്യം ചോദിക്കാൻ നിങ്ങൾക്ക് കഴിയില്ല ശ്രീ. കോടിയേരി. നിങ്ങളുടെ അവസ്ഥ ഞങ്ങൾ പറയാം; വരട്ടെ. യു.ഡി.എഫ്-ന് നയമില്ല, പരിപാടിയില്ല എന്നു പറയുമ്പോൾ ഒരു കാര്യം നിങ്ങൾ മറക്കരുത് നിങ്ങൾ നടപ്പിലാക്കിയ നയങ്ങൾ ഞങ്ങൾ തുടർന്നപ്പോൾ നിങ്ങൾ കാപട്യത്തിന്റെ കൗശലവുമായി ഈ നയങ്ങളെ അട്ടിമറിക്കാൻ വന്നത്, ഈ സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ ഒരു കറുത്ത അധ്യായമായത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്? എ.ഡി.ബി. വായ്പയെക്കുറിച്ച് ശ്രീ. പിണറായി ദേശാഭിമാനിയിൽ എഴുതിയ ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്; ഞങ്ങൾ കൺസൾട്ടന്റിനെ മാത്രമേ വച്ചിട്ടുള്ളൂവെന്ന്. എന്തിനാണ് കൺസൾട്ടന്റിനെ വയ്ക്കുന്നത്? വായ്പ വാങ്ങാനാണ്. എ.ഡി.ബി. വായ്പ വാങ്ങി ഈ സംസ്ഥാനത്ത് ആത്മാർത്ഥമായ പുരോഗതിയുണ്ടാക്കാൻ ശ്രമിച്ചപ്പോൾ ഞങ്ങൾ അത് പിൻതുടർന്നു. നിങ്ങൾ അതിനെ അട്ടിമറിച്ചു. അത് മാത്രമാണോ. നിങ്ങൾ പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനി ആരംഭിക്കാൻ സ്ഥലം കൊടുത്തു. ജലലഭ്യത നോക്കിയിട്ടാണോ കൊടുത്തത്? വികസന രംഗത്തേക്ക് മറ്റുള്ള നിക്ഷേപം കടന്നു വരാത്ത രൂപത്തിൽ ഇവിടെ നിങ്ങൾ സമരങ്ങൾ പ്രോൽസാഹിപ്പിച്ചു. ഞങ്ങൾ പെരിയാറിലെ ജലം വിൽക്കാൻ പോകുന്നു, എന്നൊക്കെ പ്രതിപക്ഷ നേതാവടക്കം എന്തെല്ലാം പറഞ്ഞു. വ്യവസായ ജലവിതരണ പദ്ധതിക്കു വേണ്ടി 1999-ൽ ചെന്നൈയിൽ നടന്ന നിക്ഷേപ സംഗമത്തിൽ 150 കോടി രൂപയുടെ മുതൽ മുടക്കുന്ന ഒരു പദ്ധതി അന്നത്തെ വ്യവസായ മന്ത്രിയായിരുന്ന സുശീലാ ഗോപാലൻ അവിടെ അവതരിപ്പിച്ചതല്ലേ; നിങ്ങൾ അത് മറന്നു പോയോ? അതിനെതിരെ നിങ്ങൾ അവിടെ പ്രചരണം നടത്തി. മന്ത്രി മുനീറിനെതിരായി, നിങ്ങളുടെ ഭരണകാലത്ത് ശ്രീ. പി. ജെ. ജോസഫ് കൊണ്ടുവന്ന എക്സ്പ്രസ് ഹൈവേ പദ്ധതിക്കെതിരായി എന്തെല്ലാം അട്ടഹാസങ്ങൾ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കി? നിങ്ങൾ നടപ്പിലാക്കിയ നയങ്ങളെ ഞങ്ങൾ പിൻതുടർന്നപ്പോൾ ആ നയങ്ങളെ അട്ടിമറിക്കാൻ ശ്രമിച്ച നിങ്ങളാണ് ഇവിടെ ഈ സംസ്ഥാനത്തിന്റെ നയമെന്ത് എന്ന് ചോദിക്കുന്നത് ഗവർണ്ണർക്ക് പരിപാടികളുണ്ടോയെന്ന് ചോദിക്കുന്നത്. ഞങ്ങൾ വികസന രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്തി. നിങ്ങൾ ഏറ്റവും അധികം ആക്ഷേപിച്ചതാണല്ലോ ജിം-ൽ എന്താണ് നടന്നത് എന്ന്. പൊതുമേഖലയിൽ പതിനായിരം കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരുമെന്നല്ലേ അന്ന് പറഞ്ഞത്. എന്നാൽ മുപ്പതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് ജിം നെ തുടർന്ന് ഇപ്പോൾ പൊതു മേഖലയിൽ വരാൻ പോകുന്നത്. ശ്രീ. കെ. പി. രാജേന്ദ്രൻ, നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? വല്ലാർപാടം കണ്ടെയിനർ ടെർമിനൽ, കൊച്ചിയിലെ എണ്ണ ശുദ്ധീകരണ ശാല, കായംകുളം പവ്വർ പ്രോജക്ട്, സൂപ്പർ തെർമൽ പവ്വർ സ്റ്റേഷൻ ആക്കിത്തീർക്കാനുള്ള തീരുമാനം. എൽ.എൻ.ജി. ടെർമിനൽ ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ പൈപ്പ്ലൈൻ അതെല്ലാം യാഥാർത്ഥ്യമാകുകയല്ലേ? പതിനാറായിരം കോടി രൂപയുടെ സ്വകാര്യ നിക്ഷേപം അന്ന് നിർദ്ദേശിച്ചു. പക്ഷെ ആ സ്വകാര്യ നിക്ഷേപം കേരളത്തിൽ വരുന്നതിനെ തകർക്കാനാണ് നിങ്ങൾ സമരാന്തരീക്ഷം കേരളത്തിൽ ഉണ്ടാക്കിയിട്ടുള്ളത്. എന്നിട്ടും റിലയൻസ് മാത്രം ആയിരത്തിയഞ്ഞൂറ് കോടി രൂപയുടെ നിക്ഷേപം ഇവിടെ പൂർത്തീകരിച്ചു. ജിം നടത്തിയത് സംസ്ഥാനത്ത് നിക്ഷേപാന്തരീക്ഷം ഉണ്ടാക്കാൻ കൂടിയാണ്. ജിം-ൽ വരുന്ന എല്ലാ പദ്ധതികളും ഇവിടെ ആർക്കും നടപ്പിലാക്കാൻ പറ്റുകയില്ല. പക്ഷെ ഒരു നിക്ഷേപ സംരംഭം കർണ്ണാടകത്തിൽ നടത്തിയല്ലോ; തുടർന്ന് വയബിളായിട്ടുള്ള പദ്ധതികൾ പലതും അവിടെ നടത്തി.

സർ, നിങ്ങൾ ഗവൺമെന്റിന്റെ നയങ്ങളെ അട്ടിമറിച്ചവരാണ്. എന്നിട്ട് ഇപ്പോൾ മാറി നിന്ന് ഇത്തരത്തിലുള്ള ചോദ്യം ചോദിക്കുകയാണ്. നിങ്ങളുടെ ധാരണ നിങ്ങൾക്ക് വമ്പിച്ച ജനപിന്തുണയുണ്ടായി എന്നാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ തോറ്റപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി പാസ്സാക്കിയ പ്രമേയം എന്തായിരുന്നു? ഞാൻ ഉദ്ധരിക്കുന്നത് ആശയവ്യക്തതയോടെ മുന്നോട്ട് എന്ന് ശ്രീ. പിണറായി വിജയൻ എഴുതിയ ലേഖനത്തിലെ ആദ്യഭാഗമാണ്. "പാർട്ടിയുടേയും വർഗ്ഗബഹുജന സംഘടനകളുടേയും സജീവപ്രവർത്തനങ്ങളൊക്കെ ഉണ്ടായിട്ടും നിലവിലുള്ള മേഖലയ്ക്കപ്പുറം പോകാനോ തെരഞ്ഞെടുപ്പ് ശക്തി വർദ്ധിപ്പിക്കാനോ നമുക്ക് സാധിച്ചിട്ടില്ല. ഈ പ്രശ്നം ആഴത്തിലുള്ള പഠനം ആവശ്യപ്പെടുന്നു. എന്തുകൊണ്ടാണ് നമുക്ക് തെരഞ്ഞെടുപ്പിൽ കാര്യമായി മുന്നോട്ടുപോകാൻ കഴിയാതെ പോകുന്നത് എന്നതിനെക്കുറിച്ച് പാർട്ടി വളരെ ഗൗരവതരമായി ആലോചിക്കേണ്ടതുണ്ട്". 1996-ലെ പൊതുതെരഞ്ഞെടുപ്പിനെപ്പറ്റിയുള്ള സി.പി.എം. കേന്ദ്ര കമ്മിറ്റി അവലോകനത്തിൽ നിന്നാണ് ഈ ഉദ്ധരണി. ആ ഉദ്ധരണി കൊണ്ട് തീർന്നിട്ടില്ല. ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി എന്താണ് പാസ്സാക്കിയത്? വോട്ടെടുപ്പിനുശേഷം പോളിറ്റ്ബ്യൂറോയുടെ കേന്ദ്ര കമ്മിറ്റി നടത്തിയ അവലോകന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് "കേരളത്തിൽ സി.പി.എം.-ന്റെ ശേഷിയും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ശേഷിയും ശക്തിയും

LIBRARY ARCHIVES Kerala Legislative Assembly

ചോർന്നുപോയിരിക്കുന്നു" എന്നാണ്. അതിനു മുമ്പ് നടന്ന തെരഞ്ഞെടുപ്പിനേക്കാൾ എല്ലാ മണ്ഡലങ്ങളിലും ഇടതുപക്ഷത്തിന്റെ വോട്ടുകൾ കുറയുകയാണ് ചെയ്തതെന്ന് പാർട്ടി കേന്ദ്ര നേതൃത്വം ചൂണ്ടിക്കാണിച്ചിരിക്കുന്നു. കേന്ദ്ര കമ്മിറ്റി ഈ നിഗമനത്തിലൂടെ കേരളത്തിലെ പാർട്ടി നേതൃത്വത്തിനു നൽകിയ മുന്നറിയിപ്പുകൾ പലതാണ്. ഒന്ന്, ലോക്സഭാ തെരഞ്ഞെടുപ്പിൽ വൻ വിജയം നേടിയെങ്കിലും പുതിയ തലമുറയെ പാർട്ടിയിലേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ട്, മതന്യൂനപക്ഷങ്ങൾക്കിടയിൽ പാർട്ടിക്ക് സ്വാധീനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്ന് മഞ്ചേരിയിലെ വിധിയെഴുത്തുകൊണ്ടു മാത്രം പറയാനാകില്ല. ഒരു ത്രികോണ മൽസരമുണ്ടായിട്ടും മൂവാറ്റുപുഴയിൽ പാർട്ടിയുടെ വോട്ട് കൂടിയിട്ടില്ല. മൂന്ന്, കോൺഗ്രസ്സ് ഗ്രൂപ്പ് വഴക്കിൽ മനംനൊന്ത് യു.ഡി.എഫ്.-ലെ വലിയൊരു വിഭാഗം വോട്ടർമാർ വോട്ടു ചെയ്യാത്തതുകൊണ്ടാണ് ഇടതുപക്ഷത്തിന് വലിയ വിജയം കൊയ്യാൻ സാധിച്ചത്. ഇപ്പോൾ മനസ്സിലായല്ലോ? നിങ്ങളുടെ വിജയം എന്നു പറയുന്നത് ഞങ്ങളുടെ ദൗർബ്ബല്യമാണ്. ഞങ്ങളുടെ ദൗർബ്ബല്യത്തെ നിങ്ങളുടെ ശക്തിയായി കണക്കാക്കുകയാണെങ്കിൽ ശക്തന്മാർ നിങ്ങളാണ്. ഞങ്ങളുടെ പരാജയം നിങ്ങളുടെ വിജയമാണെങ്കിൽ നിങ്ങളുടെ സ്ഥിതി എന്താണ്. ആ സ്ഥിതിയിൽ നിങ്ങൾ ഇന്ന് നിൽക്കുകയാണ്. കഴിഞ്ഞ നാലു കൊല്ലമായി നിങ്ങൾ പ്രതിപക്ഷത്തായിട്ട്. ഈ നാലു കൊല്ലക്കാലമായി സംസ്ഥാനത്തെ ഉത്തരവാദിത്വമുള്ള ഒരു പ്രതിപക്ഷം എന്ന നിലയിൽ എത്ര ജനകീയ പ്രശ്നങ്ങൾ നിങ്ങൾ ഉയർത്തിക്കൊണ്ടുവന്നു? ഒന്നു പറയണം. ഞാൻ പറഞ്ഞാൽ ഒരു പക്ഷേ അത് കോൺഗ്രസ്സുകാരന്റെ വിമർശനമാകുമെന്നുള്ളതുകൊണ്ട് പറയുന്നില്ല. ഈയടുത്ത കാലത്ത് മാർക്സിസ്റ്റു പാർട്ടിയിൽ 14 ജില്ലാ സമ്മേളനങ്ങൾ നടന്നു. കഴിഞ്ഞ വർഷം ഡിസംബർ 26-ാം തീയതി നടന്ന സുനാമിക്കുശേഷം മാർക്സിസ്റ്റുപാർട്ടിയിൽ ഒരു സുനാമി ആഞ്ഞടിച്ചു. പ്രതികാരത്തിന്റെ രാക്ഷസത്തിരകൾ അടിച്ച് ഒരുപാട് തലകൾ താഴെ വീണു. യുവകേസരികളായ അബ്ദുള്ളക്കുട്ടിയേയും രാജേഷിനേയുമൊക്കെ തിരകളടിച്ച് തെറിപ്പിച്ചത് ഞങ്ങൾ കണ്ടു. ആ സമ്മേളനത്തെക്കുറിച്ച് വന്ന വാർത്തയുണ്ട്. ഇത് മലയാളമനോരമയല്ല, മാതൃഭൂമിയല്ല, കേരളകൗമുദിയാണ്. ജില്ലാ സമ്മേളനങ്ങളിൽ "സി.പി.എം. നേതൃത്വം പ്രതിക്കൂട്ടിൽ". ജനകീയ പ്രശ്നങ്ങൾക്കുവേണ്ടി പാർട്ടിക്ക് സമരം ചെയ്യാനാകാത്ത സ്ഥിതി എന്ന വിമർശനം. ജില്ലാ സമ്മേളനത്തിൽ നടന്ന ചർച്ചയാണ്. ചർച്ച ചെയ്തവരുടെ പേരുകളുണ്ട്. നിങ്ങൾക്ക് കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന ഏതെങ്കിലുമൊരു പ്രശ്നം ഉയർത്തിക്കൊണ്ടു ഇവിടെ ഒരു ശക്തമായ സമരം നടത്താൻ ഈ നാലു കൊല്ലത്തിനകം സാധിച്ചോ? നിങ്ങൾ എന്താണ് ചെയ്യുന്നത്? പെൺവാണിഭത്തിന്റെ ഇരുട്ടറകളിൽ ഭൂതക്കണ്ണാടിയുമായിട്ട് നടക്കുകയാണ് നിങ്ങൾ. എന്തിനാണ്? അതിനെതിരായി സമരം നടത്താൻ. ലൈംഗികതയോടാണ് നിങ്ങൾക്ക് താൽപ്പര്യം. പ്രത്യയശാസ്ത്രപരമായ ചർച്ചയല്ല ഇപ്പോൾ ജില്ലാ സമ്മേളനങ്ങളിൽ നടക്കുന്നത്. മാർക്സിസവും

LIBRARY ARCHIVES Kerala Legislative Assembly

ലെനിനിസവുമൊക്കെ പോയി. ഇപ്പോൾ, സൂര്യനെല്ലി അട്ടിമറിച്ചതാര്, വിതുര കേസ് അട്ടിമറിച്ചതാര്, ഐസ്ക്രീം കേസ് അട്ടിമറിച്ചതാര് എന്നതല്ലേ നിങ്ങളുടെ ചർച്ച. ഈ ചർച്ചകളിൽ മാർക്സിസ്റ്റുകാരാണ് പങ്കെടുക്കുന്നത്. ഈ ഗവൺമെന്റിനെ അടിക്കാൻ നിങ്ങൾ കൊണ്ടുവന്ന വടി നിങ്ങളുടെ പുറത്താണ് കൊണ്ടിരിക്കുന്നത്. അതറിയാമോ? രണ്ടു പോളിറ്റ്ബ്യൂറോ മെമ്പർമാർ തമ്മിൽ തർക്കമാണ്. എ. കെ. ജി. സെന്ററിൽ യോഗം കൂടിയതിനെക്കുറിച്ചാണ്. ആ യോഗങ്ങളെക്കുറിച്ച് പിണറായിയുടെ വെളിപ്പെടുത്തൽ അടിസ്ഥാനരഹിതമെന്ന് രേഖകൾ. വി. എസ്. അറിഞ്ഞുതന്നെ എന്ന് പിണറായി വിജയൻ. എന്തു കാര്യമാണ്? തൊഴിലാളിവർഗ്ഗത്തിന്റെ, അദ്ധ്വാനിക്കുന്നവരുടെ ജീവൽ പ്രശ്നങ്ങളെക്കുറിച്ചാണോ പോളിറ്റ്ബ്യൂറോ മെമ്പർമാർ തമ്മിലുള്ള തർക്കം? അല്ല. സംസ്ഥാനത്ത് നടന്ന പെൺവാണിഭങ്ങൾ അധാർമ്മികമാണ്, എതിർക്കപ്പെടേണ്ടതാണ്, തടയേണ്ടതാണ്. പക്ഷേ നിങ്ങളുടെ പ്രധാനപ്പെട്ട ജോലി എന്താണ്? രാവിലെ എഴുന്നേറ്റാൽ ഒരു ഭൂതക്കണ്ണാടിയും കൊണ്ടു നടക്കുകയാണ്. എന്താണ് നോക്കുന്നത്? എവിടെയെങ്കിലും പെൺവാണിഭമുണ്ടോ എന്ന് ഇരുട്ടറകളിലേയ്ക്ക് നോക്കുകയാണ്. അവസാനം എന്തു പറ്റി? ഇത്ര ഗതികെട്ട, ഉത്തരവാദിത്വമില്ലാത്ത ഒരു പ്രതിപക്ഷം ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? എങ്ങനെ നിങ്ങൾക്ക് ജനകീയ പ്രശ്നങ്ങൾ ഉയർത്തികൊണ്ടുവരാൻ സാധിക്കും? ഇന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി തികച്ചും ഒരു ആശയക്കുഴപ്പത്തിൽ ആയിരിക്കുന്നു. ആശയപരമായി തകർച്ചയുടെ വക്കിലാണ്.ആശയപരമായി ഒരു വ്യക്തതയുമില്ല. നിങ്ങളുടെ പാർട്ടിക്കകത്ത് വിഭാഗീയതയുണ്ടെന്ന് പത്രങ്ങൾ പറഞ്ഞാൽ നിങ്ങൾ ഉടനെ പത്രങ്ങളുടെ നേരെ ചാടിവീഴും. വിഭാഗീയതയില്ലേ? പിണറായി വിജയന്റെ ലേഖനത്തിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. അദ്ദേഹം മൂന്നു ദിവസം ലേഖനമെഴുതി. ഞങ്ങളാരും വായിക്കാനല്ല. ശ്രീ. അച്ചുതാനന്ദനും കൂട്ടരും വായിക്കാൻ എഴുതിയതാണ്. വായിച്ചുനോക്കിയാൽ അറിയാം. ശ്രീ. പിണറായി വിജയൻ പറഞ്ഞു, "ഈ പ്രയാണത്തിൽ ഒരു പ്രധാന പ്രതിബന്ധം പാർട്ടിയിൽ ഇടക്കാലത്തുണ്ടായ വിഭാഗീയ പ്രശ്നങ്ങളാണ്". അതുകഴിഞ്ഞ് പറയുന്നു, "എന്നാൽ 1998-ലെ പാലക്കാട് സമ്മേളനമായപ്പോഴേക്കും വിഭാഗീയത വീണ്ടും മൂർച്ഛിക്കുന്നതാണ് കണ്ടത്. അതിനാകട്ടെ കേവലം ഉപദേശം കൊണ്ടുമാത്രം കാര്യമില്ലെന്നു മനസ്സിലാക്കിയ നേതൃത്വ കമ്മിറ്റികൾ നടപടി എടുത്തു". വിഭാഗീയത യാതൊരു തരത്തിലും ഇല്ലെന്നാണ് നിങ്ങൾ പറഞ്ഞത്. തിരുവനന്തപുരം ജില്ലാ സമ്മേളനത്തിൽ ആറ്റിങ്ങൽ ഏരിയാ സെക്രട്ടറിയായിരുന്ന ജയറാമിന്റെ ഒരു പ്രസംഗമുണ്ട്. അത് നല്ല രസമാണ്. വർഗ്ഗീയതയ്ക്ക് ഒറ്റമൂലി ചികിൽസയോ! എന്നാണ്. അദ്ദേഹം ചോദിക്കുന്നത്. പാർട്ടിയിൽ വിഭാഗീയത അവസാനിപ്പിച്ചു എന്നു പറയുന്നത് നാടൻ ചാരായം കുടിച്ച് രോഗിക്ക് രോഗശാന്തി വരുത്തുന്നതിന് തുല്യം എന്നാണ് സി.പി.എം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആറ്റിങ്ങൽ ഏരിയാ സെക്രട്ടറി ജയറാമിന്റെ പ്രസ്താവന. ശരിയാണ്. അദ്ദേഹം പറയുന്നത്,. നമ്മുടെ നാട്ടിൽ ഒറ്റമൂലിയുണ്ട്. വയറുവേദന, ഗ്യാസ് തുടങ്ങിയ സർവ്വരോഗങ്ങൾക്കും ഉപയോഗിക്കുന്നതാണ് നാടൻ ചാരായം. കുടിക്കുന്ന സമയത്ത് അൽപ്പം ആശ്വാസം കിട്ടും. പക്ഷേ പിന്നീട് എന്തു പറ്റും? രോഗം മാറുമോ? രോഗി മുഴുക്കുടിയനായി മാറും. ഇതാണ് അദ്ദേഹത്തിന്റെ കണ്ടുപിടുത്തം. അവസാനിപ്പിച്ചു എന്നു പറയുന്ന വിഭാഗീയത ഇന്ന് നിങ്ങളുടെ പാർട്ടിയിൽ കൊടികുത്തി വാഴുകയാണ്. എന്താണ് ഈ വിഭാഗീയത? ഈ വിഭാഗീയതയുടെ ഫലമായി മാർക്സിസ്റ്റു പാർട്ടിയിൽ വന്നിട്ടുള്ള മാറ്റം എന്താണ്? മാധ്യമങ്ങളെ നിങ്ങൾ വളരെ കാര്യമായി ഭത്സിക്കുന്നു. എന്താണ് മാധ്യമങ്ങൾ എഴുതിയത്? കലാകൗമുദിയിൽ ലേഖനം വന്നു. "മലപ്പുറം വഴി പിണറായിയിലേയ്ക്ക്". നമ്മുടെ സ്നേഹിതൻ ശ്രീ. ബാലചന്ദ്രൻ എഴുതിയതാണ്. അദ്ദേഹം പറഞ്ഞത് എന്താണ്? "പണക്കാരിൽ നിന്ന് വൻതുകകൾ വാങ്ങി പാവപ്പെട്ടവരുടെ പാർട്ടിയെ പോറ്റുക എന്ന ആധുനിക ലൈനിലാണ് അദ്ദേഹം രൂപം നൽകിയത്. കാശുള്ള മലയാളികളുടെ ലിസ്റ്റ് അദ്ദേഹം തയ്യാറാക്കുന്നു". അതിൽ പറയുന്നു, "വെള്ളപ്പണമേത്? കള്ളപ്പണമുള്ളവരിൽ നിന്ന് വേർതിരിച്ച് കണക്കിലെടുക്കുന്നില്ല. കള്ളക്കടത്തുകാരുടേയും കള്ളക്കച്ചവടക്കാരുടേയും പേരുകൾ ലിസ്റ്റിലുണ്ട്. പണം പിരിക്കാൻ ആഭ്യന്തര-എക്സൈസ് വകുപ്പുകൾ ശ്രീ. പിണറായിക്ക് സഹായകമായി. മുഖ്യമന്ത്രി നായനാരുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന ശ്രീ. പി. ശശിയും എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ശിവദാസമേനോനും പ്രത്യേകിച്ച് പഠിപ്പിച്ച് കൊടുക്കേണ്ട കാര്യമില്ലല്ലോ?" കഴിഞ്ഞ കാലങ്ങളിൽ നടന്ന കാര്യങ്ങളാണ്. കലാകൗമുദി എഴുതിയതാണ്. "കറ കളഞ്ഞ കമ്യൂണിസ്റ്റ് വിരുദ്ധർ വർഷങ്ങളായി പണിതിട്ടും നടക്കാത്ത കാര്യം, ഇപ്പോഴത്തെ പാർട്ടി നേതൃത്വം നാലഞ്ചു വർഷം കൊണ്ട് നേടിയെടുത്തു." അതു കഴിഞ്ഞപ്പോൾ അടുത്ത സംഭവം. നമ്മുടെ ശ്രീ. പി. കരുണാകരന് സഹിച്ചില്ല. അദ്ദേഹം ദേശാഭിമാനിയിൽ എഴുതിയത് എന്താണ്? "മാധ്യമ ഗൂഢാലോചനയ്ക്കു പിന്നിൽ". ഇവിടെ പത്രങ്ങൾ കഴിഞ്ഞ കാലത്ത് യു.ഡി.എഫ്.-ലെ, കോൺഗ്രസ്സിലെ അന്ത:പുര സംഭവങ്ങളെയൊക്കെ വാർത്തകളാക്കി, വലിയ വലിയ സീരീസായിട്ടാണ് എഴുതിയത്. അപ്പോഴൊക്കെ നിങ്ങളുടെ സമീപനം എന്തായിരുന്നു? സത്യത്തിലേയ്ക്ക് വെളിച്ചം വീശുന്ന ധർമ്മപുത്രന്മാരായി നമ്മുടെ മാധ്യമപ്രവർത്തകരെ അവതരിപ്പിച്ചു. നിങ്ങൾ ഇപ്പോൾ പറഞ്ഞത് എന്താണ്? മാധ്യമങ്ങൾക്ക് പിന്നിൽ മൂലധന താൽപ്പര്യങ്ങൾ ഉണ്ട്. പല മാധ്യമ സ്ഥാപനങ്ങൾക്കും അതിന്റെ ഉടമസ്ഥന്മാർക്ക്, ആ സ്ഥാപനങ്ങൾ എന്ന നിലയിൽ ഉപവ്യവസായശാല ഉണ്ട്, അവർ സ്ഥാപിത താൽപ്പര്യക്കാരാണ്, തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന്റെ ഇടനാഴികളിൽ അധികാരദല്ലാളന്മാരായി നടക്കുന്ന പുതിയ തലമുറയ്ക്ക് പിണറായി വിജയനെ അറിയില്ല,—നമ്മുടെ മാധ്യമ പ്രവർത്തകരോടാണ് പറയുന്നത്. അവരെക്കുറിച്ച് ഇനിയൊന്നും പറയാനില്ല. ഞാൻ ഇത് മുഴുവൻ വായിക്കുന്നില്ല.

മാർക്സിസ്റ്റു പാർട്ടിയുടെ ജില്ലാസമ്മേളനത്തിൽ ശ്രീ. പിണറായി വിജയൻ, ഇത് ആരാണ് കൊടുക്കുന്നതെന്ന് എനിക്ക് അറിയാമെന്ന് വളരെ വ്യക്തമായി പറഞ്ഞു. അദ്ദേഹം പ്രസംഗിച്ചത് അതേപടി പത്രത്തിൽ വന്നു.

12.00 Noon]

കേരളകൗമുദിയിലും കലാകൗമുദിയിലും പാർട്ടിയെ സംബന്ധിച്ചുവരുന്ന വാർത്തകൾക്കു പിന്നിൽ ആരാണെന്ന് അറിയാമെന്നാണ് അദ്ദേഹം പറഞ്ഞത്. സ്റ്റേറ്റ് സെക്രട്ടേറിയറ്റിൽ നടക്കുന്ന കാര്യങ്ങൾവരെ വാർത്തയാകുന്നുണ്ട്, അതിനുപിന്നിൽ ആരാണെന്ന് കണ്ടുപിടിക്കും, അവരെ വെറുതെ വിടാൻ പറ്റില്ല, ഇതിനൊരു കമ്മീഷനെ വയ്ക്കുന്നതാണ് എന്നാണ് ശ്രീ. പിണറായി വിജയൻ പറഞ്ഞിരിക്കുന്നത്. ഒരു ജുഡീഷ്യൽ അന്വേഷണം വയ്ക്കൂ, വെറും കമ്മീഷനെ വയ്ക്കുന്നത് എന്തിനാണ്? പാർട്ടിയെ അലങ്കോലപ്പെടുത്താൻ വാർത്ത ചോർത്തിക്കൊടുക്കുന്ന പാർട്ടി വഞ്ചകനെ അദ്ദേഹം കുറ്റപ്പെടുത്തി. ഏതായാലും ആ വഞ്ചന നടത്തുന്നത് ഞങ്ങളാരുമല്ലല്ലോ. നിങ്ങളുടെ പാർട്ടി കമ്മിറ്റിയിൽ ഞങ്ങൾക്ക് പ്രവേശനമില്ലല്ലോ. വഞ്ചകൻ അപ്പുറത്തു തന്നെയാണല്ലോ. ഏതവസ്ഥയിൽ മാർക്സിസ്റ്റു പാർട്ടി എത്തിയെന്ന് ആലോചിക്കണം. ഇതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ ഇന്നത്തെ സ്ഥിതിവിശേഷം. ഇവിടെ പത്രങ്ങളായ പത്രങ്ങളൊക്കെ എഴുതുന്നു. ശ്രീ. പിണറായി വിജയനെക്കുറിച്ച് അങ്ങനെയാണ് പറയുന്നതെങ്കിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനെക്കുറിച്ച് പറയുന്നതെന്താണ്? സി.പി.എം.-ന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാന സെക്രട്ടറി ഇത്രയേറെ ആരോപണങ്ങൾക്ക് വിധേയനാകുന്നത്. മറുഭാഗത്ത് പാർട്ടിയുടെ രക്ഷകനെന്ന രൂപത്തിൽ നിൽക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനുനേരെ ഇതേ ആരോപണങ്ങൾ തന്നെയാണ് എതിർപക്ഷം ഉന്നയിക്കുന്നത്. വൈരനിര്യാതനം വ്രതമാക്കിയ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആരെയെങ്കിലും വെട്ടിവീഴ്ത്താൻ ശ്രമിച്ചാൽ അതിനുവേണ്ടി ഏതു പരിധിവരേയും പോകാൻ മടിക്കില്ല എന്നതാണ് മുഖ്യ ആരോപണം. ശ്രീ. പിണറായി വിജയന്റെ വിദേശയാത്രയെ വിമർശിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ കേരളത്തിലെ സർക്കാർ ആശുപത്രികളിൽ വിശ്വാസമില്ലാത്തതുകൊണ്ട് ഇംഗ്ലണ്ടിൽ പോയി ശസ്ത്രക്രിയ നടത്തിയ നേതാവാണ്. മുഖ്യമന്ത്രിമോഹം കാരണം തിരുവിതാംകൂറിൽ നിന്നും പാലക്കാടുപോയി മൽസരിക്കാൻ മുതിർന്ന നേതാവാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ. പാർട്ടിയിലെ നേതാക്കന്മാരുടെ ധൂർത്തിനെ വിമർശിക്കുന്ന വി.എസ്. തന്റെ ഗ്രൂപ്പിലെ നേതാവ് മലബാറിൽ വലിയ വീടുവച്ചതിനെ ന്യായീകരിച്ച് സുരക്ഷിതത്വത്തിന് വലിയ വീടല്ലേ വേണ്ടതെന്ന മറു ചോദ്യം ചോദിച്ചു. ശ്രീ. പിണറായി വിജയന്റെ മകളുടെ പഠന ചെലവിനെക്കുറിച്ചും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകനെക്കുറിച്ചും എതിരാളികൾ ആരോപണങ്ങൾ ഉന്നയിക്കുന്നുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ ആദ്യം ജോലിനോക്കിയിരുന്ന എയർലൈൻസിനെക്കുറിച്ച് ചില ആരോപണങ്ങളുണ്ടായിരുന്നു. അവിടെ നിന്നും ഐ.എച്ച്.ആർ.ഡി.ഇ. വഴി കയർഫെഡിന്റെ എം.ഡി.-യായ മകനെതിരെ ശ്രീ. കെ. പി. പി. നമ്പ്യാർ ഉന്നയിച്ച ആരോപണം ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ പലരും തൊടുത്തുനോക്കിയ ആയുധമാണ്. ഞങ്ങളുടെ പാർട്ടിയിലുമൊക്കെ അഭിപ്രായവ്യത്യാസമുണ്ട്. ഞങ്ങളുടെ പാർട്ടിയിലും ചില ചേരിതിരിവുകളുണ്ട്. പക്ഷേ അത് ഈ

LIBRARY ARCHIVES Kerala Legislative Assembly

അളവിനോളം എത്തുമോ? പാവപ്പെട്ടവന്റെ പാർട്ടിയിൽ ഇപ്പോൾ ആയുധങ്ങൾ ശേഖരിക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ എം.ഡി.-യായിരുന്ന സ്ഥാപനത്തിലെ കണക്കുകൾ പരിശോധിക്കാൻ ആളുകൾ പോകുന്നു, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ കുറേക്കാലം എയർലൈൻസിൽ വർക്ക് ചെയ്തിരുന്നു. അവിടെയുള്ള വിവരങ്ങൾ അന്വേഷിക്കാൻ ആളുകൾ പോകുന്നു. എന്തൊരു മറിമായം, ഇങ്ങനെയുണ്ടോ ഒരു പാർട്ടി? അവസാനം വധഭീഷണിവരെ വന്നിരിക്കുന്നു. എന്താണ്, ഏതാണെന്നൊന്നും ഞാൻ പറയുന്നില്ല, അത് മാർക്സിസ്റ്റ് നേതാക്കന്മാർക്കറിയാം. മാർക്സിസ്റ്റുപാർട്ടിയിലെ അത്യുന്നതനായ നേതാവിനെതിരെ വധഭീഷണി മുഴക്കുക, ഇത് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ഞങ്ങളുടെ പാർട്ടിയിൽ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ ഒന്ന് പിച്ചും, അല്ലെങ്കിൽ നുള്ളും, അതിനപ്പുറം ഒന്നുമില്ല. അവിടെ വധഭീഷണിയൊന്നുമില്ല.

ശ്രീ. നാലകത്തു സൂപ്പി: സർ, ബഹുമാനപ്പെട്ട എം. എം. ഹസ്സൻ പ്രസംഗിക്കുന്നു. പ്രതിപക്ഷ നിരയിൽ ഫ്രണ്ട് ബെഞ്ചിൽ ആരുമില്ല.

ശ്രീ. എം. എം. ഹസ്സൻ: അവർ ബിസിനസ് അഡ്വൈസറി കമ്മിറ്റിക്ക് പോയതാണ്. എന്റെ പ്രസംഗം ജനങ്ങൾക്ക് കേൾക്കാനുള്ളതാണ്. നമ്മുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? കഴിഞ്ഞ ദിവസം കണ്ണൂരിൽ നമ്മുടെ പ്രതിപക്ഷനേതാവ് പോയി. ഞാനും കഴിഞ്ഞദിവസം കണ്ണൂരിലുണ്ടായിരുന്നു. അദ്ദേഹം നമ്മുടെ ബെർലിൻ കുഞ്ഞനന്ദൻ നായരുടെ വീട്ടിൽ പോയി.. ജില്ലാ സെക്രട്ടറി അദ്ദേഹത്തെ കാണാൻപോലും പോയില്ല. ഇത് അവിടെയുള്ള പത്രങ്ങളിലെ വാർത്തയാണ്. ബെർലിൻ കുഞ്ഞനന്ദൻ നായരെ പാർട്ടി ജില്ലാ സമ്മേളനത്തിൽ നിന്ന് ഒഴിവാക്കി. മാർക്സിസ്റ്റു പാർട്ടിയുടെ കണ്ണൂർ ജില്ലാ സമ്മേളനത്തിൽ പ്രതിപക്ഷനേതാവിനെ ക്ഷണിച്ചില്ല. എറണാകുളം ജില്ലാ സമ്മേളനത്തിൽ സഖാവ് പിണറായി വിജയനേയും ക്ഷണിച്ചില്ല. അവിടെ ഇന്നലെ പത്രത്തിൽ വന്ന വാർത്തയെന്താണ്? കണ്ണൂരിലെ തെരഞ്ഞെടുപ്പിൽ പിണറായി ഗ്രൂപ്പിലെ മനോജിനെ തോൽപിച്ച് രാധാകൃഷ്ണൻ പാട്ടന്നൂർ ജയിച്ചിരിക്കുന്നു. അതാണ് പുതിയ വാർത്ത. ഇവിടെ തലശ്ശേരിയിൽ നടന്ന സമ്മേളനത്തിൽ പിണറായി ഗ്രൂപ്പിലെ കൂത്തുപറമ്പിൽ നിന്നുമുള്ള ഒരു പ്രതിനിധി എഴുന്നേറ്റ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഇനി പറയാൻ ബാക്കിയില്ല. ആരാണ് പറഞ്ഞത്? ശ്രീ. പി. ജെ. രാജൻ, ശ്രീ. പിണറായിയുടെ അനുയായികൾ ആരോ ആണ്. അദ്ദേഹത്തെക്കൊണ്ട് ശരിക്കും പറയിപ്പിച്ചു. പ്രതിപക്ഷനേതാവായ ശ്രീ. വി.എസ്. അച്ചുതാനന്ദൻ ഒരു പോളിറ്റ് ബ്യൂറോ മെമ്പറല്ലേ മി. ഗോവിന്ദൻ മാസ്റ്റർ? അദ്ദേഹം കണ്ണൂരിൽ വരുമ്പോൾ നിങ്ങൾ റെയിൽവേസ്റ്റേഷനിൽ പോയി സ്വീകരിക്കേണ്ടതല്ലേ? അദ്ദേഹം തിരിച്ചു പോകുന്നതുവരെ അദ്ദേഹത്തിന്റെ കൂടെ നിൽക്കണ്ടേ? നിങ്ങൾ ശ്രീ. പിണറായി വിജയന്റെ ആളാണെന്നുള്ളതുകൊണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പാരമ്പര്യം മറക്കാമോ? നിങ്ങൾ പോയില്ല. അപ്പോൾ ഈ നിലയിലേയ്ക്ക് പാർട്ടിയിൽ ഗ്രൂപ്പ് വഴക്കുകൾ എത്തിനിൽക്കുന്നുവെന്നുള്ളത് ശരിയല്ലേ? എന്നിട്ട് എന്താണ് പറഞ്ഞിരിക്കുന്നത്? ഇല്ലാത്ത പ്രശ്നങ്ങൾ പറഞ്ഞ് പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

പിടിക്കാൻ ശ്രമം, ആരാണ് പറഞ്ഞത്? ഏതായാലും മലപ്പുറത്തുവച്ച് കാണാമെന്നാണല്ലോ ശ്രീ. പിണറായി വിജയൻ പറഞ്ഞിരിക്കുന്നത്? മലപ്പുറത്ത് നടക്കാൻ പോകുന്നത് തിരുനാവായ കടപ്പുറത്ത് മാമാങ്കം നടക്കുന്നതുപോലെ മറ്റൊരു മാമാങ്കമായിരിക്കും. വർഷാവർഷം എത്രയോ ചാവേറുകൾ ജീവിതം ഹോമിക്കുന്നതുകണ്ട തിരുനാവായ കടപ്പുറത്തിനു സമീപമുള്ള മലപ്പുറത്ത് ആരൊക്കെയാണ് ചാവേറുകളാകാൻ പോകുന്നതെന്നുള്ളത് കണ്ടറിയാം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വമുള്ള പ്രതിപക്ഷത്തിന്റെ ചുമതല നിങ്ങൾക്ക് ഈ നാലുവർഷംകൊണ്ട് നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല. നാട്ടുകാർ ശ്രദ്ധിക്കുന്നത് എന്താണെന്നറിയാമോ? ഇവർക്ക് ഭരണമില്ലല്ലോ, ഇവർ പ്രതിപക്ഷത്തല്ലേ, ഇപ്പോൾ ഇതാണ് സ്ഥിതിയെങ്കിൽ ഇവർ ഭരണത്തിൽ വന്നാലെന്തായിരിക്കും സ്ഥിതി? ജനങ്ങളെക്കൊണ്ട് ഇത്തരത്തിൽ ചോദ്യം ചോദിപ്പിക്കുന്ന അവസ്ഥയിലേയ്ക്ക് നിങ്ങളുടെ വിഭാഗീയത, നിങ്ങളുടെ ചേരിതിരിവ്, നിങ്ങൾ തമ്മിലുള്ള സ്പർദ്ധ വളർന്നിരിക്കുന്നു. വൈരുദ്ധ്യാത്മക ഭൗതികവാദം ഇപ്പോൾ അക്ഷരാർത്ഥത്തിൽ ശരിയായല്ലോ. വാസ്തവത്തിൽ ഇപ്പോൾ പരസ്പരമുള്ള നിങ്ങളുടെ വൈരുദ്ധ്യം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ചരിത്രത്തിൽ കേട്ടിട്ടുള്ളതാണോ? അവരുടെ സമ്മേളനത്തിൽ നടക്കുന്ന വാർത്തകൾ അതേപടി എല്ലാ പത്രങ്ങളിലും വരികയാണ്. കഴിഞ്ഞ സ്റ്റേറ്റ് കമ്മിറ്റിയിൽ അവസാനദിവസം ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ വികാരഭരിതനായി സംസാരിച്ചു എന്നാണ് കേൾക്കുന്നത്. ഞങ്ങൾ എങ്ങനെയാണ് ഇതറിയുന്നത് എന്നല്ലേ? പത്രത്തിൽ വരുന്നതുകൊണ്ടാണ് ഞങ്ങൾ അറിയുന്നത്. പത്രങ്ങളുമായി വന്ന് ഞങ്ങളുടെ മുഖത്തുനോക്കി ശ്രീ. എ. കെ. ആന്റണി ഇങ്ങനെ പറഞ്ഞില്ലേ, ശ്രീ. കെ. കരുണാകരൻ ഇങ്ങനെ പറഞ്ഞില്ലേ എന്ന് നിങ്ങൾ എത്ര കൊല്ലമായി ചോദിക്കുകയാണ്. അപ്പോൾ ഈ പത്രവാർത്തകൾ നിങ്ങൾ അവലംബമാക്കുമ്പോൾ ഞങ്ങൾ കണ്ടില്ലെന്ന് നടിക്കണോ? പത്രത്തിൽ വരുന്നതെല്ലാം തെറ്റാണെന്ന് ആരെങ്കിലും പറഞ്ഞോ? ഞാൻ ചോദിക്കട്ടേ, നിങ്ങൾക്ക് ഒരു സെൻട്രൽ കമ്മിറ്റിയുണ്ടല്ലോ. ആ സെൻട്രൽ കമ്മിറ്റിയിൽ കേരളത്തിൽ നിന്നുമുള്ള ഒരു പ്രമാണിയുണ്ടല്ലോ, എസ്.ആർ.പി. ഈ സമ്മേളനങ്ങളിലൊന്നും അദ്ദേഹത്തെ കണ്ടില്ലല്ലോ. എവിടെയാണ് സെൻട്രൽ കമ്മിറ്റി? ആരുടെകൂടെയാണ് സെൻട്രൽ കമ്മിറ്റി? മുമ്പ് ഞങ്ങളോട് നിങ്ങളുടെ ഹൈക്കമാൻഡ് എവിടെപ്പോയിയെന്ന് നിങ്ങൾ ചോദിക്കുമായിരുന്നല്ലോ? എവിടെപ്പോയി നിങ്ങളുടെ സെൻട്രൽ കമ്മിറ്റി? എസ്.ആർ.പി.-യെ അവിടെയെങ്ങും കണ്ടില്ലല്ലോ. അവർ തമ്മിൽ അടിക്കുമ്പോൾ സെൻട്രൽ കമ്മിറ്റി വരാമെന്നാണോ? വളരെയധികം ചോര മലപ്പുറത്ത് വീഴുമ്പോൾ സെൻട്രൽ കമ്മിറ്റി ഇടപെടുമെന്നാണോ നിങ്ങൾ പറയുന്നത്? ഈ സംസ്ഥാനത്തെ ജനങ്ങൾ നിങ്ങളെ നോക്കുകയാണ്. സംസ്ഥാനത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്തു നടക്കുന്ന ഈ വിഭാഗീയത കാരണം ഒരു പ്രതിപക്ഷത്തിന്റെ ഉത്തരവാദത്തോടുകൂടി ജനകീയ പ്രശ്നങ്ങളെ ഉയർത്തിക്കൊണ്ടുവന്ന് ഈ സംസ്ഥാനത്തിന് എന്തെങ്കിലും പ്രതിപക്ഷ ത്തിന്റേതായ സംഭാവന നൽകാനുള്ള അവസരം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. അവരാണ് നയമില്ല, പരിപാടിയില്ല, ഈ ഗവൺമെന്റിന് ലക്ഷ്യബോധമില്ല, ആശയവ്യക്തതയില്ല എന്നെല്ലാം ആക്ഷേപിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നിട്ട് നാലു വർഷമായി. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഭരണത്തിന്റെ ശക്തമായ ചുവടുവയ്പുകൾ പിൻതുടർന്നുകൊണ്ടു തന്നെയാണ് ശ്രീ. ഉമ്മൻചാണ്ടിയും മുന്നോട്ടു പോകുന്നത്. നിങ്ങൾ തകർത്തു തരിപ്പണമാക്കിയ ഈ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തിയത് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വമാണ്. ആ കാര്യത്തിൽ ഒരു തർക്കവും വേണ്ട.....................(ബഹളം).....................വന്നതും പോയതുമൊന്നും രാഷ്ട്രീയത്തിൽ ഒരു പ്രശ്നമല്ല. നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? ഒരു പുഴുക്കുത്തേറ്റ പഴംപോലെയാണ്. പൂവമ്പഴം കാണാൻ നല്ല ഭംഗിയാണ്. മാർക്സിസ്റ്റ് പാർട്ടിയെ കാണുമ്പോൾ പൂവമ്പഴം പോലെ ഭംഗിയുണ്ടെങ്കിലും ഒരു പുഴുക്കുത്തേറ്റ പഴമാണ് ശ്രീ. മത്തായി ചാക്കോ നിങ്ങളുടെ പാർട്ടി. അതു പഴുത്തിട്ടു പുഴുത്തതോ അതോ പുഴുത്തിട്ടു പഴുത്തതാണോ എന്നു മലപ്പുറത്തു വച്ചു തൊലിച്ചു നോക്കിയിട്ടു പറയാം. ആ അവസ്ഥയിൽ കിടക്കുകയാണ് നിങ്ങൾ. ഇവിടെ ഇപ്പോൾ പ്രതിപക്ഷനേതാവില്ല. പുരാണത്തിലെ യദുവംശത്തെക്കുറിച്ചു നിങ്ങൾ വായിച്ചിട്ടുണ്ടല്ലോ? ശ്രീകൃഷ്ണൻ ജനിച്ച വംശമാണ്. ഭാരത യുദ്ധത്തിനുശേഷം 36 കൊല്ലക്കാലം മാത്രമേ അതു നിലനിന്നുള്ളൂ. പരസ്പരം തമ്മിലടിച്ചു തകർന്ന യദുകുലത്തിന്റെ അവസ്ഥയിലേയ്ക്കു നിങ്ങൾ എത്താൻ പോകുകയാണ്. നമ്മുടെ വിശ്വാമിത്രനും കണ്വമാമുനിയും നാരദനുമൊക്കെ പോയപ്പോൾ— ശ്രീ. പിരപ്പൻകോട് മുരളിക്ക് കാര്യങ്ങൾ അറിയാം—...................... (ബഹളം)....................സാംബൻ എന്നയാൾ ഗർഭം വച്ചു കെട്ടി അവസാനം ഇരുമ്പുലക്കയെ പ്രസവിച്ച കാര്യം. ഇരുമ്പുലക്ക രാകി കടലിൽ കൊണ്ടു ചെന്ന് എറിയുകയും അവസാനം അതു ദർഭപ്പുല്ലായി വളർന്ന്, ആ ദർഭ പുല്ലുകൊണ്ട് തമ്മിലടിച്ച് യദുകുലം നശിച്ചതുപോലെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി നശിക്കാൻ പോകുകയാണ്. ഗാന്ധാരിയുടെ ശാപം ഇവിടെ ഫലവത്തായിത്തീരുന്നു. ഉള്ളറിഞ്ഞ് ആരെയെങ്കിലും ശപിച്ചാൽ അതു ഫലിക്കുമെന്നുള്ളതിന്റെ തെളിവല്ലേ യദുകുലത്തിന്റെ നാശം. ഇവിടെ പ്രതിപക്ഷ നേതാവുണ്ടായിരുന്നെങ്കിൽ, മഹാകവി വള്ളത്തോളിന്റെ രണ്ടു വരി കവിത അദ്ദേഹത്തെ പാടി കേൾപ്പിക്കാമായിരുന്നു. വള്ളത്തോൾ പാടിയത് ഇങ്ങനെയാണ്.

"ആറ്റിലേയ്ക്ക് അച്ചുതാ ചാടല്ലേ ചാടല്ലേ
കാട്ടിലെ പൊയ്കയിൽ പോയി നീന്താം."

കാളിയമർദ്ദനത്തിനു മുമ്പാണ് പറഞ്ഞതെന്ന് ഓർക്കണം.

ശ്രീ. പിരപ്പൻകോട് മുരളി: കാളിയമർദ്ദനത്തിനുശേഷം എന്താണ് സംഭവിച്ചത് എന്നു ഞാൻ പറയണോ? അതായിരിക്കും ഇവിടെയും സംഭവിക്കുക.

ശ്രീ. എം. എം. ഹസ്സൻ: സർ,.....................(ബഹളം).....................അതെനിക്കറിയാം. ശ്രീ. പിണറായി വിജയന്റെ മകനെ സ്പെഷ്യലായി ഇറക്കുമായിരിക്കും അച്ചുതൻ കാളിയന്റെ പുറത്തു കയറി വിഷം ചീറ്റിച്ച്......................പക്ഷേ ഞാൻ വള്ളത്തോൾ പാടിയതുപോലെ അച്ചുതാനന്ദനോടു പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

'ആറ്റിലേയ്ക്ക് അച്ചുതാനന്ദാ ചാടല്ലേ, ചാടല്ലേ.
കാട്ടിലെ പൊയ്കയിൽ പോയി നീന്താം.'

മാർക്സിസ്റ്റ് പാർട്ടി തകരണമെന്ന ആഗ്രഹം ഞങ്ങൾക്കില്ല. പക്ഷേ നിങ്ങൾ സ്വയം നശിച്ചുകൊണ്ടിരിക്കുകയാണ്. യദുകുലത്തിനുണ്ടായതുപോലെ ഒരു ശാപം നിങ്ങൾക്കുമുണ്ട്. ആരുടെ ശാപമാണ്? സാക്ഷാൽ കാറൽ മാർക്സിന്റെ ശാപം. മനുഷ്യ സ്നേഹത്തിൽ അധിഷ്ഠിതമാണ് മാർക്സിസം. മനുഷ്യ സ്നേഹത്തിൽ നിന്നും നിങ്ങൾ വേർപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന് ഊടും പാവും നെയ്ത കാറൽ മാർക്സിന്റെ ശാപമാണ് നിങ്ങളെ പിൻതുടരുന്നത്. നമ്മുടെ പ്രതിപക്ഷനേതാവിനെ ചിലരൊക്കെ അഭിനവ സ്റ്റാലിൻ എന്നു വിശേഷിപ്പിക്കാറുണ്ട്. പക്ഷേ അദ്ദേഹം അഭിനവ ഗോർബച്ചേവ് ആയി മാറുമോ എന്നാണ് ഞങ്ങൾക്കു സംശയം. ഈ അവസ്ഥയിൽ മാർക്സിസ്റ്റു പാർട്ടിക്ക് എങ്ങനെ സംസ്ഥാനത്തെ ജനങ്ങളെ നയിക്കാൻ കഴിയും? എങ്ങനെ ഭരിക്കാൻ കഴിയും? അതുകൊണ്ട് ജനങ്ങളുടെ മുമ്പിൽ ഐക്യജനാധിപത്യമുന്നണി നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് ഞങ്ങൾ മുന്നേറും. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു, പഞ്ചായത്തു തെരഞ്ഞെടുപ്പിനെക്കുറിച്ച് ഗവർണ്ണർ ഒന്നും പറഞ്ഞില്ല എന്ന്. ഗവർണ്ണർ ഇവിടെ അവതരിപ്പിച്ചത് പഞ്ചായത്തിന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രികയല്ല. നയപ്രഖ്യാപന പ്രസംഗമാണ്. പഞ്ചായത്തു തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും തമ്മിൽ അടിക്കുന്ന, വിഭാഗീയത കൊണ്ടും വിധ്വംസക പ്രവർത്തനങ്ങൾ കൊണ്ടും തകർന്ന നിങ്ങളെ തള്ളുകയും ഐക്യജനാധിപത്യ മുന്നണിയെ ജനങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുകയും ചെയ്യുമെന്നുള്ളതാണ്, ഗവർണ്ണറുടെ ഈ നയ പ്രഖ്യാപന പ്രസംഗത്തിന്റെ പ്രത്യേകത എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മി. ചെയർമാൻ (ശ്രീ. പി. കെ. കെ. ബാവ): സർവ്വശ്രീ പി. എസ്. സുപാൽ, ബിനോയ് വിശ്വം, മാങ്കോട് രാധാകൃഷ്ണൻ, പി. നാരായണൻ, എൻ. രാജൻ, കെ. പി. മോഹനൻ, എ. സി. മൊയ്തീൻ, പി. സി. ജോർജ്, കെ. പി. സതീശ് ചന്ദ്രൻ, സാജുപോൾ, മത്തായി ചാക്കോ, വി. കെ. സി. മമ്മത്കോയ, കെ. കെ. ജയചന്ദ്രൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, വി. ചെന്താമരാക്ഷൻ, ടി. കെ. ബാലൻ എന്നീ അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപറയുന്നത് കൂട്ടിച്ചർക്കുക.—

"എന്നാൽ സംസ്ഥാനത്ത് വളർന്നുവരുന്ന ഗുണ്ടാമാഫിയ സംഘങ്ങൾ, സദാചാര വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങൾ, തുടങ്ങിയവയെ അമർച്ച ചെയ്യുന്നതിനെക്കുറിച്ചും ക്രമസമാധാനം കാത്തുസൂക്ഷിക്കുന്നതിനെക്കുറിച്ചും സ്വൈര ജീവിതം ഉറപ്പുവരുത്തുന്നതിനെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുകും ചെയ്യുന്നു".

2/955/2012—17

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:—

"എന്നാൽ സംസ്ഥാനത്തുണ്ടായിരിക്കുന്ന ലോട്ടറി ടിക്കറ്റ് വിൽപന വിവാദങ്ങളെ സംബന്ധിച്ചും കേരള ഭാഗ്യക്കുറിയുടെ നിരോധനംമൂലം തൊഴിൽരഹിതരായവരുടെ പുനരധിവാസത്തെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു".

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

"എന്നാൽ പാവപ്പെട്ടവർക്ക് വിദഗ്ദ്ധ ചികിത്സയും മരുന്നും സൗജന്യമായി ലഭ്യമാക്കുന്നതിനെക്കുറിച്ചും, ഗ്രാമീണ മേഖലയിൽ വിദഗ്ദ്ധ ഭിഷഗ്വരൻമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. നാരായണൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.—

"എന്നാൽ സുനാമി ദുരന്തത്തെ തുടർന്ന് തൊഴിൽ രഹിതരായ മത്സ്യബന്ധന-വിപണനമേഖലയിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൻ. രാജൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

"എന്നാൽ സംസ്ഥാനത്ത് പ്രഖ്യാപിച്ച നൂറുദിന പരിപാടി പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു കാണാത്തതിൽ ഖേദിക്കുന്നു"

ശ്രീ. കെ. പി. മോഹനൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

"എന്നാൽ സർക്കാർ ജീവനക്കാർക്ക് നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും ശമ്പള പരിഷ്ക്കരണം ഉടൻ നടപ്പാക്കുന്നതിനും ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു.".

ശ്രീ. എ. സി. മൊയ്തീൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.—

"എന്നാൽ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന കസ്റ്റഡി-ലോക്കപ്പു മരണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് നയപ്രഖ്യാപനത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

"എന്നാൽ പാട്ടക്കുടിശ്ശിക ഇനത്തിൽ കോടിക്കണക്കിനു രൂപ ഇളവു നൽകി, വൻകിട ക്ലബുകളേയും വ്യക്തികളെയും സഹായിക്കുന്നതായി പറയപ്പെടുന്ന സർക്കാർ നടപടി സംബന്ധിച്ച യാതൊരു പരാമർശവും പ്രസംഗത്തിൽ ഇല്ലാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു".

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

"എന്നാൽ സംസ്ഥാനത്തെ വനമേഖലയിൽനിന്നും, അനധികൃതമായി വിലപിടിപ്പുള്ള വൻമരങ്ങൾ മുറിച്ചു കടത്തുന്നതു തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. സാജുപോൾ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.—

"എന്നാൽ ഓൺലൈൻ ലോട്ടറി കച്ചവടക്കാരിൽനിന്നും ഈടാക്കാനുള്ള കോടിക്കണക്കിനു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള യാതൊരു നിർദ്ദേശവും പ്രസംഗത്തിൽ സൂചിപ്പിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. മത്തായി ചാക്കോ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.—

"എന്നാൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിഷനും ഫീസും സംബന്ധിച്ചുള്ള അവ്യക്തത നീക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുകയും ചെയ്യുന്നു".

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

"എന്നാൽ സംസ്ഥാനത്ത് ബ്ലേഡുമാഫിയ സംഘങ്ങളും അവരുടെ ഗുണ്ടകളും വർദ്ധിച്ചുവരുന്ന സാഹചര്യം അവസാനിപ്പിക്കാനുള്ള യാതൊരു നിർദ്ദേശവും പ്രസംഗത്തിൽ ഇല്ലാത്തതിനാൽ ഖേദിക്കുകയും ചെയ്യുന്നു.".

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:-

"എന്നാൽ സംസ്ഥാനത്തെ പുറമ്പോക്കുഭൂമിയും വനം, കുളം, തടാകം, കടൽതീരം മുതലായവയിലെ കൈയ്യേറ്റം പ്രോൽസാഹിപ്പിക്കുകയും, കയ്യേറ്റക്കാരെ സംരക്ഷിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്നതിനെപ്പറ്റി നയപ്രഖ്യാപനത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദി പ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.—

"എന്നാൽ വിദ്യാഭ്യാസമേഖലയിൽ സംജാതമായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള യാതൊരു നിർദ്ദേശവും പ്രസംഗത്തിൽ ഉൾപ്പെടുത്താത്തിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദി പ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.—

"എന്നാൽ ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമി പതിച്ചു നൽകാനുള്ള നടപടിയെക്കുറിച്ച് നയപ്രഖ്യാപനത്തിൽ സൂചിപ്പിക്കാത്തിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. ടി. കെ. ബാലൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദി പ്രമേയത്തിന്റെ അവസാനം താഴെ പറയുന്നത് കൂട്ടിച്ചേർക്കുക.—

"എന്നാൽ തൊഴിലില്ലായ്മ പരിഹരിക്കാനാവശ്യമായ യാതൊരു പരാമർശവും നയപ്രഖ്യാപനത്തിൽ നടത്താത്തിൽ ഖേദിക്കുകയും ചെയ്യുന്നു."

ശ്രീ. എം. വി. ജയരാജൻ: ഞങ്ങളെ ഈ രേഖയിൽനിന്നു തന്നെ മാറ്റുകയാണോ? ഒന്നുകിൽ ഈ വായന തന്നെ മാറ്റണം.

മി. ചെയർമാൻ: ഇവിടെ മൂവ് ചെയ്തതിനു സമാനമായിട്ടുള്ള ഭേദഗതികൾ ആയതു കൊണ്ടാണ് പ്രത്യേകം വിളിക്കാതിരുന്നത്.

ശ്രീ. ബിനോയ് വിശ്വം: സർ, എന്റെ മാന്യ സുഹൃത്ത് ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഗവർണ്ണർ ഇവിടെ ചെയ്ത നയപ്രഖ്യാപനത്തിനുള്ള നന്ദി എന്നാണ് അദ്ദേഹം തുടക്കത്തിൽ വായിച്ചതെങ്കിൽപ്പോലും അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ 85 ശതമാനം ഭാഗവും പത്രങ്ങൾ വായിക്കാൻ വേണ്ടിയാണ് ഉപയോഗപ്പെടുത്തിയത്. ചില ടി.വി. ചാനലുകളിൽ ഇന്നത്തെ പത്രങ്ങൾ എന്നൊരു പംക്തിയുണ്ട്. പ്രതിദിന പത്രങ്ങൾ വായിച്ച് അതിനെപ്പറ്റി പറയുന്നു. ശ്രീ. എം. എം. ഹസ്സൻ ഇവിടെ ചെയ്തത് മൂന്നു മാസത്തെ പത്രങ്ങൾ എന്നൊരു പംക്തി സഭയിൽ ആരംഭിക്കുകയായിരുന്നു. മലയാള മനോരമ, കേരള കൗമുദി, ദേശാഭിമാനി, മാതൃഭൂമി, മംഗളം, തനിനിറം, ദീപിക തുടങ്ങിയ പത്രങ്ങളിൽ മൂന്നു മാസങ്ങളായി വന്ന വാർത്തകൾ വായിച്ചു നടത്തിയ പ്രസംഗം. വാസ്തവത്തിൽ ഗവർണ്ണർ ചെയ്ത പ്രസംഗത്തിന്റെ ഉള്ളടക്കത്തെപ്പറ്റിയോ സർക്കാർ നയങ്ങളെപ്പറ്റിയോ യാതൊന്നും പറയാൻ അദ്ദേഹം തയ്യാറായില്ല എന്ന് ആ പ്രസംഗം കേട്ട എല്ലാവർക്കും ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുകയാണ്. ഞാൻ അതാവർത്തിക്കുന്നില്ല. കേരളാ ഗവർണ്ണർ ആർ.എൽ. ഭാട്ടിയ പരിണതപ്രജ്ഞനായ രാഷ്ട്രീയ നേതാവായിരുന്നു. അദ്ദേഹത്തിന്റെ പാരമ്പര്യത്തെപ്പറ്റി ആദരവോടെ മനസ്സിലാക്കിയ ഒരു സഭാംഗമാണ് ഞാൻ. അദ്ദേഹത്തെക്കൊണ്ട് ഇവിടെ സർക്കാർ ചെയ്യിപ്പിച്ച ആ പ്രസംഗം കേട്ടപ്പോൾ സത്യത്തിൽ ദുഃഖം തോന്നിപ്പോയി. ആ ദുഃഖം

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്നുകൊണ്ടുമല്ല. കഴിഞ്ഞ നാലു തവണയും ഗവർണ്ണർമാരെക്കൊണ്ട് ഇവിടെ യു.ഡി.എഫ്. ചെയ്യിപ്പിച്ച പ്രസംഗത്തിന്റെ തനി ആവർത്തനമായി ഈ പ്രസംഗവും പരിണമിച്ചു എന്നുപറയുവാൻ ഞാൻ നിർബന്ധിതനാണ്. പഴയ ഒരു സിനിമാ പാട്ടുണ്ട്.

"കാളിദാസൻ മരിച്ചു,
കണ്വമാമുനി മരിച്ചു,
അനസൂയ മരിച്ചു,
പ്രിയംവദ മരിച്ചു,
ശകുന്തള മാത്രം മരിച്ചില്ല."

ഇവിടെ ഇപ്പോൾ കണ്ടത്, ഗവർണ്ണർ മാറി, മുഖ്യമന്ത്രി മാറി, മന്ത്രിമാർ മാറി, ഐ.ടി. അടക്കം വകുപ്പുകൾ പിടിച്ചെടുത്തു. ഇതെല്ലാം ഉണ്ടെങ്കിലും പ്രസംഗം മാത്രം മാറിയില്ല. കഴിഞ്ഞ നാലു വർഷവും യു.ഡി.എഫ്. ചെയ്യിപ്പിച്ച അതേ പ്രസംഗം, ഗവർണ്ണറെക്കൊണ്ട് തത്തമ്മാ പൂച്ച പൂച്ച..........എന്നു പറയിപ്പിച്ചതുപോലെ പറയിപ്പിച്ച ആ പാഴ്‌വേല എന്തിനാണ് ശ്രീ. ആർ. എൽ. ഭാട്ടിയയെക്കൊണ്ട് ആവർത്തിപ്പിച്ചത് എന്ന് എനിക്കു മനസ്സിലാകുന്നില്ല. കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിന് യാതൊരുവിധ നയവുമില്ല, പരിപാടിയുമില്ല. അവർ കേരളത്തോടു പൊറുക്കാനാവാത്ത ദ്രോഹം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ദ്രോഹത്തിന്റെ, പാതകത്തിന്റെ, നെറികേടിന്റെ, വഞ്ചനയുടെയെല്ലാം ശിക്ഷ ഏറ്റു വാങ്ങാൻ നിർബന്ധിതമായ ഒരു ഗവൺമെന്റ്, ആ നിസ്സഹായാവസ്ഥയിൽ ഗവർണ്ണറെക്കൊണ്ട് ഇവിടെ എന്തെല്ലാമോ പറയിപ്പിച്ചു.

യാതൊരു ഫലവും ചെയ്യാത്ത ഒരു പ്രഖ്യാപനമായി അത് നശിച്ചുപോയി. നയപ്രഖ്യാപനമെന്നു പറയുന്ന ഈ പ്രസംഗം വാസ്തവത്തിൽ മന്ത്രിമാർ എഴുതിക്കൊടുത്ത അവരുടെ പ്രവർത്തനത്തിന്റെ ഭാവിയിലെ സ്വപ്നങ്ങൾ ഇങ്ങനെ അവതരിപ്പിച്ചു പോകുന്നു എന്നുമാത്രം. "സ്വപ്ന ലോകത്തെ ബാലഭാസ്ക്കർ" എന്ന സിനിമ പോലെയാണ്. മന്ത്രിമാർ ഇപ്പോൾ അവരുടെ ഭരണത്തിന്റെ fag end-ലാണ്. ഇനി കഷ്ടിച്ച് ഒന്നരക്കൊല്ലമേ ബാക്കിയുള്ളു. ആ അവസാന കാലഘട്ടത്തിൽ, മൂന്നര–മൂന്നേമുക്കാൽ കൊല്ലം കൊണ്ട് നടത്താൻ കഴിയാതെപോയ കാര്യങ്ങൾ ഈ അവശേഷിക്കുന്ന ഒന്നരക്കൊല്ലം കൊണ്ട് പരിഹരിക്കാൻ സാധിച്ചേക്കുമെന്ന സ്വപ്നസദൃശ്യമായ വ്യാമോഹത്താൽ എഴുതിക്കൊടുത്ത കാര്യങ്ങളെല്ലാം ഗവർണ്ണറെക്കൊണ്ട് ആവർത്തിച്ച് പറയിച്ചിരിക്കുന്നു. അതിനുമപ്പുറത്ത് ഗവൺമെന്റിന്റെ പോളിസി ഓറിയന്റേഷൻ എന്താണെന്ന് ഈ പ്രസംഗത്തിൽ അശേഷം വ്യക്തമാകുന്നില്ല. ഈ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് സുനാമിയെക്കുറിച്ച് പറയുന്നുണ്ട്. ഞാൻ അതിനെപ്പറ്റി ഒരു വാക്ക് പറയുവാൻ ആഗ്രഹിക്കുകയാണ്. കേരളം മാത്രമല്ല സ്നേഹമുള്ള മനുഷ്യർ എവിടെയെല്ലാമുണ്ടോ അവരുടെയെല്ലാം മനസ്സിലെ നടുക്കം ഇപ്പോഴും മാറിയിട്ടില്ല. എനിക്ക് ഒരു വിമർശനമുണ്ട്. നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നു തമിഴ്നാട് തീരങ്ങളിൽ ആദ്യമായി വീശിയടിച്ച കൊലയാളി തിരകൾ സംസ്ഥാനത്ത് എത്തുന്നതിന് നാല് മണിക്കൂറോളം സമയമെടുത്തു എന്ന്. നാല് മണിക്കൂറോളം സമയമെടുത്ത ഒരു കൊലയാളി തിരമാല എന്നു പറയുന്ന ആ പ്രയോഗം ശരിയാണ്. അത് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

എത്തിയപ്പോൾ ഉണ്ടായ ദുരന്തത്തെക്കുറിച്ചും ശ്രീ. ആർ. എൽ. ഭാട്ടിയ പറയുന്നുണ്ട്. ഈ നാല് മണിക്കൂർ എന്നു പറയുന്നത് നിസ്സാര കാലയളവാണോ? ശാസ്ത്രവും ടെക്നോളജിയുമെല്ലാം വികാസം പ്രാപിച്ച ഈ കാലത്ത് കേരളത്തിന് തൊട്ടടുത്ത് കിടക്കുന്ന തമിഴ്നാട് അതിർത്തിയിലുണ്ടായ കൊലയാളി തിരയുടെ വ്യാപ്തിയും രൂക്ഷതയും സംഹാരശേഷിയുമെല്ലാം വ്യക്തമായിരിക്കെ വാസ്തവത്തിൽ നമുക്ക് ഇത്രയും വ്യാപകമായ നഷ്ടങ്ങൾ ഒഴിവാക്കാൻ ശ്രമിച്ചാൽ കഴിയുമായിരുന്നില്ലേ? എന്തേ ആ ശ്രമമുണ്ടായില്ല? ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടായിരുന്നുവെങ്കിൽ, ആ പേരിനോട് ലവലേശം കൂറോ നീതിയോ ഉണ്ടായിരുന്നെങ്കിൽ ആ നാല് മണിക്കൂർ എന്നുപറയുന്ന സമയം തീർച്ചയായിട്ടും മതിയായ സമയമാണ്. പക്ഷെ ഗവൺമെന്റ് യാതൊന്നും ചെയ്തില്ല. ഗവൺമെന്റിന്റെ പക്കൽ എന്തെല്ലാം ഏജൻസികളുണ്ട്. ഇവിടെ Remote Sensing Agency ഉണ്ട്. Centre for Earth Science Studies ഉണ്ട്, കാലാവസ്ഥാ നിരീക്ഷണകേന്ദ്രമുണ്ട്. ഭൂമിയിലേയ്ക്ക് കണ്ണുംനട്ടിരിക്കുന്ന ആകാശത്ത് താവളങ്ങളുള്ള ഉപഗ്രഹങ്ങളുണ്ട്. അതെല്ലാമുള്ള ഗവൺമെന്റ്, അതുപോലെ പോലീസും മറ്റ് സംവിധാനങ്ങളുമെല്ലാമുള്ളപ്പോൾ അതെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് നമുക്കുണ്ടായ നാശമൊഴിവാക്കാൻ യാതൊന്നും ചെയ്യാത്തതിനെപ്പറ്റി ഈ നാട്ടിനുള്ള വിമർശനം ഞാൻ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ഞാൻ ഒരു കാര്യം കൂടി പറയട്ടെ, കേരളത്തിലെ ഗവൺമെന്റ് അടക്കമുള്ള, എല്ലാ ഗവൺമെന്റുകൾക്കും ബാധകമായിട്ടുള്ള ചില നിർദ്ദേശങ്ങളില്ലേ? 11-ാം ധനകാര്യ കമ്മീഷൻ ഇതുപോലുള്ള നാച്വറൽ കലാമിറ്റീസ് ഉണ്ടാകുന്നതിനെ മുൻകൂട്ടി കണ്ടുകൊണ്ട് അവ പരിഹരിക്കാനായിട്ടുള്ള Multi Disciplinary Core Groups രൂപീകരിക്കാൻവേണ്ടിയുള്ള നിർദ്ദേശം വച്ചിരുന്നു. അതുപ്രകാരം കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷൻമാരായി പോലീസ്, ഹോംഗാർഡ്, കൃഷി, ആശുപത്രി തുടങ്ങിയ ഉത്തരവാദപ്പെട്ട വിഭാഗങ്ങളുടെ പങ്കാളിത്തമുള്ള 20 അംഗങ്ങൾ അടങ്ങുന്ന Multi Disciplinary Core Groups രൂപീകൃതമായി എന്നുള്ള ഉത്തരവുമുണ്ടായി. ആ ഉത്തരവ് പ്രകാരം കോർ ഗ്രൂപ്പുകൾ ഉണ്ടായിട്ടുണ്ടോ? ഈ നയപ്രഖ്യാപനത്തിലോ സർക്കാർ പ്രസംഗത്തിലോ ഒരിടത്തും അത് കാണുന്നില്ല. ഉണ്ടായിട്ടുണ്ടെങ്കിൽ കോർ ഗ്രൂപ്പുകൾ എന്ത് ചെയ്തു? ഉണ്ടായിട്ടില്ലെങ്കിൽ എന്തുകൊണ്ട് ആ കോർ ഗ്രൂപ്പുകൾ ഉണ്ടായില്ല? ഇതിന് ഗവൺമെന്റ് ഉത്തരം പറയാൻ ബാദ്ധ്യസ്ഥമാണ്. ഗവൺമെന്റ് ഒന്നും പറയുന്നില്ല; അതുകൊണ്ട് ഗവർണ്ണർക്കും അതൊന്നും പറയാൻ കഴിയുന്നില്ല. സുനാമി ദുരന്തത്തിന്റെ മുൻപിൽ കേരളത്തിലെ ഗവൺമെന്റിന് പറ്റിയ പാളിച്ചകൾ സത്യം പറഞ്ഞാൽ ആരംഭം മുതലേ തുടങ്ങുന്നു. അത് ഇപ്പോഴും ആവർത്തിക്കുന്നു. രാജ്യം മുഴുവൻ ദുരന്തം ഭവിച്ചവർക്കുവേണ്ടിയുള്ള ഹൃദയം നിറഞ്ഞ സഹായവുമായി ഇപ്പോഴും ഓടിയെത്തിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ എത്ര കോടി രൂപ കിട്ടി; ആ പണം എവിടെയെല്ലാം എന്തിനെല്ലാം വേണ്ടി ഉപയോഗപ്പെടുത്തുന്നു? ഈ കാര്യങ്ങളെല്ലാം സൂക്ഷ്മമായി നോക്കുവാൻ, അൽപ്പം പണം പോലും പാഴായിപ്പോകാതിരിക്കാനുള്ള സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് എന്തേ അമാന്തം കാണിക്കുന്നു? ഇതിന് രൂപീകൃതമായ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റികളുടെ തലവൻമാരെ എന്തിന് പെട്ടെന്ന് പെട്ടെന്ന് മാറ്റി? ഗവൺമെന്റ് രൂപീകരിച്ച പ്രത്യേക വകുപ്പിന്റെ സെക്രട്ടറിയായി നിയുക്തനായത് ശ്രീ. ടി. കെ. ജോസ് ആണ്. എല്ലാവരാലും പ്രകീർത്തിക്കപ്പെട്ട ആ ഐ.എ.എസ്. ഉദ്യോഗസ്ഥനെ 48 മണിക്കൂർ പൂർത്തിയാകും മുൻപ് മാറ്റി. എന്തുകൊണ്ട് അദ്ദേഹത്തെ മാറ്റി? എന്തിനുവേണ്ടി പകരം ആളിനെ കൊണ്ടുവന്നു? ഈ കൊണ്ട് വന്ന ആളിന് എന്ത് പ്രത്യേക യോഗ്യതയാണുള്ളത്? അപ്പോൾ സുനാമി ദുരന്തത്തെപ്പോലും, അതിനുമുൻപിൽ രാജ്യം മുഴുവൻ കാണിച്ച സഹാനുഭൂതിയെപ്പോലും, കണക്കില്ലാതെ ഒഴുകി വന്ന സഹായധനത്തെപ്പോലും കണക്കിലെടുക്കാതെ ഏറ്റവും സങ്കുചിതമായ രാഷ്ട്രീയ ലാഭത്തിനുവേണ്ടിയുള്ള സർക്കാർ നീക്കത്തിന്റെ ഭാഗമായിട്ടാണ് ശ്രീ. ടി. കെ. ജോസിനെ മാറ്റിയതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരള സർക്കാരിന് ഇത് അടക്കമുള്ള ഒരു കാര്യത്തിനും നയമില്ല, പരിപാടിയില്ലെന്ന് ഒന്നുകൂടി പറയട്ടെ. തന്റെ പ്രസംഗത്തിൽ ശ്രീ. ആർ. എൽ. ഭാട്ടിയ പറയുകയുണ്ടായി സർവ്വതോന്മുഖമായ വികസനത്തിലേയ്ക്ക് നയിച്ചതിന് ശ്രീ. എ. കെ. ആന്റണിയും കാബിനറ്റിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും നൽകിയ വിലയേറിയ സംഭാവനകൾക്ക് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നുയെന്ന് അദ്ദേഹത്തെപ്പറ്റി ശ്രീ. എം. എം. ഹസ്സനും ഇവിടെ പറയുകയുണ്ടായി. ഈ വിലയേറിയ സംഭാവനകൾക്കുള്ള പ്രതിഫലമായിട്ടാണോ ശ്രീ. എ. കെ. ആന്റണി ഇപ്പോൾ ഇവിടെ ഇരിക്കുന്നത്? സഹപ്രവർത്തകരെല്ലാം അവിടേയും ഇവിടേയുമൊക്കെ ചിതറി പോയിരിക്കുന്നത്? എന്താണ് യു.ഡി.എഫ്.-ൽ ഉണ്ടായത്? കോൺഗ്രസ്സിലുണ്ടായിരിക്കുന്ന അപരിഹാര്യമായ, മറച്ചുവയ്ക്കാനാകാത്ത ആഭ്യന്തര കുഴപ്പത്തിന്റേയും തമ്മിലടിയുടേയും തൊഴുത്തിൽക്കുത്തിന്റേയും ഫലമായിട്ടാണ് ശ്രീ. എ. കെ. ആന്റണിക്ക് ഇന്ന് ഇവിടെ ഇരിക്കേണ്ടി വന്നത്. ശ്രീ. എ. കെ. ആന്റണി മാത്രമല്ല മിക്കവാറും എല്ലാ മന്ത്രിമാരേയും സ്ഥലം മാറ്റിയില്ലേ? അതുകൊണ്ട് എന്ത് നേട്ടമുണ്ടായി? കേരളത്തിന്റെ പുരോഗതിക്കുവേണ്ടി എല്ലാ രംഗത്തും അൽഭുതമുണ്ടാക്കാൻ കഴിയുമെന്നാണ് ശ്രീ. എം. എം. ഹസ്സൻ പറയുന്നത്. യു. ഡി. എഫ്. ഗവൺമെന്റ് ഇപ്പോൾ ശരിക്കും പറഞ്ഞാൽ ഒന്നും ചെയ്യാൻ ഇല്ലാത്ത ഗവൺമെന്റാണ്. എന്നാൽ അദ്ദേഹം എല്ലാ മാറ്റങ്ങളും വിളംബരം ചെയ്യുകയല്ലേ? ശ്രീ. എം. എം. ഹസ്സന്റെ വാഗ്ധോരണി കൊണ്ട് ഇതൊന്നും ലവലേശം മൂടിവയ്ക്കാൻ കഴിയില്ല. ഇവിടെ ശ്രീ. എം. എം. ഹസ്സൻ പലപ്രാവശ്യം ആവർത്തിച്ചു ശ്രീ. കെ. കരുണാകരന്റെ 'പൊട്ടനും കുരുടനും' എന്ന പ്രയോഗം. അദ്ദേഹം ആദ്യം പറഞ്ഞു ബധിരനും അന്ധനുമെന്ന്. എന്നിട്ടും അദ്ദേഹത്തിന് മതിയായില്ല അദ്ദേഹം വീണ്ടും പറഞ്ഞു 'പൊട്ടനും കുരുടനും' എന്നുള്ള പ്രയോഗം. ആ പ്രയോഗം അദ്ദേഹം മൂന്നു വട്ടം ആവർത്തിച്ചു. ശ്രീ. കെ. കരുണാകരൻ ഇപ്പോൾ ഈ സഭയിൽ ഇല്ലെങ്കിൽപ്പോലും (ഐ) ഗ്രൂപ്പ് ഈ സഭയിൽ നയപ്രഖ്യാപന ചർച്ചയിൽ പങ്കെടുക്കില്ലെന്ന് പ്രഖ്യാപിക്കുമ്പോൾ പോലും ശ്രീ. കരുണാകരന്റെയും ഐ-ഗ്രൂപ്പിന്റേയും താൽപ്പര്യങ്ങൾ പരോക്ഷമായി പ്രതിഫലിപ്പിക്കാൻ വേണ്ടിയുള്ള ഒരു കോൺട്രാക്റ്റ്, എ-ഗ്രൂപ്പിന്റെ വക്താവായിരുന്ന ശ്രീ. എം. എം. ഹസ്സൻ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുത്തോയെന്ന് തോന്നി. ആരാണ് പൊട്ടൻ, ആരാണ് കുരുടൻ. ശ്രീ. കെ. കരുണാകരൻ ഇല്ലെങ്കിൽപ്പോലും അദ്ദേഹത്തിനു വേണ്ടി വാദിക്കാൻ ആരാണ് ശ്രീ. എം. എം. ഹസ്സനെക്കൊണ്ട് മൂന്ന് നാല് പ്രാവശ്യം ഇത് പറയിപ്പിച്ചത്?

അതുപോലെ അദ്ദേഹം വളരെ വളരെ ഗംഭീരമായി പറഞ്ഞ ഒരു കാര്യമായിരുന്നു ജിം-ന്റെ നേട്ടങ്ങൾ. ജിം-ന്റെ നേട്ടത്തെപ്പറ്റി പറഞ്ഞാൽ തമാശയായിപ്പോകും. എന്ത് പറഞ്ഞാലും ജിം എന്നുപറയുന്ന ഒരു ഗവൺമെന്റ്. ആ ഗവൺമെന്റ് ഇപ്പോഴും അത് പറയുന്നു. 40,000 കോടി രൂപയുടെ നിക്ഷേപത്തെപ്പറ്റിയുള്ള വാഗ്ദാനങ്ങൾ. ഇതെല്ലാം നിരത്തപ്പെട്ട ജിം-ന്റെ ബാക്കിപത്രം എന്താണ്? ജിം-ന്റെ ഭാഗമായി എത്രകോടി രൂപ വന്നു. നിങ്ങൾ എല്ലാപേരുംകൂടി സമയം കിട്ടുമ്പോഴെല്ലാം പൊതുമേഖലയെ ആക്രമിക്കുകയല്ലേ? പൊതുമേഖല എന്താണെന്ന് ഇപ്പോൾ ഇവിടെ പറയേണ്ടി വരുന്നു. പൊതുമേഖല 10,000 കോടിക്കു പകരം 30,000 കോടിയുമായി നമ്മെ സഹായിക്കാൻ വരുന്ന കാര്യം നമ്മൾ ആദരവോടുകൂടി, പ്രതീക്ഷയോടുകൂടി കാണുകയാണ്. കേന്ദ്രത്തിൽ ശ്രദ്ധേയമായ രാഷ്ട്രീയ മാറ്റങ്ങളുണ്ടായി. എൻ.ഡി.എ. ഗവൺമെന്റ് മാറി യു. പി. എ. ഗവൺമെന്റ് അധികാരത്തിൽ വന്നു. എന്തുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റിന്, ഇത് നയം പ്രഖ്യാപിക്കുന്ന ഒരു വേദിയാണെങ്കിൽ, അതിനെപ്പറ്റി ഒരു വാക്ക് മിണ്ടാൻ തോന്നിയില്ല. യു.ഡി.എഫ്.-ന്റെ ഗവൺമെന്റ് ശ്രീ. എ. കെ. ആന്റണി നയിക്കുമ്പോഴും ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുമ്പോഴും പ്രത്യക്ഷമായോ പരോക്ഷമായോ സ്വന്തം മനസ്സാക്ഷിയെ ബി.ജെ.പി.-യ്ക്കോ സംഘപരിവാറിനോ പണയപ്പെടുത്തുകയാണോ? രാജ്യം മുഴുവൻ ആവേശപൂർവ്വം കാണുന്ന ഈ മാറ്റം ഞങ്ങൾ പിൻതാങ്ങുന്ന യു.പി.എ. ഗവൺമെന്റിന്റെ ആരോഹണത്തോടുകൂടി കേരളത്തിനു കിട്ടിയ 30,000 കോടിയിൽ ഒരു പങ്ക് വഹിച്ച കാര്യം ഒരു ചെറിയ ഘടകമാണെന്ന് യു.ഡി.എഫ്. ഗവൺമെന്റ് വിസ്സമ്മതിക്കുമ്പോഴും അത് ഇവിടെ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പൊതുമേഖല ശക്തിപ്പെടട്ടെ. ഇന്ത്യയ്ക്കും കേരളത്തിനും അത് ഗുണം ചെയ്യും.

ഇവിടെ ഐ.റ്റി., ബി.റ്റി. എന്നൊക്കെ ഒരുപാട് വാക്കുകൾ പറഞ്ഞു. ഐ.റ്റി.-യെ പറ്റി പറഞ്ഞപ്പോൾ മുസ്ലീം ലീഗ് ഐ.റ്റി. വകുപ്പിൽ എന്തെല്ലാമോ ചെയ്തു എന്ന് ഭാവിക്കുന്നു. ഐ.ടി. വകുപ്പ് ഇപ്പോൾ ലീഗിന്റെ പക്കൽ ഇല്ല. നോക്കിനിന്നപ്പോൾ അത് കാണാതെപോയി, ഇവിടെ മുസ്ലീം ലീഗിന്റെ അവസ്ഥ എനിക്കറിയില്ല. മുസ്ലീം ലീഗിന് ഒരു മിണ്ടാട്ടം പോലുമില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യം വരുമ്പോൾ അവർ ഒന്നും മിണ്ടിയതായി ഭാവിക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട തന്ത്രപ്രാധാന്യം ഏറെയുള്ള ഇത്തരം ഒരു വകുപ്പ് ഒരു മുന്നണി ബന്ധങ്ങളിലെ സാമാന്യ മര്യാദയെ ലംഘിച്ചുകൊണ്ട് കോൺഗ്രസ്സ് പിടിച്ചുപറിച്ചുകൊണ്ട് പോയപ്പോൾ 'ക', 'മ', എന്ന് മിണ്ടാൻ തോന്നാത്ത എന്റെ സുഹൃത്തുക്കളേ ഞാൻ ലജ്ജിക്കുകയാണ്. ഇവിടെ ശ്രീ. ഇസ്ഹാക് കുരിക്കൾ, ശ്രീ. കളത്തിൽ അബ്ദുള്ള അവരെല്ലാം വാചാലമായി പറഞ്ഞല്ലോ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നമുക്കെല്ലാം വളരെയേറെ പ്രിയപ്പെട്ട റിപ്പോർട്ടാണല്ലോ. ആ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുമ്പോൾ ഇന്നു രാവിലെയുണ്ടായ ചോദ്യോത്തരവേള അത് വ്യക്തമാക്കി. ഈ ഗവൺമെന്റ് എന്നുവരെ ഭരിക്കുന്നുവോ അന്നുവരെയും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ പോകുന്നില്ല എന്ന് ഉറപ്പാക്കപ്പെട്ടിരിക്കുന്നു. നമുക്കെല്ലാവർക്കും ഇവിടെവച്ച് രണ്ടുതുള്ളി കണ്ണുനീർ പൊഴിക്കാം, ആ റിപ്പോർട്ട് നടപ്പിലാക്കാൻ പോകുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് ഇതിനെ ഇല്ലാതാക്കാൻ പോകുകയാണ്. നയപ്രഖ്യാപന പ്രസംഗത്തിൽ വളരെ വളരെ ആവർത്തിച്ച് ശ്രീ. ഭാട്യ പറയുന്നുണ്ട്, അതിവേഗത്തിൽ ബഹുദൂരം താണ്ടാൻ പോകുന്ന ഈ ഗവൺമെന്റിനെപ്പറ്റി. പക്ഷെ അതിവേഗത്തിൽ ഈ ഗവൺമെന്റ് ഒരു ദൂരവും താണ്ടാൻ പോകുന്നില്ല. ഈ ഗവൺമെന്റിന് മുടന്താണ്. അന്ധനായ ഗവൺമെന്റാണിത്. ഇത് ബധിരത ബാധിച്ച ഗവൺമെന്റാണ്. മുടന്തുമുണ്ട് ഈ ഗവൺമെന്റിന്. ഈ ഗവൺമെന്റിന് ഒരിക്കലും ബഹുദൂരം താണ്ടാൻ കഴിയില്ല. ഞാൻ ഓർത്തുപോകുന്നു " I have miles to go and promises to keep before I sleep" ഉറങ്ങും മുമ്പ് എനിക്ക് ഭൂകാതം താണ്ടാനുണ്ട്, ഒരുപാട് വാഗ്ദാനങ്ങൾ പാലിക്കാൻ ബാക്കിയുണ്ടെന്നാണ് കവി അന്ന് പാടിയത്. ഈ ഗവൺമെന്റിന് ഇനി കഷ്ടിച്ച് ഒന്നേകാൽ കൊല്ലമേയുള്ളൂ. പാലിക്കപ്പെടാൻ ഒരുപാട് വാഗ്ദാനങ്ങൾ ബാക്കിയാണ്. എവിടെയാണ് 15 ലക്ഷം പേർക്ക് തൊഴിൽ, എവിടെയാണ് കൃഷിയുടെ സേവന രംഗത്തുള്ള പുരോഗതികൾ, എവിടെയാണ് ആയിരം മെഗാവാട്ട് വൈദ്യുതി, എവിടെയാണ് പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ സൗജന്യ ഉച്ചഭക്ഷണം കൊടുക്കൽ, എവിടെയാണ് ആദിവാസികളുടെ കൃഷി ഭൂമി? ഈ ഗവൺമെന്റ് പറഞ്ഞ ഇലക്ഷൻ മാനിഫെസ്റ്റോയിലെ വാഗ്ദാനങ്ങൾ എല്ലാം വെള്ളത്തിലെ വരപോലെയാണ്. ഈ ഗവൺമെന്റിന് വാഗ്ദാനങ്ങളെപ്പറ്റി ഇപ്പോൾ ഓർമ്മപോലുമില്ല. എല്ലാം മറന്നുപോയ ഗവൺമെന്റ്. എല്ലാ പ്രൊവിസോകളെയും വഞ്ചിക്കുന്ന ഗവൺമെന്റ്. സ്വപ്നങ്ങളെയെല്ലാം ഒറ്റുകൊടുക്കുന്ന ഗവൺമെന്റ്. ഈ ഗവൺമെൻറിന് പുരോഗതിക്കുവേണ്ടി ഒന്നും ചെയ്യാനാകില്ല. കാരണം, വികസനം വേണമെങ്കിൽ, പുരോഗതി വേണമെങ്കിൽ ആദ്യം വേണ്ടത് പൊളിറ്റിക്കൽ സ്റ്റെബിലിററിയാണ്. യു.ഡി.എഫ്. ഗവൺമെന്റിന് ഇല്ലാത്തതും അതുമാത്രമാണ്. ഈ ഗവൺമെന്റിനകത്ത് എന്തെല്ലാം ഉണ്ടായാലും ഒന്നില്ല അത് രാഷ്ട്രീയ സ്ഥിരതയാണ്. മന്ത്രിമാർ പലരും യു.ഡി.എഫ്. വിട്ടുപോയില്ലേ, പാർട്ടികൾ പലതും യു.ഡി.എഫ്. വിട്ടുപോയി, മന്ത്രിമാർ വിട്ടുപോയി, മുഖ്യമന്ത്രി മാറിപ്പോയി. അതുകൊണ്ട് രാഷ്ട്രീയ സ്ഥിരതയില്ലാത്ത ഗവൺമെന്റിന്റെ വികസനത്തെപ്പറ്റിയോ, പുരോഗതിയെപ്പറ്റിയോ സ്വപ്നം കാണാൻ പോലും സാധിക്കില്ല. അതിനാൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, കേരളത്തിലെ ജനങ്ങളുടെ നല്ല ഒരു നാളേയ്ക്കുവേണ്ടി യു.ഡി.എഫ്. സർക്കാർ ചെയ്തിട്ടുള്ള നേട്ടങ്ങളെ വിലയിരുത്തിക്കൊണ്ട് നമ്മുടെ പ്രിയങ്കരനായ ഗവർണ്ണർ ആർ. എൽ. ഭാട്യ നടത്തിയ പ്രസംഗത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. ബിനോയ് വിശ്വം ഇവിടെ ഒന്നും നടന്നിട്ടില്ല എന്ന ആമുഖ പ്രസംഗമാണ് നടത്തിയത്. പത്രങ്ങളിൽ വായിച്ചു എന്നുപറയുന്ന റിപ്പോർട്ടുകളെ പരാമർശിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗിച്ചത്. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് സുനാമി ബാധിച്ച പ്രദേശങ്ങളിൽ ചെന്ന് ഒരു രാഷ്ട്രീയപ്രസംഗം അങ്ങ് നടത്തരുത്. നടത്തിയാൽ ശ്രീ. അച്ചുതാനന്ദന്റെ ഗതി അങ്ങേയ്ക്കും ഉണ്ടാകും. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീയ്ക്കൽ എന്നുപറയുന്ന സ്ഥലത്ത് ശ്രീ. അച്ചുതാനന്ദനെ നാട്ടുകാർ തടഞ്ഞ അനുഭവം അങ്ങേയ്ക്ക് ഉണ്ടാകരുത് എന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. സത്യം സത്യമായി പറയാനുള്ള നട്ടെല്ല്, രാഷ്ട്രീയാവബോധം അങ്ങേയ്ക്ക് ഉണ്ടാകണം. അങ്ങേയ്ക്ക് രാഷ്ട്രീയത്തിൽ ഇനിയും വളരെയേറെ ഭാവിയുള്ളതാണ്. ഒരിക്കലും രാഷ്ട്രീയപ്രേരിതമായി സത്യകൃത്യങ്ങളെ അവഗണിച്ചുകൊണ്ട് അങ്ങ് മുന്നോട്ടുപോകരുത്. ഐ. ടി.-യെ കുറിച്ച് അങ്ങ് പറഞ്ഞു; ഇൻഫർമേഷൻ ടെക്നോളജി എന്നുപറയുന്ന ആ വാക്ക് കേരളത്തിൽ നിയമസഭയും ജനങ്ങളും കേൾക്കാൻ തുടങ്ങിയത് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലഘട്ടത്തിലാണ്. അങ്ങയുടെ ഓർമ്മക്കുവേണ്ടി ഞാൻ പറയുന്നു 'വിപ്രോ' എന്നുപറയുന്നത് ഇൻഡ്യയിലെ ഏറ്റവും പ്രശസ്തമായ കമ്പനിയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: അവിടെ ശ്രീ. വി. എസ്. പോയില്ല. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. ഇതുപോലുള്ള പാവപ്പെട്ട മെമ്പർമാരെ തെറ്റിദ്ധരിപ്പിച്ച് എഴുതിക്കൊടുത്തതാണ്.

ശ്രീ. ഇസഹാക് കുരിക്കൾ: അങ്ങനെ തെറ്റിദ്ധരിപ്പിച്ചാൽ തെറ്റിദ്ധരിക്കുന്ന ഒരാളല്ല ഞാൻ. സത്യങ്ങളെ സത്യമായി മനസ്സിലാക്കാനും, തെറ്റുകളെ തെറ്റായി മനസ്സിലാക്കാനുമുള്ള തന്റേടം എനിക്കുണ്ട്. അങ്ങയെപ്പോലെ അന്ധമായ വിശ്വാസത്തിൽ നിൽക്കുന്നവനല്ല ഞാൻ എന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ബഹുമാനപ്പെട്ട ബിനോയ് വിശ്വം ഐ. ടി.-യുടെ വികസനം നമ്മുടെ രാജ്യത്ത് നടന്നോ എന്ന് ചോദിച്ചു. ഇൻഡ്യയിൽ കമ്പ്യൂട്ടർ വ്യവസായ രംഗത്ത് എല്ലാവരും അറിയുന്ന അസീം പ്രേംജിയുടെ 'വിപ്രോ' എന്നുപറയുന്ന കമ്പനി എറണാകുളത്ത് ആരംഭിച്ചത് കുഞ്ഞാലിക്കുട്ടി സാഹിബ് ഐ.ടി. കൈകാര്യം ചെയ്യുന്ന കാലത്താണെന്ന് ഞാൻ പറഞ്ഞു. അത് തെറ്റാണെങ്കിൽ അങ്ങയോട് അസത്യം പറഞ്ഞതിന് ഞാൻ സവിനയം ക്ഷമ ചോദിക്കുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ അന്ധമായ വിശ്വാസമല്ല, ഞാൻ വിപ്രോ കമ്പനിയെ കുറിച്ച് പറയുമ്പോൾ, അസീം പ്രേംജിയുടെ കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ അദ്ദേഹം പറയുന്നത് ആറാട്ടുപുഴയെക്കുറിച്ചാണ്. അസീം പ്രേംജി വിപ്രോ കമ്പനി കേരളത്തിൽ തുടങ്ങിയിട്ടുണ്ട് എന്ന് ഞാൻ ബിനോയ് വിശ്വത്തിനോട്

സൂചിപ്പിക്കുന്നു. ടെക്നോപാർക്കുകളിൽ അനേകം ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. അങ്ങേയ്ക്ക് സംശയമുണ്ടെങ്കിൽ എറണാകുളത്ത് പോയി നോക്കാം. ഐ.ടി. കേരളത്തിൽ അറിയാൻ തുടങ്ങിയത് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലഘട്ടത്തിലാണ്. എന്തിനേറെ പറയുന്നു വിദേശികൾ പോലും നമ്മുടെ രാജ്യത്തു വന്നുകൊണ്ട് വൻകിട വ്യവസായങ്ങൾ തുടങ്ങുവാനാരംഭിച്ചത് കേരളത്തിൽ കുഞ്ഞാലിക്കുട്ടി സാഹിബിന്റെ കാലത്ത് തുടങ്ങിയാൽ വ്യവസായങ്ങൾ കൂടുതൽ ശക്തമായി നടത്താം എന്ന വിശ്വാസത്തിലാണ്. മുഖ്യമന്ത്രിക്ക് ഏൽപ്പിച്ചുകൊടുക്കുന്നത് ചെറിയ വകുപ്പല്ലല്ലോ. നിങ്ങൾക്കറിയില്ലേ, അതുകൊണ്ട് ഐ. ടി. വകുപ്പ് മുഖ്യമന്ത്രി ഏറ്റെടുത്താൽ അത് കൂടുതൽ ശക്തമായിരിക്കും, കുഞ്ഞാലിക്കുട്ടി സാഹിബിന്റെ കാലത്ത് കൊണ്ടുവന്നിട്ടുള്ള ആ വ്യവസായങ്ങൾ ഈ രാജ്യത്തിലെ ജനലക്ഷങ്ങൾക്ക് ജോലി നൽകാൻ ഉപകരിക്കും എന്ന വിശ്വാസത്തിലാണ് കൊണ്ടുവന്നിട്ടുള്ളത്. സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഒന്നും നടന്നിട്ടില്ല എന്നുപറയുമ്പോൾ പറയുകയാണ്, ഇൻഫോസിസ് എന്നു പറയുന്ന കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശ്രീ. ബിനോയ് വിശ്വം പത്രങ്ങളിൽ മാത്രമാണ് വ്യവസായം എന്നുപറയുമ്പോൾ വ്യവസായം തുടങ്ങിയ കമ്പനികളുടെ പേരും സ്ഥലവും ഞങ്ങൾ പറയുകയാണ്. വ്യവസായം ഇവിടെ ആരംഭിച്ചിട്ടുണ്ട്. ശ്രീ. ബിനോയ് വിശ്വത്തിന്റെ പ്രസംഗം കേട്ടപ്പോൾ മഹാനായ സി. എച്ച്. മുഹമ്മദ്കോയ സാഹിബ് ഒരിക്കൽ നമ്മുടെ നിയമസഭയിൽ ചെയ്ത ഒരു പ്രസംഗത്തിലെ ചില ഭാഗങ്ങൾ എന്റെ ഓർമ്മയിൽ വരികയാണ്. 'വിപ്ലവം പ്രസംഗത്തിൽ മാത്രമാണ് കമ്മ്യൂണിസ്റ്റുകാർക്കുള്ളത്' വിപ്ലവം നടത്തി കാണിച്ചു കൊടുക്കുകയാണെങ്കിൽ ഞങ്ങളാണ് വിപ്ലവകാരികൾ. പ്രസംഗത്തിൽ മാത്രം പറഞ്ഞതുകൊണ്ട് നിങ്ങൾ വിപ്ലവകാരികൾ ആകുമോ? പക്ഷേ അത് പ്രവർത്തിപഥത്തിൽ കൊണ്ടുവന്നത് യു.ഡി.എഫ്. ആണെന്ന് വളരെ അഭിമാനത്തോടുകൂടി പറയാൻ ഞങ്ങൾക്ക് സാധിക്കും.

വിദ്യാഭ്യാസ വകുപ്പിൽ സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം കേന്ദ്രത്തിന്റെ സഹായത്തോടുകൂടി പിന്നോക്ക ജില്ലകളിൽ എല്ലാംതന്നെ സ്കൂൾ കെട്ടിടങ്ങളും പുതിയ കോഴ്സുകളും ആരംഭിച്ചു. നമ്മുടെ രാജ്യത്തെ വിദ്യാർത്ഥികൾ മെഡിക്കൽ വിദ്യാഭ്യാസത്തിന് തമിഴ്നാട്ടിലേയും കർണ്ണാടകത്തിലേയും മെഡിക്കൽ കോളേജുകളിൽ പോയിരുന്നുവെങ്കിൽ ഇന്ന് കേരളത്തിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു എന്ന് അങ്ങ് മനസ്സിലാക്കണം. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തും സമസ്ത മേഖലകളിലും വിപ്ലവങ്ങൾ സൃഷ്ടിച്ച പാർട്ടി, യു.ഡി.എഫ്. ആണെന്ന് ഈ സന്ദർഭത്തിൽ അഭിമാനത്തോടുകൂടി, തെളിവുകൾ അങ്ങേയ്ക്ക് നൽകിക്കൊണ്ട്, ഞങ്ങൾക്ക് പറയാൻ സാധിക്കും. ശ്രീ. അച്ചുതാനന്ദൻ എവിടെയെങ്കിലും പോയി പ്രസംഗിക്കുന്നതുപോലെ അങ്ങ് പ്രസംഗിക്കരുത്. ജനങ്ങൾ ശ്രീ. അച്ചുതാനന്ദനെ കൈയേറ്റം ചെയ്തതുപോലെ അങ്ങയേയും കൈയേറ്റം ചെയ്യുമെന്ന് ഞാൻ വീണ്ടും ശ്രീ. ബിനോയ് വിശ്വത്തെ ഓർമ്മിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വീടുകളിൽ ദാരിദ്ര്യത്തിൽ കഴിയുന്ന ആളുകൾക്കുവേണ്ടി കുടുംബശ്രീ പദ്ധതി ഇന്ന് ആരംഭിച്ചിട്ടുണ്ട്. ആരാണ് മുഖ്യമന്ത്രി, ആരാണ് പ്രതിപക്ഷ നേതാവ് എന്ന് അറിയാത്ത പാവപ്പെട്ട സ്ത്രീകൾക്ക് ഉപജീവനം കഴിക്കാൻ അവർക്ക് തൊഴിൽ നൽകിക്കൊണ്ട് ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ കുടുംബശ്രീ പദ്ധതി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഭക്ഷണം കഴിക്കാൻ പോലും വകയില്ലാത്ത ആളുകൾക്ക് വസ്ത്രം, പാർപ്പിടം മുതലായ കാര്യങ്ങൾ ഇതുവഴി നൽകുന്നു. മൂന്നു കൊല്ലം കൊണ്ട് 178 പഞ്ചായത്തുകളിൽ കുടുംബശ്രീ പദ്ധതി നടപ്പിലാക്കാൻ സാധിച്ചു. 117 പഞ്ചായത്തുകളിൽ കൂടി ഇത് വ്യാപിപ്പിച്ചു നടത്താനുള്ള പ്രവർത്തനവുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ശക്തമായ ശ്രമങ്ങൾ കുടുംബശ്രീ പദ്ധതിയിൽക്കൂടി നടത്തിക്കൊണ്ടിരിക്കുകയാണ്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണിത്. അന്താരാഷ്ട്ര പ്രശസ്തിപോലും അത് നേടിയിട്ടുണ്ട്. വെറുതെ പറയുകയല്ല. യു.എൻ.ഡി.പി. പ്രസിദ്ധീകരണങ്ങളിൽ കുടുംബശ്രീ പദ്ധതിയെക്കുറിച്ച് വന്നിട്ടുണ്ട്. അതൊക്കെ ശ്രീ. ബിനോയ് വിശ്വം ഒന്ന് വായിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

റോഡുകളുടെ കാര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഇന്ന് പ്രതിപക്ഷ നേതാവ് സുഖംകൊണ്ട് കാറിലിരുന്ന് ഉറങ്ങുന്നതായിട്ടാണ് പലപ്പോഴും കാണാൻ കഴിയുന്നത്. റോഡുകളിൽ കുഴിയില്ല. ലോകബാങ്ക് സഹായത്തോടുകൂടി 1600 കോടി രൂപയുടെ ഗതാഗത പദ്ധതി പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. 1610 കിലോമീറ്റർ റോഡുകൾ പുനർനിർമ്മാണം ചെയ്യാൻ സാധിച്ചു. അത് തെളിവുകൾ സഹിതം പറയാം. നിങ്ങളിൽ പലരും എക്സ്പ്രസ് ഹൈവേയെ എതിർക്കുന്നു. ഇപ്പോഴും ആളുകൾ കാളവണ്ടിയിൽ പോകണമെന്നാണോ നിങ്ങൾ പറയുന്നത്? എക്സ്പ്രസ് ആയിട്ട് ജനങ്ങൾക്ക് സമയത്തിന് പോകണ്ടേ, എന്തുവിലകൊടുത്തും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി എക്സ്പ്രസ് ഹൈവേ നമ്മുടെ രാജ്യത്ത് നടപ്പിലാക്കും. മലയോര പാതകൾ നമ്മുടെ രാജ്യത്ത് നിർമ്മിക്കാൻ തീരുമാനിച്ചു. മലയോര കർഷകർക്ക് പട്ടണവുമായി ബന്ധപ്പെടാൻ ഒരു റോഡും ഉണ്ടായിരുന്നില്ല. മലയോര പാതകൾ നിർമ്മിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. മൂന്നര വർഷംകൊണ്ട് ഒൻപതിനായിരത്തിൽപ്പരം റോഡുകൾക്കും അഞ്ഞൂറിൽപ്പരം പാലങ്ങൾക്കും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിയ ഗവൺമെന്റാണിത്. അതിൽ തെറ്റുണ്ടെങ്കിൽ സെക്രട്ടേറിയേറ്റിൽ പോയി പരിശോധിക്കണമെന്ന് ശ്രീ. വിശ്വമിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. 109 പ്രധാന റോഡുകളും പാലങ്ങളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജി രംഗത്തും സർവ ശിക്ഷാ അഭിയാൻ നടപ്പിലാക്കിക്കൊണ്ട് വിദ്യാഭ്യാസ രംഗത്തും മുന്നോട്ടു പോകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളിലെ മെഡിക്കൽ കോളേജുകളിലും എൻജിനീയറിംഗ് കോളേജുകളിലും പോകാതെ നമ്മുടെ വിദ്യാർത്ഥികൾക്ക് ഇന്ന് കേരളത്തിൽ ത്തന്നെ പഠിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സർ, ഞാൻ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ സർവാത്മനാ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവാത്മനാ അനുകൂലിക്കുകയാണ്. നിശ്ചയദാർഢ്യത്തിന്റേയും സുതാര്യതയുടേയും തെളിമയുള്ള പ്രതിഫലനമാണ് നയപ്രഖ്യാപന പ്രസംഗത്തിൽ ഉടനീളം നമുക്ക് കാണാൻ കഴിയുന്നത്. പാവങ്ങളോട് ഓരം ചേർന്ന് നിൽക്കുകയെന്ന സമീപനം ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തിലെ ഏറ്റവും സുപ്രധാനമായ ഒന്നായി ഞാൻ കാണുകയാണ്. "ബഹുദൂരം അതിവേഗം" എന്ന മുദ്രാവാക്യമാണ്, ഐക്യജനാധിപത്യ മുന്നണിയുടെ മുഖമുദ്രയെന്ന് തെളിഞ്ഞിട്ടുണ്ട്. എന്നാൽ 'ബഹുദൂരം അതിവേഗം പിന്നോട്ട്', എന്നതാണ് ഇടതുപക്ഷവും സി.പി.എം.-ഉം ഉൾപ്പെടെയുള്ള പ്രതിപക്ഷത്തിന്റെ സമീപനമെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ലോകത്തെ നടുക്കിയ സുനാമിത്തിരകൾ ഡിസംബർ 26-ന് കേരള തീരങ്ങളിൽ ആഞ്ഞടിച്ചപ്പോൾ ആ ദുഃഖം ഏറ്റുവാങ്ങാൻ നിമിഷങ്ങൾക്കുള്ളിൽ ഓടിയെത്തിയ കേരളാ ഗവൺമെന്റിനേയും പ്രത്യേകിച്ച് മുഖ്യമന്ത്രിയേയും ആർക്കാണ് അഭിനന്ദിക്കാതിരിക്കാൻ കഴിയുക? ഏറ്റവും ജനോപകാര പ്രദമായിട്ടുള്ള പ്രവർത്തനവുമായിട്ടാണ് കൊല്ലം, ആലപ്പുഴ ജില്ലകളിലെ തകർന്നടിഞ്ഞ പഞ്ചായത്തുകളിലേക്ക് കേരളാ ഗവൺമെന്റിന്റെ സഹായമെത്തിയതെന്ന് എല്ലാവർക്കും അറിയാം. ജനമനഃസാക്ഷിയുടെ സഹായഹസ്തം ഓടിയെത്തിയപ്പോഴേക്കും തന്നെ ഗവൺമെന്റിന്റെ സഹായങ്ങളും ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചേർന്നു എന്നുള്ളത് ഇൻഡ്യ മുഴുവൻ ശ്രദ്ധിച്ച ഒരു സംഭവമല്ലേ. സർ? ഈ സർക്കാരിന്റെ മുഴുവൻ ഭരണ സംവിധാനങ്ങളും സുനാമി ദുരന്തത്തിലേക്ക് കേന്ദ്രീകരിക്കുകയും ദുരിതത്തിലാണ്ടവരെ സഹായിക്കാൻ മുഴുവൻ ജനങ്ങളും മുന്നോട്ടുവരികയും ചെയ്തു. അതിനു കൂടുതൽ പ്രാമുഖ്യം നൽകുന്ന പ്രഖ്യാപനങ്ങളാണ് ഈ നയപ്രഖ്യാപനത്തിൽ ഏറ്റവും പ്രധാനമായി ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യം. പാവങ്ങളുടെ പടത്തലവൻ എന്നാണ് പല നേതാക്കൻമാരേയും വിശേഷിപ്പിക്കാറുള്ളത്. എന്നാൽ പാവങ്ങളുടെ കാവൽക്കാരനെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വിശേഷിപ്പിക്കാമെന്ന് എനിക്ക് തോന്നുന്നു. നൂറ് ദിവസത്തെ കർമ്മപരിപാടികളോടെ കേരളത്തിലെ 14 ജില്ലകളിൽ മുഖ്യമന്ത്രി നടത്തിയ ബഹുജനസമ്പർക്ക പരിപാടിയിൽ ലക്ഷക്കണക്കിന് ആളുകളുടെ ദുഃഖങ്ങൾക്കാണ് ഈ ഗവൺമെന്റ് അറുതിവരുത്തിയിരിക്കുന്നത്. രാവിലെ 8 മണി മുതൽ രാത്രി വൈകി 11 മണിയോളം പാവങ്ങളുടെ വലുതും ചെറുതുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ കേരളത്തിന്റെ മുഴുവൻ ശ്രദ്ധയും പാവങ്ങളോടൊപ്പമാണെന്ന് തെളിയിക്കുന്ന ഈ ബഹുജനസമ്പർക്ക പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

പോലും മോശമായിട്ട് ചിത്രീകരിക്കാനാണ് പ്രതിപക്ഷം പലപ്പോഴും ശ്രമിച്ചിട്ടുള്ളതെന്ന് കാണാൻ' കഴിയും. സർ സെക്രട്ടേറിയേറ്റിൽ കെട്ടികിടന്ന അൻപത് ശതമാനത്തിലേറെ ഫയലുകളിൽ തീർപ്പ് കൽപ്പിച്ചത് ചെറിയ കാര്യമാണോ? അതുപോലെതന്നെ രണ്ടു ലക്ഷത്തിൽപ്പരം ആളുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. പി.എസ്.സി.-യുടെ നേതൃത്വം പഴയ ഇടതുപക്ഷത്തിനായിരുന്നു എങ്കിലും ഇരുപത്തയ്യായിരത്തോളം പേർക്ക് നിയമനം നല്കാൻ ഈ കാലയളവിൽ കഴിഞ്ഞു. ഈ നേട്ടങ്ങളെ കാണേണ്ടതല്ലേ സർ? ബഹുജനസമ്പർക്ക പരിപാടിയുടെ ഫലമായി ആബാലവൃദ്ധം ജനങ്ങളുടേയും പിൻതുണ ഗവൺമെന്റ് പിടിച്ചുപറ്റിയെന്ന് മാത്രമല്ല ആ ബഹുജന മുന്നേറ്റം മാർക്സിസ്റ്റ് പാർട്ടിയടക്കമുള്ള പ്രതിപക്ഷത്തിന്റെ മോഹങ്ങളിൽ കരിനിഴൽ പരത്തിയെന്ന് കണ്ടപ്പോഴാണ് അവർ ഐസ്ക്രീം പാർലർകേസുമായി രംഗത്ത് ഇറങ്ങിയതെന്ന് കാണാൻ കഴിയും. എന്നിട്ട് ഇപ്പോൾ എവിടെയാണ് എത്തിനിൽക്കുന്നത്? ഇപ്പോൾ സഖാവ് ശ്രീ. അച്ചുതാനന്ദനും സഖാവ് ശ്രീ. പിണറായി വിജയനും, ശ്രീ. എം. കെ. ദാമോദരനും, ശ്രീ. കല്ലട സുകുമാരനും, ശ്രീ. ജനാർദ്ദനക്കുറുപ്പും, ശ്രീ. പി. ശശിയുമെല്ലാം കേരള സമൂഹത്തിൽ വിചാരണ ചെയ്യപ്പെടുന്ന ഏറ്റവും വികൃതമായ ഒരു ചിത്രം സ്ത്രീ പീഡനക്കേസ് ഏറ്റെടുക്കാൻ പോയ മാർക്സിസ്റ്റ് പാർട്ടിക്ക് ഉണ്ടായിയെന്നതാണ് ഏറെ രസകരം. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് കിട്ടുന്ന വമ്പിച്ച ബഹുജനപിന്തുണയിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടാൻ വേണ്ടി സി.പി.എം. നടത്തിയ വിലകുറഞ്ഞ രാഷ്ട്രീയ പ്രചരണമായിട്ടേ—സ്ത്രീ പീഡനകേസുകൾ ഇപ്പോൾ ഉയർത്തിപ്പിടിക്കുന്നതിനെ കാണാൻ കഴിയൂ. സർ, അവസാനം സൂര്യനെല്ലി കേസിന്റെ വിധി വന്നു. സൂര്യനെല്ലി കേസിൽ ഒരു പ്രതിയെ മാത്രമേ ശിക്ഷിച്ചിട്ടുള്ളൂ. ആരായിരുന്നു ആ പ്രതി? അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതൻമാർക്കറിയാം. ആ പ്രതി എസ്.എഫ്.ഐ.-യുടെ നേതാവായിരുന്നു. ലോ അക്കാഡമിയിലെ എസ്.എഫ്.ഐ.-യുടെ സെക്രട്ടറിയായിരുന്നു. ധർമ്മരാജൻ പൊൻകുന്നം ഏരിയാ കമ്മിറ്റി സെക്രട്ടറിയായിരുന്നു. അങ്ങനെ ഒറ്റ പ്രതിയെ മാത്രമേ ശിക്ഷിച്ചിട്ടുള്ളൂ. ഞാൻ രാഷ്ട്രീയം പറയുകയല്ല. സ്ത്രീ പീഡന കേസുകളെപ്പോലുള്ള സംഭവങ്ങളെ രാഷ്ട്രീയവൽക്കരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് കോടതി നൽകിയ ശിക്ഷയാണ് തങ്ങളുടെ മുൻ നേതാവിന് കിട്ടിയ ഈ ശിക്ഷ. അതിനെപ്പറ്റി ഒന്നും പറയാൻ ശ്രീമതി ടീച്ചറെപ്പോലുള്ള നേതാക്കളോ സ്ത്രീ സംഘടനകളോ മുന്നോട്ടു വന്നിട്ടില്ല.

ഞാൻ നയപ്രഖ്യാപനത്തിൽ കാണുന്ന ഏറ്റവും വലിയ പ്രത്യേകത സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്നു എന്നുള്ളതാണ്. വാറ്റ് നിയമം നടപ്പിലാക്കിക്കൊണ്ട് ഒരു സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് 1972-ന്ശേഷം കേരള ചരിത്രത്തിൽ തിളക്കമാർന്ന അദ്ധ്യായത്തിന് തുടക്കം കുറിക്കുകയാണ്. എന്താണ് ബഡ്ജറ്റിൽ നടന്നുകൊണ്ടിരുന്നത്. സർ, കേവലം ആറു മാസമാണ് പദ്ധതി നടപ്പിലാക്കാൻ നമുക്ക് സമയം കിട്ടിയിരുന്നത്. സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുന്നതോടുകൂടി 12 മാസം പദ്ധതി നടപ്പിലാക്കാൻ കിട്ടുകയും ബഡ്ജറ്റിനെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകുകയും

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റുകൾക്ക് ചലനവേഗതയുണ്ടാകുകയും കേരളത്തിലെ ജനങ്ങൾക്ക് ഗുണകരമായ നേട്ടം ഉണ്ടാകുകയും ചെയ്യും. അങ്ങനെ ദിശാബോധമുള്ള ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ദീർഘവീക്ഷണത്തിന്റെ മുഖക്കണ്ണാടിയായി ഈ നയപ്രഖ്യാപനത്തിന്റെ അന്തസ്സത്തയെ കാണാതിരിക്കാൻ കഴിയുമോ? മൾട്ടി ലെവൽ പ്ലാൻ മോണിറ്ററിംഗ് സിസ്റ്റം, പാർട്ടിസിപ്പേറ്ററി മോണിട്ടറിംഗ് സിസ്റ്റം തുടങ്ങിയ ധനകാര്യ വകുപ്പിന്റെ നിയന്ത്രണമുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നു എന്നുള്ളത് വളരെ നല്ല കാര്യമാണ്....... മോഡേണൈസിംഗ് ഗവൺമെന്റ് പ്രോഗ്രാം, (എം. ജി. പി.) വന്നപ്പോൾ പ്രതിപക്ഷ നേതാവടക്കം എതിർത്തു, സമരം നടന്നു. ദേശാഭിമാനി എതിർത്തു........

പക്ഷേ, ഇന്ന് കേരളത്തിലെ നൂറുകണക്കിന് ഗവണ്മെന്റ് സ്ഥാപനങ്ങൾ എം.ജി.പി.-യുടെ ഫലമായി മെച്ചപ്പെട്ട് മുമ്പോട്ടു പോകുന്നുണ്ട്. ഇത് സംബന്ധിച്ച് വ്യക്തമായി നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അതു പോലെതന്നെ കുടുംബശ്രീയിലൂടെ മുപ്പത് ലക്ഷം കുടുംബങ്ങളെ രക്ഷിക്കാനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തിരിക്കുകയാണ്; ആശ്രയ തുടങ്ങിയ പദ്ധതികൾ. സർ, എത്രയോ വർഷങ്ങളായി നമ്മുടെ മെയിന്റനൻസ് ഗ്രാന്റ് പഞ്ചായത്ത് വകുപ്പിന് കൊടുക്കാതിരുന്നത് കൊടുത്തു കൊണ്ട് കേരള ഗവൺമെന്റ് മാതൃക കാട്ടിയില്ലേ? മൂവായിരത്തിഅറുന്നൂറിൽപ്പരം സഹകരണ സംഘങ്ങളിലൂടെ ലക്ഷക്കണക്കിന് പാവപ്പെട്ടവർക്ക് കടാശ്വാസം നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ലേ? അതിലൂടെ 142 കോടിയിലധികം രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. അതുപോലെതന്നെ 1200 കോടിയോളം രൂപ പിരിച്ചെടുക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞിരിക്കുന്നു. സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടാകാത്ത രീതിയിൽ പാവപ്പെട്ടവരെ സഹായിക്കുന്ന തിനുവേണ്ടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ ഉണ്ടാ യിരിക്കുന്നു. 500 ഡോക്ടർമാരും മറ്റ് ജീവനക്കാരും അടക്കം 1500-ഓളം ആളുകളെ നിയമിച്ചുകൊണ്ട് നമ്മുടെ ആശുപത്രി സംവിധാനം പാവപ്പെട്ടവർക്കു വേണ്ടി മെച്ചപ്പെടുത്താൻ കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസമേഖലയിലെ ഏറ്റവും വലിയ നേട്ടം, നല്ല കാര്യശേഷിയുള്ള വൈസ്ചാൻസലർമാരെ തെരഞ്ഞെടുത്തിരി ക്കുന്നു എന്നതാണ്. ഡോക്ടർ കെ. എസ്. രാധാകൃഷ്ണനെപ്പോലെ പാവപ്പെട്ട വരിൽ പാവപ്പെട്ടവരെ തെരഞ്ഞെടുത്തുകൊണ്ട് ഈ ഗവണ്മെന്റ് വിദ്യാഭ്യാസ രംഗത്ത് മാതൃക കാട്ടിയിരിക്കുന്നു. എഡ്യൂസാറ്റ് അടക്കമുള്ള ആധുനിക സങ്കേതം ഉപയോഗിച്ചുകൊണ്ട് വിദ്യാഭ്യാസം മെച്ചപ്പെടുത്തി. വിദ്യാഭ്യാസത്തിനൊരു ഡെസ്റ്റിനേഷൻ, ഉണ്ടായിരിക്കുന്നു. സർ, ലോകം മുഴുവനും കേരളത്തിലേയ്ക്ക് ഉറ്റുനോക്കുന്നു, അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള കാഴ്ചപ്പാട് ഈ ഗവണ്മെന്റ് അവതരിപ്പിച്ചിരിക്കുന്നു. അതുപോലെ തന്നെ സ്മാർട്ട് കാർഡ് അടക്കം തീരദേശങ്ങളിലെ മൽസ്യത്തൊഴിലാളികളെ സഹായിക്കാനുള്ള പദ്ധതികൾ, 100 കായിക താരങ്ങൾക്ക് ജോലി കൊടുക്കാനുള്ള പദ്ധതി, ഉഷ സ്കൂളിന് സ്ഥലം അനുവദിച്ച നടപടി അടക്കം വമ്പിച്ച മുന്നേറ്റം ഉണ്ടായിരിക്കുന്നു. Floor level minimum wages നൽകിയിരിക്കുന്നു. സർ, പതിനായിരക്കണക്കിന് തോട്ടം തൊഴിലാളികൾക്ക്, മരം കയറ്റ തൊഴിലാളികൾക്ക്, സ്വർണ്ണത്തൊഴിലാളികൾക്ക്, പീടികത്തൊഴിലാളികൾക്ക് അതുപോലെ റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

കടക്കാർക്ക് ക്ഷേമനിധി പ്രഖ്യാപിച്ച ഈ ഗവണ്മെന്റ് ഈ നാട്ടിലെ സാധാരണ കാരിൽ സാധാരണക്കാരുടെ ഗവണ്മെന്റാണെന്ന് തെളിയിക്കുന്ന പ്രഖ്യാപനമാണ് ഈ നയപ്രഖ്യാപനത്തിലൂടെ നടത്തിയിരിക്കുന്നത്. തോട്ടം തൊഴിലാളികൾക്കു വേണ്ടിയുള്ള ഹാബിറ്റാറ്റിന്റെ ഭവനനിർമ്മാണ പദ്ധതി സ്വാഗതാർഹമായ ഒരു കാര്യമല്ലേ? അതുപോലെതന്നെ ശബരിമല തീർത്ഥാടകരുടെ കെ.എസ്. ആർ.ടി.സി. യാത്രാനിരക്ക് കുറച്ചുകൊടുത്തുകൊണ്ട് വളരെ ശ്രദ്ധേയമായ നടപടി ഈ ഗവണ്മെന്റ് ആരംഭിച്ചു. ശബരിമല വികസനത്തിനുവേണ്ടി സ്ഥലം ലഭ്യമാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരുംകൂടി നിരന്തരമായി അവിടെ സന്ദർശിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അതുപോലെതന്നെ ടൂറിസം ഡിപ്പാർട്ടുമെന്റിൽ വമ്പിച്ച മുന്നേറ്റം ഉണ്ടാകുന്ന സൂചന കാണാൻ കഴിഞ്ഞിരിക്കുന്നു. കേരളത്തെ നടുക്കിയ എൻഡോസൾഫാൻ എന്ന കീടനാശിനി നിരോധിക്കാൻ ധീരത കാട്ടിയ ഗവണ്മെന്റാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവണ്മെന്റ്. ഇത് പ്രതിപക്ഷത്തിരിക്കുന്ന എന്റെ സ്നേഹിതൻ ശ്രീ. ബിനോയ് വിശ്വത്തിനെപ്പോലെയുള്ളവർ കാണാതിരിക്കുന്നത് എന്തുകൊണ്ടാണ് ക്ലീൻ ഡെസ്റ്റിനേഷൻ സ്കീമെന്ന് പറയുന്ന ടൂറിസത്തിന്റെ പുതിയ പദ്ധതി കേരളത്തിലെ ടൂറിസം മേഖലയിൽ വമ്പിച്ച സാദ്ധ്യതയുണ്ടാക്കും. സാംസ്ക്കാരിക വകുപ്പ് ഇടപെടലുകളില്ലാതെ ജനാധിപത്യ വൽക്കരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞിരിക്കുന്നു. പ്രവാസി മലയാളികൾക്കു വേണ്ടി മൂന്ന് അറ്റസ്റ്റേഷൻ സെന്ററുകൾ ആരംഭിച്ചുകൊണ്ട് ആ രംഗത്തുള്ള ഉദ്യോഗാർത്ഥികൾക്ക് സഹായം നൽകാൻ മുന്നോട്ടു വന്നിരിക്കുന്നു. മലയോര വികസന അതോരിറ്റി, തീരദേശ വികസന അതോരിറ്റി, അതേപോലെ മലയോര ഹൈവേ അതിന്റെ പ്രവർത്തനം ബഹുമാനപ്പെട്ട മത്തായി ചാക്കോ എം.എൽ.എ.-യുടെ മണ്ഡലത്തിനടുത്ത് ആരംഭിച്ചിരിക്കുന്നു. അങ്ങനെ വമ്പിച്ച നേട്ടങ്ങൾ ഈ നയപ്രഖ്യാപനത്തിലൂടെ കാണുകയാണ്. അതുപോലെതന്നെ ഡിസാസ്റ്റർ മാനേജുമെന്റെന്ന് പറയുന്ന ഒരു പുതിയ സംവിധാനം. ഉരുൾ പൊട്ടൽ ഉണ്ടായാൽ നാശനഷ്ടങ്ങൾ ഉണ്ടാകും. അതിന് ഇൻഷ്വറൻസ് ഏർപ്പെടുത്തിക്കൊണ്ട് പ്രകൃതിക്ഷോഭത്തെ നേരിടനുള്ള വ്യക്തമായ കാഴ്ചപ്പാട് ഈ ഗവണ്മെന്റ് മുന്നോട്ട് വച്ചിരിക്കുകയാണ്. വൈദ്യുത രംഗത്ത് APDRP എന്ന് പറയുന്ന ഒരു പുതിയ പദ്ധതിമുഖേന കോടിക്കണക്കിന് രൂപയുടെ പദ്ധതി ആവിഷ്ക്കരിക്കുകയും വൈദ്യുതിരംഗത്ത് നവീകരണത്തിനുവേണ്ടി വമ്പിച്ച പ്രഖ്യാപനങ്ങളുമായി മുമ്പോട്ടു വന്നിരിക്കുകയുമാണ്. ഇടുക്കി അടക്കമുള്ള പിന്നോക്ക മേഖലകളിൽ പാവപ്പെട്ടവർക്ക് വൈദ്യുതി കിട്ടാൻ മുൻതൂക്കം നൽകാനുള്ള നടപടി ഈ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നു.

വ്യവസായ രംഗത്ത് കുതിച്ചു ചാട്ടത്തിന്റെ പ്രതിഫലനം ഉണ്ടായിരിക്കുന്നു. വല്ലാർപാടം കണ്ടെയിനർ ടെർമിനൽ, ജി.എ.ഐ.എൽ.-ന്റെ പ്രകൃതി വാതക പൈപ്പ്ലൈൻ സ്മാർട്ട് സിറ്റി, ഫാഷൻ സിറ്റി തുടങ്ങിയ പ്രോജക്റ്റുകൾ കേരളത്തിനുണ്ടാക്കുന്ന മാറ്റങ്ങൾ ആരും കണ്ടില്ലെന്ന് നടിക്കരുത്. ഇത്തരം പ്രവർത്തനങ്ങളുമായി കേരള ഗവണ്മെന്റ് മുന്നോട്ടു പോകുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കോവളം മോഡൽ സമരം

LIBRARY ARCHIVES Kerala Legislative Assembly

ആരെ രക്ഷിക്കാനാണ് എന്നത് ആലോചിക്കണം. കേരളത്തിലേയ്ക്ക് ആരെങ്കിലും വന്നാൽ അപകടമാണെന്ന് ചൂണ്ടിക്കാണിക്കുന്ന ഇത്തരം നടപടി ഒരു പ്രതിപക്ഷനേതാവിന് യോജിച്ചതാണോഎന്ന് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, ഗ്ലോബൽ പാർലമെന്ററി മീറ്റ് കേരളത്തിൽ നടത്താൻ പോകുന്ന ബഹുമാനപ്പെട്ട പാർലമെന്ററി കാര്യവകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം ഒരു നിർദ്ദേശം വച്ചിരിക്കുന്നു. അത് കേരളത്തിലെ പാർലമെന്ററി രംഗത്തിന്റെ ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായമാകുമെന്ന് ഞാൻ വിചാരിക്കുകയാണ്. അതുപോലെതന്നെ സുനാമി ദുരന്തം ഉണ്ടായപ്പോൾ നിമിഷങ്ങൾക്കകം കടൽഭിത്തി നിർമ്മിക്കാനും മറ്റ് ആനുകൂല്യങ്ങളെത്തിക്കാനുമൊക്കെ മുന്നോട്ടുവന്നു. എന്റെ മണ്ഡലത്തിലെ മലങ്കര അടക്കമുള്ള ജലസേചന പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിച്ചിരിക്കുന്നു. അങ്ങനെ ധാരാളം വികസന പദ്ധതികളാണ് ഈ നയപ്രഖ്യാപനത്തിലൂടെ മുന്നോട്ടു വച്ചിരിക്കുന്നത്. ഓർഗാനിക് ഫാർമിംഗ് ഗവണ്മെന്റ് നയമായി പ്രഖ്യാപിച്ചിരിക്കുന്നു. അതുപോലെതന്നെ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി കൃഷിക്കാർക്ക് ആ വർഷംതന്നെ വരൾച്ചാ ദുരിതാശ്വാസ ഫണ്ട് കൊടുത്തിരിക്കുന്നു. ഇടുക്കി ജില്ലയിൽ മാത്രം 12 കോടി രൂപ കൊടുത്തു. അതുപോലെതന്നെ കുരുമുളക് സംഭരിക്കാനുള്ള തീരുമാനം ഇത് കാപ്പിയും അടയ്ക്കയും സംഭരിക്കാനുള്ള തീരുമാനം, കൃഷിക്കാർ അംഗീരിക്കുന്നതീരുമാനമാണ് ഇതൊരു വലിയ കാര്യമാണ്. എത്രയോ വർഷങ്ങളായി കേരളത്തിലെ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി ഈ ഗവണ്മെന്റിന്റെ വികസന രംഗത്തുള്ള വലിയ കാര്യമാണ്. ഗ്രാമ വികസന രംഗത്ത് 'പുര' എന്നു പറയുന്ന പുതിയ സ്കീം കേരളത്തിലെ എല്ലാ ബ്ലോക്കുകളും ഏറ്റെടുത്ത് മുന്നേറ്റം നടത്തികൊണ്ടിരിക്കുന്നു. സാമ്പത്തികമായ പ്രയാസങ്ങളുണ്ടെങ്കിലും പി.ഡബ്ല്യു.ഡി. നൂറ് കണക്കിന് റോഡുകൾ ഏറ്റെടുത്തിരിക്കുന്നു. മൂവായിരത്തിൽപ്പരം കോടി രൂപ കേന്ദ്ര ഗവണ്മെന്റിൽനിന്നും വാങ്ങിയെടുക്കാൻ കഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള വമ്പിച്ച നേട്ടങ്ങളാണ് ഈ നയപ്രഖ്യാപനത്തിലൂടെ പ്രതിഫലിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എം. മുകുന്ദന്റെ "കേശവന്റെ വിലാപങ്ങൾ" എന്നു പറയുന്ന പുസ്തകത്തിന്റെ ഒരു ഭാഗത്ത് "സി.ഐ.ടി.യു. ഓഫീസിൽ അകപ്പെട്ട മുതലാളിയെപ്പോലെ" എന്ന ഒരു പ്രയോഗമുണ്ട്. എന്താണ് അതിന്റെ അർത്ഥം? സി.ഐ.ടി.യു. ഓഫീസിൽ പോയി മുതലാളി പമ്മിപ്പതുങ്ങി പേടിച്ച് ഇരിക്കുന്നു എന്ന അർത്ഥത്തിലാണ് ചൂണ്ടിക്കാണിക്കുന്നത്. ഈ വികസനങ്ങളുമെല്ലാമായി കേരളാ ഗവണ്മെന്റ് ശ്രദ്ധാപൂർവ്വം മുന്നോട്ടു പോകുമ്പോൾ ഇടതുപക്ഷം, പ്രത്യേകിച്ച് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഈ വികസനത്തെ തല്ലിക്കെടുത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ സൂചനയാണ് എല്ലാ സ്ഥലത്തും കാണുന്നത്. ഏത് പ്രശ്നത്തിന്റെ മുമ്പിലും വികസന വിരുദ്ധനയം നടപ്പിലാക്കുകയാണ്. എക്സ്പ്രസ് ഹൈവേയ്ക്കെതിരെ ഇവർ ബഹളമുണ്ടാക്കി. എ.ഡി.ബി. ലോൺ അവർ വാങ്ങാൻ പോയി. യു.ഡി.എഫ്. വന്നപ്പോൾ എതിർത്തു. അതുപോലെ തന്നെ മതികെട്ടാനിൽ അവരുടെ കാലത്ത് കൈയ്യേറ്റം നടന്നു. യു.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

വന്നപ്പോൾ ഒഴിപ്പിച്ചു. സമരം നടത്തി. മുത്തങ്ങയിൽ പാവപ്പെട്ടവർക്ക് സ്ഥലം കൊടുക്കാൻ UDF മുന്നോട്ടുവന്നു. ആ നടപടിയെ ഇടതുപക്ഷം ആക്ഷേപിക്കാൻ ശ്രമിച്ചു. യു.ഡി.എഫ്. കൊണ്ടുവരുന്ന എല്ലാ നടപടികളേയും എതിർക്കുന്നു. സ്വാശ്രയ കോളേജ് ഇടതുപക്ഷം തുടങ്ങിവച്ചു. യു.ഡി.എഫ്. തുടരുന്നു. അതിനും വലിയ സമരമാണ് ഇടതുപക്ഷം നടത്തുന്നത്. ഇങ്ങനെയുള്ള നിഷേധാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് പ്രതിപക്ഷം മുന്നോട്ടു പോകുന്നത്. ഇങ്ങനെ പോയി അവർ എവിടെയാണ് എത്താൻപോകുന്നത് സാർ? അടുത്ത ദിവസം കൊല്ലത്തെ താത്വികനായ സി.ഐ.ടി.യു. നേതാവ്, അദ്ദേഹം ശിവതാണ്ഡവവുമായി ബന്ധപ്പെടുത്തി ഒരു പഠനം നടത്തി. അദ്ദേഹത്തെ പുകച്ചു പുറത്തു ചാടിച്ചു. അതുപോലെ എം. പി. പരമേശ്വരനെ പുകച്ചു പുറത്തു ചാടിച്ചു. കുഞ്ഞനന്തൻ നായർ അടക്കമുള്ളവർ ഒരു ഭാഗത്തു നിൽക്കുന്നു. അതുപോലെ ശ്രീ. രാജീവ്, ഡോ. തോമസ് ഐസക്, ഡോക്ടർ ഇക്ബാൽ അടക്കമുള്ള പ്രമാണിമാരെയെല്ലാം ദിവസംതോറും സി.പി.എം. പുകച്ചു പുറത്തു ചാടിക്കാൻ ശ്രമിക്കുകയല്ലേ?. ബഹുമാനപ്പെട്ട ഹസ്സൻ ഇവിടെ ചൂണ്ടിക്കാണിച്ചു, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി പ്രത്യേകിച്ച് ഈ സഭയിൽ ഉത്തരവാദിത്വമുള്ള ഇടതുപക്ഷം ഈ ഗവണ്മെന്റിന്റെ നയങ്ങൾ സ്വീകരിക്കാതെയുള്ള ഒരു സമീപനം, യാതൊരു മാന്യതയും പുലർത്താതെയുള്ള സമീപനം സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്. സി.പി.എം. ഉദാരവൽക്കരണത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുകയാണെന്നാണ് ഓരോ നിമിഷവും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞാൻ കഴിഞ്ഞ ദിവസം പത്രത്തിൽ വായിച്ചു, ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായി പശ്ചിമ ബംഗാളിൽ ഒരു തുറമുഖം സ്വകാര്യവൽക്കരണത്തിന് തുറന്നു കൊടുത്തിരിക്കുന്നു. ബ്രിട്ടീഷ് ഗവണ്മെന്റുമായി പശ്ചിമ ബംഗാൾ മുഖ്യമന്ത്രി കരാർ ഉണ്ടാക്കിയിരിക്കുന്നു. സി.പി.എം. ഭരിക്കുന്ന ബംഗാളിലാണിത്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പോളിറ്റ് ബ്യൂറോ അംഗമല്ലേ? എന്തുകൊണ്ടാണ് ഇതിനെ ചോദ്യം ചെയ്യാത്തത്? കമ്മ്യൂണിസ്റ്റ് പാർട്ടി ലോക സംഘടനയാണെന്ന് പറയുകയും, കൽക്കട്ടയിൽ ഒരു നയം കേരളത്തിൽ മറ്റൊരു നയം. ഇതു ഇരട്ടത്താപ്പ് അല്ലേ സർ? വികസനം യു.ഡി.എഫ്.-ന്റെ കാലത്ത് വന്നാൽ അനുവദിക്കില്ല എന്ന സമീപനം മാറ്റാൻ പ്രതിപക്ഷം തയ്യാറാകാത്തിടത്തോളംകാലം കേരളത്തിന് രക്ഷപ്പെടാൻ സാദ്ധ്യതയില്ല. ഇവിടെ എന്റെ സ്നേഹിതൻ ബിനോയ് വിശ്വം ചില കാര്യങ്ങൾ പറഞ്ഞു. മൂന്നു മാസത്തെ പത്രങ്ങളാണ് ബഹുമാനപ്പെട്ട എം. എം. ഹസ്സൻ വായിച്ചതെന്ന് പറഞ്ഞു. മൂന്നു മാസത്തെ പത്രങ്ങളെന്ന് പറയുമ്പോൾ അത് കേരളീയ ജീവിതത്തിന്റെ പ്രതിഫലനമാണ്. അത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചേരിത്തല്ലിന്റെ പ്രതിഫലനമാണ്. സുനാമി പ്രവചിച്ചില്ല എന്നാണ് എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ബിനോയ് വിശ്വം പറയുന്നത്. ലോകത്തെവിടെയെങ്കിലും സുനാമി പ്രവചിച്ചതായി കേട്ടോ സാർ? ലോകത്ത് വികാസം പ്രാപിച്ച ഒരു രാജ്യത്തും സുനാമി പ്രവചിച്ചിട്ടില്ല. ഒരു ഗവണ്മെന്റിനെ കുറ്റപ്പെടുത്താൻ കാരണം കണ്ടുപിടിക്കാൻ സുനാമിയെപ്പോലും ആയുധമാക്കാൻ ഒരു മടിയുമില്ല. ടി. കെ. ജോസിനെ മാറ്റിയതുപോലും എന്റെ സ്നേഹിതൻ കാര്യമാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന് ദേഹാസ്വാസ്ഥ്യമുള്ളതുകൊണ്ട് തന്നെ മാറ്റണമെന്ന് അദ്ദേഹം അപേക്ഷിച്ചിട്ട് ഗവണ്മെന്റ് എടുത്ത തീരുമാനംപോലും രാഷ്ട്രീയക്കണ്ണുകൊണ്ട് നോക്കിക്കാണുന്നത് ശരിയല്ല. ഞാൻ ഈ നയപ്രഖ്യാപനത്തെ അംഗീകരിക്കുകയാണ്, അനുകൂലിക്കുകയാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന് ഈ അടുത്തകാലത്തൊന്നും നേരിടേണ്ടി വരാത്ത രീതിയിലുള്ള ഒരു ബുദ്ധിമുട്ടാണ് കഴിഞ്ഞ

1. p.m. മാസങ്ങളിലുണ്ടായത്. പക്ഷേ എന്നിട്ടും ആ ദുരന്തങ്ങളെല്ലാം പെട്ടെന്ന് മറക്കത്തക്ക രീതിയിൽ വളരെ വേഗത്തിൽ അതിന് സമാശ്വാസ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും വലിയ കാര്യം. എത്രയോ ആളുകളുടെ വീടുകൾ തകർന്നു, എത്രയോ ആളുകൾ മരിച്ചു. ഇതെല്ലാം ഓർത്തോർത്ത് വിഷമിക്കുന്ന ഒരു ജനതയ്ക്ക് അൽപ്പം ആശ്വാസം കൊടുക്കത്തക്ക രീതിയിലുള്ള ഈ ഗവൺമെന്റിന്റെ പ്രവർത്തനം വളരെ നന്നായി എന്ന് പറയാതിരിക്കാൻ തരമില്ല. ജനങ്ങളും സർക്കാർ ഉദ്യോഗസ്ഥന്മാരും കൈകോർത്ത് പിടിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു തീവ്രയത്ന പരിപാടിയുടെ ഭാഗമായിട്ടാണ് ഈ പ്രശ്നങ്ങളെല്ലാം വളരെ വേഗത്തിൽ പരിഹരിക്കാൻ നമുക്ക് കഴിഞ്ഞത് എന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്. ഗവൺമെന്റും ഉദ്യോഗസ്ഥൻമാരും ഒന്നിച്ചു ചേർന്നാൽ ഒരുപാടൊരുപാട് നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയും. അതല്ലാതെ തർക്കിച്ച് തർക്കിച്ച് ഈ നിയമസഭയിൽ വന്ന് നമ്മൾ കാണിക്കുന്ന കോപ്രായങ്ങൾ അവരും ചെയ്തിരുന്നുവെങ്കിൽ ഒന്നും നടക്കില്ലായിരുന്നു. വിവരവും വിദ്യാഭ്യാസവും ഉള്ള ആളുകളല്ലേ നിയമസഭയിൽ വരാറുള്ളത്. നിയമസഭയിൽ വരുന്ന ആളുകൾ ഉള്ള കാര്യങ്ങൾ ഉള്ളതുപോലെ ജനങ്ങളെ ധരിപ്പിക്കാനല്ലേ ശ്രമിക്കേണ്ടത്? ഇവിടെയുള്ള ആളുകൾ പറയുന്നത് ജനങ്ങൾ കേൾക്കുമ്പോൾ തെറ്റായ ചില ധാരണകൾ ഉണ്ടാവുകയാണ്. അത് പാർട്ടി അടിസ്ഥാനത്തിൽ നിങ്ങൾ കാണരുത്. പാർട്ടി അടിസ്ഥാനത്തിൽ മിടുക്ക് കാണിക്കാൻ വേണ്ടി ആളുകൾക്ക് തെറ്റിദ്ധാരണ ഉണ്ടാകത്തക്ക വിധത്തിലുള്ള പ്രചരണങ്ങൾ പാടില്ല. ഇടതായാലും വലതായാലും അത് ചെയ്യരുതെന്ന് മാത്രമേ എനിക്ക് അഭിപ്രായമുള്ളു. കഴിഞ്ഞ കാലങ്ങളിൽ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തുവെന്ന് ഇവിടെ പറയുന്നുണ്ട്, ശരിയാണ്. കഴിഞ്ഞ 5 വർഷക്കാലം എന്തായിരുന്നു കേരളം, കേരളത്തിന്റെ രീതി എന്നൊക്കെ നിങ്ങൾ നോക്കേണ്ടതാണ്. അന്ന് അവസാനം ഇറങ്ങിപ്പോയത് എങ്ങനെയാണ്? പത്തോ പതിനഞ്ചോ രൂപ പോലും ഇല്ലാത്ത രീതിയിൽ ഈ രാജ്യത്തെ അവശേഷിപ്പിച്ച ശേഷം ഇറങ്ങിപ്പോയ ആളുകൾ ഇപ്പോൾ പ്രതിപക്ഷത്തിരുന്നുകൊണ്ട് വല്ലതും ചെയ്യുന്ന ഗവൺമെന്റിനെതിരെ കോപ്രായം കാണിക്കുന്നതിൽ വലിയ കാര്യമൊന്നുമില്ല. വിവരമുള്ള ആളുകളല്ലേ നമ്മളെല്ലാവരും? നമ്മളെല്ലാവരും വിദ്യാഭ്യാസമുള്ള ആളുകളല്ലേ? വിദ്യാഭ്യാസം പ്രയോഗിക്കേണ്ടത് മറ്റുള്ളവരെ ചതിക്കാൻ വേണ്ടിയല്ല, ആരുടെയെങ്കിലും തെറ്റ് പറയാൻ വേണ്ടിയല്ല, കുറ്റം പറയാൻ വേണ്ടിയല്ല. കേരളത്തിൽ വിദ്യാഭ്യാസം കൂടിപ്പോയത് ശാപമായിപ്പോയോ എന്നുപോലും ചിന്തിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം സ്വാർത്ഥപരമായ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾക്കുവേണ്ടി മാത്രമേ നമ്മൾ ഉപയോഗിക്കുന്നുള്ളു. പണ്ട് വിദ്യാഭ്യാസം ഇത്രയും പുരോഗമിച്ചിട്ടില്ലാത്ത കാലത്ത് നമ്മുടെ പൂർവ്വികൻമാർ ഭരിച്ചിരുന്ന കാലത്ത് തമ്മിൽത്തമ്മിൽ സ്നേഹമുണ്ടായിരുന്നു, തമ്മിൽത്തമ്മിൽ വിശ്വാസമുണ്ടായിരുന്നു. അർദ്ധരാത്രിയിൽ എന്തെങ്കിലും ശബ്ദം കേട്ടാൽ എന്താണ് കാര്യമെന്ന് ചോദിക്കാനുള്ള സൻമനസ്സ് അന്നുണ്ടായിരുന്നുവെങ്കിൽ ഇന്ന് ഒരുപക്ഷേ എല്ലാ വിധത്തിലും സുഖിക്കുന്ന നമ്മുടെ ആളുകൾ രാത്രിയിൽ ഒരു ശബ്ദം കേട്ടാൽ ജനൽ അടച്ചോ എന്നാണ് പറയുന്നത്. മറ്റൊരാൾക്ക് സംഭവിച്ചത് എന്താണെന്നറിയാൻ നമ്മൾ തൽപ്പരരല്ല. ആ നമ്മളാണ് ഈ നിയമസഭയിൽ വന്ന് അങ്ങോട്ടുമിങ്ങോട്ടും കൊഞ്ഞനം കാണിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നത്. ഗവൺമെന്റ് നല്ലത് ചെയ്തുവെങ്കിൽ അത് അംഗീകരിക്കാനുള്ള മഹാമനസ്ക്കത പ്രതിപക്ഷത്തിനുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റ് തെറ്റ് ചെയ്തുവെങ്കിൽ ഞങ്ങളത് ഏറ്റുപറഞ്ഞുവെങ്കിൽ പരമാർത്ഥമാണെങ്കിൽ അതും നിങ്ങൾ അംഗീകരിക്കണം. അതല്ലാതെ മിടുക്കൻമാരായി വെളിയിലോട്ട് പോയി ഈ രാജ്യത്ത് ഒരുപാട് കാര്യങ്ങൾ ചെയ്തു എന്നുപറഞ്ഞിട്ട് ഈ കാലമാത്രയും എന്തുണ്ടായി? കുറേക്കാലം ഇവിടുത്തെ പ്രഗത്ഭൻമാരായിട്ടുള്ള എല്ലാ മുഖ്യമന്ത്രിമാരുടെയും കൂടെ ഇരുന്ന ആളാണ് ഞാൻ. എല്ലാവരുടെ പ്രവർത്തനവും നമുക്കറിയാം. സഖാവ് അച്ചുതമേനോൻ മുതൽ ഇങ്ങോട്ട്, അതിനുമുൻപ് പട്ടം താണുപിള്ള മുതൽ ഇങ്ങോട്ട് എല്ലാവരും രാജ്യം ഭരിച്ചത് എങ്ങനെയാണെന്ന് കണ്ടുപഠിച്ചവനാണ് ഞാൻ. ഇന്നത്തെ രീതിയിലും ഇന്നത്തെ ചുറ്റുപാടിലും ഇന്ന് കാണിക്കുന്ന നല്ല കാര്യങ്ങൾ അംഗീകരിക്കാൻ നിങ്ങൾ വിവരമുള്ള ആളുകൾ തയ്യാറാകേണ്ടതാണ്. കോൺഗ്രസ് എന്ത് ചെയ്താലും തെറ്റെന്ന് വ്യാഖ്യാനിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രീതിയും കമ്മ്യൂണിസ്റ്റ് പാർട്ടി വല്ലതും ചെയ്താൽ അംഗീകരിക്കണ്ട എന്നുള്ള മറ്റുള്ളവരുടെ രീതിയും ഞാൻ അംഗീകരിക്കുന്നില്ല. നല്ലതാണെങ്കിൽ എപ്പോഴും അംഗീകരിക്കണം.

ശ്രീ. സാജുപോൾ: ബഹുമാനപ്പെട്ട കുറുപ്പ് സാർ ഇവിടെ ഗവൺമെന്റിന്റെ അപദാനങ്ങളെ വാഴ്ത്തി പറയുന്നുണ്ട്. യഥാർത്ഥത്തിൽ ഗവൺമെന്റ് ചെയ്ത കാര്യങ്ങളിൽ അങ്ങ് സംതൃപ്തനാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കഴിഞ്ഞ ഗവൺമെന്റ് ചെയ്തതിനേക്കാൾ എത്രയോ നല്ല കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ഞാൻ ഈ ഗവൺമെന്റിന്റെയും ഇതിനുമുൻപുള്ള ഗവൺമെന്റിന്റെയും ഭരണം കണ്ടവനാണ്. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് ചെയ്തതിനേക്കാൾ എത്രയോ ഭേദമായ കാര്യങ്ങൾ ആന്റണി ഗവൺമെന്റ് ചെയ്തിരുന്നു. ഇത് ഇല്ലാതാക്കാൻ നിങ്ങളിപ്പോൾ പറഞ്ഞാൽ മറ്റേത് വളരെ മോശമാണെന്ന് വ്യാഖ്യാനിക്കേണ്ടി വരും. ആ രീതിയിലല്ല കാര്യങ്ങൾ കാണേണ്ടത്. ഈ രാജ്യത്ത് ഇല്ലായ്മകളും വല്ലായ്മകളും ധാരാളമുണ്ട്. ഇതൊക്കെ പരിഹരിക്കാൻ ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ അതിനെ കുറ്റപ്പെടുത്തിക്കൊണ്ട് അതിനെ വ്യാഖ്യാനിച്ചുകൊണ്ട് അവരെ നിരാശപ്പെടുത്തുകയല്ല വേണ്ടത്. വിവരവും വിദ്യാഭ്യാസവും ഉള്ളവരല്ലേ അപ്പുറത്തിരിക്കുന്നത്? ആ വിവരവും

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും ഈ രാജ്യത്തിന് ദോഷം സംഭവിക്കുന്ന രീതിയിൽ ഉപയോഗിക്കാൻ പാടില്ല. ഈ രാജ്യം നന്നാക്കാൻ നിങ്ങൾക്ക് ഒരു വാക്ക് പറയാൻ കഴിയുമെങ്കിൽ പറയൂ. തമിഴ്നാട്ടിലെ ഗവൺമെന്റായാലും ഇവിടെ വന്ന് ഭരിക്കേണ്ടി വന്നാൽ അവരും നല്ലത് ചെയ്താൽ അംഗീകരിക്കണം: ഇങ്ങനെയൊക്കെ നല്ലത് ചെയ്ത ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന രീതിയിൽ മിടുക്കൻമാരായി വെളിയിലേക്ക് ഇറങ്ങിപ്പോകാനാണ് ഉദ്ദേശമെങ്കിൽ നടപ്പാകില്ല സഖാക്കളേ എന്ന് മാത്രമേ ഞാൻ പറയുന്നുള്ളു. ഈ ഗവൺമെന്റ് നല്ല കാര്യങ്ങൾ മാത്രം ചെയ്യുന്നു എന്ന് ഞാൻ അവകാശപ്പെടുന്നില്ല. ചെയ്യാവുന്നത് ചെയ്യുന്നു എന്നുമാത്രം. ഒരുപാടൊരുപാട് പരിമിതികളുണ്ട്. ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇത്രയൊക്കെ ചെയ്യുന്ന ഒരു ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ ആളുകൾ ധാരാളമുണ്ടാകും. പക്ഷേ അത് കേൾക്കാൻ ആളുകൾ ഉണ്ടാകില്ല എന്ന് നിങ്ങൾ ഓർക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെക്കുറിച്ച് പല ആളുകൾ പല വിധത്തിൽ പറയുന്നുണ്ട്. ഒരുപാട് ആളുകളെ കാണാനും പരാതികൾ കേൾക്കാനും ആ പരാതികൾക്ക് വ്യക്തമായ മറുപടി പറയാനും അദ്ദേഹത്തിന് കഴിഞ്ഞത് നിങ്ങൾക്ക് കഴിയാത്തതാണ്. ഞാൻ അതിന് അദ്ദേഹത്തെ അനുമോദിക്കുന്നു. നിങ്ങളെ ഞാൻ എതിർക്കുന്നില്ല. നല്ല കാര്യങ്ങൾ ആര് ചെയ്താലും അത് അംഗീകരിക്കാനുള്ള മന:സ്സാക്ഷി കമ്മ്യൂണിസ്റ്റുകാരായ നിങ്ങൾക്കുണ്ടാകണം. ഈ ഗവൺമെന്റ് ഈ അന്ധകാര ഘട്ടത്തിൽപ്പോലും, രാജ്യം ഒരുപാട് കഷ്ടപ്പാടുകളിലൂടെ പോകുമ്പോൾപ്പോലും ചെയ്യുന്ന നല്ല കാര്യങ്ങൾ കണ്ട് അത് നല്ലതെന്ന് അംഗീകരിക്കാനുള്ള മഹാമനസ്കത നിങ്ങൾക്കുണ്ടാകേണ്ടതാണ്. നിങ്ങൾ അങ്ങനെ ചെയ്തില്ലെങ്കിലും തരക്കേടില്ല. ഏതായാലും ഈ വണ്ടി മുന്നോട്ട് പോകുമെന്നതിൽ യാതൊരു സംശയവുമില്ല. ഞാൻ നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എം. ഹസ്സന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്, ഇവിടെ നയപ്രഖ്യാപന പ്രസംഗം നടത്തിയത് സി.പി.എം. ആണെന്നാണ്. കാരണം അദ്ദേഹം സി.പി.എം.-നെക്കുറിച്ച് മാത്രമേ പറയാൻ സമയം കണ്ടെത്തിയുള്ളു. അതേസമയം കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 19 സീറ്റുകളിൽ തോറ്റ കോൺഗ്രസിനെക്കുറിച്ചോ ചർച്ചയിലൊന്നും പങ്കെടുക്കുന്നില്ല എന്നുപറയുന്ന കോൺഗ്രസ് ഐ-യെക്കുറിച്ചോ ഒന്നും പറയാൻ തയ്യാറായില്ല. ഇവിടെ ഗവർണ്ണർ പ്രസംഗിച്ചതുപോലെ ഡിസംബർ 26-ാം തീയതി കൊലയാളി സുനാമി നിർദ്ദയമായി സംസ്ഥാനത്തിന്റെ തീരദേശ പ്രദേശങ്ങളിൽ ആഞ്ഞടിച്ചപ്പോൾ കുറേ ജനങ്ങൾക്ക് വീട് നഷ്ടപ്പെടുകയും, നമ്മുടെ സുഹൃത്തുക്കളും സഹോദരൻമാരുമൊക്കെയായിട്ടുള്ള കുറേപ്പേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തു. അതുപോലെയുള്ള ഒരു സുനാമിയാണ് ലോട്ടറിക്കാരുടെ മേൽ വന്നിരിക്കുന്നത്. ലോട്ടറിക്കാരുടെ കൊലയാളി സുനാമിയായി ഈ സർക്കാർ മാറരുത് എന്നൊരു അപേക്ഷയുണ്ട്. അതിനൊക്കെ നിയമ നടപടികൾ സ്വീകരിക്കാൻ വിഷമമുണ്ടെന്ന് പറഞ്ഞു. ഇവിടെ പി.എസ്.സി മെമ്പർമാരെ

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാൻ വേണ്ടി ഒരു ദിവസമേ എടുത്തിട്ടുള്ളൂ. ഒറ്റ ദിവസം കൊണ്ടാണ് അവരുടെ അംഗസംഖ്യ 14 എന്നത് 17 ആക്കിയത്. അതിൽ പറഞ്ഞ ഒരു വാചകമുണ്ട്, It shall come into force atonce. ലോട്ടറിയുടെ കാര്യത്തിൽ അത് പറയാനെങ്കിലും തയ്യാറാകണം. കേരള ലോട്ടറി വീണ്ടും കൊണ്ടുവരണം. അതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. കർണ്ണാടകയിലൊക്കെ കർഷകരെ സംരക്ഷിക്കാൻ ഒരുപാട് പരിപാടികൾക്ക് രൂപം കൊടുത്തിട്ടുണ്ട്, ക്രോപ്പ് ഇൻഷ്വറൻസ് ഇവിടെയും ഉണ്ടെന്ന് പറയുന്നുണ്ട്. കർഷകർ വിറ്റഴിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മതിയായ വില കിട്ടുന്നില്ലെങ്കിൽ അവരെ സഹായിക്കാൻ തയ്യാറാകണം. അവരെ സഹായിക്കാൻ വേണ്ടി കോടിക്കണക്കിന് രൂപ കർണ്ണാടക സർക്കാർ കൊടുക്കുന്നുണ്ട്.

ആദ്യംതന്നെ പണം കൊടുത്ത് കർഷകർ കൃഷിയിറക്കും ആ കൃഷി ഇറക്കിക്കഴിഞ്ഞാൽ അതിൽനിന്ന് റിവോൾവിംഗ് ഫണ്ടുണ്ട്. കൃഷിക്കാർക്കുണ്ടാകുന്ന distress sale –ൽ അവരെ രക്ഷിക്കാൻ സാധിക്കുന്ന രീതിയിലേയ്ക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. അത്തരം കാര്യങ്ങൾ ചെയ്തുകൊണ്ട് കർഷകരെ സംരക്ഷിക്കണം. മറ്റൊന്നു ജീവനക്കാരുടെ പ്രശ്നമാണ്. ഇവിടെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനു പേ കമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നു പറഞ്ഞു. അത് vague ആയിട്ട് പറഞ്ഞാൽ പോര. മൂന്നര വർഷക്കാലമായിട്ട് ഇതുവരെ ജീവനക്കാർക്കുവേണ്ടി ഒന്നും നടപ്പിലാക്കാൻ സാധിച്ചില്ല. ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി അവരുടെ തടഞ്ഞുവച്ചിരിക്കുന്ന ആനുകൂല്യങ്ങൾ വീണ്ടും നൽകാൻവേണ്ടിയിട്ടുള്ള പരിപാടികൾക്ക് രൂപം കൊടുക്കണം. അതൊന്നും ചെയ്യാതെ vague ആയിട്ട് പറയുന്നത് ശരിയല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനു പറയുന്ന കാര്യങ്ങളിൽ ഇപ്പോൾ നിങ്ങൾ ചെയ്യുന്നത് ശക്തികുറയ്ക്കുന്ന കാര്യങ്ങളാണ്. അവരുടെ ഫണ്ടുകളൊക്കെത്തന്നെ തിരിച്ചുപിടിക്കുകയാണ്. പുതിയ സിസ്റ്റമൊക്കെ തന്നെ വളരെ മോശമായ രീതിയിലുള്ളതാണ്. പിന്നാക്കക്കാരുടെ കാര്യത്തിൽ ഇന്നു രാവിലത്തെ ചോദ്യോത്തര സമയത്ത് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഒക്കെ പറഞ്ഞു. പിന്നാക്കക്കാരുടെ കാര്യത്തിൽ നിയമനങ്ങളിൽ കുറച്ചു കൂടി ആളുകൾക്ക് സംവരണം ഏർപ്പെടുത്താനുള്ള പരിപാടികൾക്ക് രൂപം കൊടുക്കണം. ഇവിടെ നമ്മുടെ ദേവസ്വം ബോർഡിൽ അതുപോലെതന്നെ പൊതു മേഖലാസ്ഥാപനങ്ങളിൽ ഇതിലൊന്നുംതന്നെ നിയമനങ്ങൾ പിന്നോക്കക്കാർക്ക് സംവരണം ചെയ്തിട്ടില്ല. അത്തരം കാര്യങ്ങളൊക്കെ ചെയ്തു മുന്നോട്ട് പോകുന്നതിനു പകരം മൂന്നു വർഷക്കാലമായിട്ട് ഗവർണ്ണർ ഇവിടെ പ്രസംഗിച്ച പ്രസംഗങ്ങൾക്ക് ഒന്നുംതന്നെ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സർക്കാരാണിത്. ഈ ഗവൺമെന്റ് വന്നശേഷമുള്ള നാലാമത്തെ ഗവർണ്ണറുടെ പ്രസംഗവും കഴിഞ്ഞു. അതിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇവിടെ പ്രസംഗിച്ചും കഴിഞ്ഞു. പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ സർക്കാർ മുന്നോട്ട് വരണം. അതിന് കഴിയാത്ത ഒരു സർക്കാരാണ് ഇവിടെയുള്ളത്. അതുകൊണ്ടാണ് ഈ നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ബഹുമാനപ്പെട്ട കേരള ഗവർണ്ണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തിന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ എന്റെ സുഹൃത്തുക്കൾ പറഞ്ഞ യു. ഡി. എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങൾ ഞാൻ പ്രത്യേകം പറയുന്നില്ല.പക്ഷെ യു. ഡി. എഫ്. ഗവൺമെന്റിന്റെ ആ പറഞ്ഞ നേട്ടങ്ങൾ ഉണ്ടായപ്പോൾതന്നെ ആ കാലയളവിൽ പ്രതിപക്ഷാംഗങ്ങൾ അവരുടെ ഭരണകാലത്ത് അവർ ചെയ്ത നടപടികളുടെ അടിസ്ഥാനത്തിലുള്ള കാരണത്തെ സംബന്ധിച്ച് മാത്രം സമരങ്ങൾ നടത്തുകയാണ്. എ. ഡി. ബി. ആയാലും പ്ലാച്ചിമടയായാലും കൊച്ചിൻ ഇൻഡസ്ട്രിയൽ/വാട്ടർ സംവിധാനമായാലും ഐസ്ക്രീംപാർലർ കേസായാലും അവർതന്നെ ചെയ്തിട്ടുള്ളതിനെക്കുറിച്ച് സമരം ചെയ്യുകയും 'ജിം' ന്റെ അടിസ്ഥാനത്തിൽ വന്നവയെ പരാജയപ്പെടുത്തുന്നതിനുള്ള നടപടികളായിരുന്നു സ്വീകരിച്ചത്. ഇവിടെ കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ രാഷ്ട്രപതി നടത്തിയ പ്രസംഗത്തിന്റെ പ്രക്ഷേപണത്തിൽ 2020-ാടുകൂടി ഇൻഡ്യയെ ഒരു വികസിതശക്തി രാജ്യമാക്കിത്തീർക്കാൻ സാധിക്കുമെന്നു പറയുകയും അതിന് ഏതെല്ലാം മേഖലകളിൽ പ്രവർത്തനം നടത്തണമെന്നു പറയുകയും ചെയ്തു. ആ ചുവടു പിടിച്ചുകൊണ്ട് കാർഷിക മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഐ. ടി. മേഖലയിലും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിലും സ്ത്രീ ശാക്തീകരണത്തിലുമൊക്കെ ആവശ്യമായ നയം പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു പ്രസംഗമാണ് ഗവർണ്ണർ ഇവിടെ നടത്തിയിട്ടുള്ളത്. സുനാമി ദുരന്തത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ആ ഗ്രാമങ്ങൾ പുനഃരുദ്ധരിക്കുവാനുള്ള നയവും അതിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. ബിനോയ് വിശ്വം ഇവിടെ പറയുകയുണ്ടായി ഞാൻ 'ദുഃഖിതനാണ്' എന്ന്. എന്തുകൊണ്ടാണ് അദ്ദേഹം ദുഃഖിതനാകുന്നത്. ഈ നയപ്രഖ്യാപനത്തിൽ സുനാമി ദുരന്തം ബാധിച്ച ഗ്രാമങ്ങളെ പുനഃരുദ്ധരിക്കുമെന്നു പറയുമ്പോൾ അദ്ദേഹം അതിനുവേണ്ടി ദുഃഖിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ ദുരന്തം സംഭവിച്ചത്. കേരളത്തിൽ 170 മരണവും 1,600 പേർക്ക് പരിക്കും ഉണ്ടെങ്കിൽ എന്റെ നിയോജകമണ്ഡലത്തിൽ മാത്രം 133 മരണവും 1,200 പേർക്ക് പരിക്കും ഉണ്ടായി. കൂടാതെ 17,500-ഓളം പേരെ 34 ക്യാമ്പുകളിൽ പ്രവേശിപ്പിക്കേണ്ട സാഹചര്യവും വന്നു. സാഹചര്യത്തിൽ ഗവൺമെന്റിന്റെ മിഷനറികളെല്ലാം ഒത്തൊരുമിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി എല്ലാ കെ. എസ്. ആർ. ടി. സി. ബസ്സുകളും ഡിപ്പാർട്ട്മെന്റ് വാഹനങ്ങളും പോലീസ് വാഹനങ്ങളും (പ്രൈവറ്റ് ബസ്സുകൾ ഉൾപ്പെടെയുള്ളത്) പ്രൊക്യൂർ ചെയ്തുകൊണ്ട് ഈ 17,500-ഓളം പേരെയും 34 ക്യാമ്പുകളിലായി പ്രവേശിപ്പിക്കുകയും അവിടെ വൈദ്യുതിയും വെള്ളവും സാനിട്ടേഷൻ ക്രമീകരണങ്ങളും 5 മണിക്കൂർകൊണ്ട് സാദ്ധ്യമാക്കുകയും ചെയ്തിട്ടുണ്ട്. തീരപ്രദേശത്തെ ആ ക്യാമ്പുകളിൽ ആഹാരവും മരുന്നും ആവശ്യത്തിന് കൊടുത്ത ആ സമയത്തുപോലും രാഷ്ട്രീയപ്രേരിതമായ നടപടികളായിരുന്നു പ്രതിപക്ഷം ചെയ്തിരുന്നത്. അവിടെ മൃതദേഹം മോർച്ചറിയിൽ വയ്ക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുമ്പോൾ നാൽപ്പതും അൻപതും മൃതദേഹങ്ങൾമോർച്ചറിയിൽ വയ്ക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അർദ്ധരാത്രിയിൽ മോർച്ചറിയിൽ വയ്ക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കുന്നു എന്നുപറഞ്ഞുകൊണ്ട് നാഷണൽ ഹൈവേ തടയാൻ ഇവിടുത്തെ പ്രതിപക്ഷാംഗങ്ങൾ ആഹ്വാനം ചെയ്യുകയും എന്റെ പ്രിയപ്പെട്ട പല സുഹൃത്തുക്കളും അവിടെവന്ന് ആമ്പുലൻസ്പോലും വരാത്ത രീതിയിലുള്ള നെറികെട്ട, വൃത്തികെട്ട രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. മന്ത്രിമാർ വരുമ്പോഴും മുൻമന്ത്രിമാർ വരുമ്പോഴും മറ്റും ആളുകളെ വാടകയ്ക്ക് എടുത്തുകൊണ്ട് കളിയാക്കാൻ ശ്രമം നടന്നു. ആ സമയത്താണ്, അവിടെയൊക്കെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഞങ്ങളൊക്കെ മുഴുകിയിരുന്ന സമയത്താണ്, എം. എൽ. എ. മാർ സ്ഥലത്തില്ല എന്നുപറഞ്ഞുകൊണ്ട് നികൃഷ്ടമായ രാഷ്ട്രീയ പ്രവർത്തനം ഈ മൃതശരീരങ്ങൾവച്ച് പ്രതിപക്ഷകക്ഷികൾ നടത്തിയത്. കാനനത്തിൽ കയറിയാൽപോലും കരിയില മാത്രം കാണുന്ന സ്വഭാവമുള്ളവരായി പ്രതിപക്ഷം അധഃപതിച്ചതാണ് ഇതിന് കാരണം. ആ മണ്ഡലത്തിൽ 3.000-ഓളം വീടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അവർക്ക് താൽക്കാലികമായിട്ടുള്ള ഷെൽട്ടറുകൾ ഉണ്ടാക്കി കഴിഞ്ഞിരിക്കുന്നു. മേയ് 15-നു മുമ്പ് ഇത്രയുംപേർക്ക് സ്ഥിരമായ പുനരധിവാസം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ക്രൈസിസ് മാനേജ്മെന്റിലാണ് ഒരു ഗവൺമെന്റിന്റെ വിജയം. അതിൽ ഈ ഗവൺമെന്റ് വിജയിച്ചിരിക്കുന്നു. അതോടൊപ്പംതന്നെ സർക്കാരിന്റെ 100 ദിവസ പരിപാടികളോടുകൂടി ഉദ്യോഗസ്ഥൻമാരെ ഊർജ്ജിതപ്പെടുത്തുന്നതിനും കെട്ടിക്കിടന്ന 77 ശതമാനം ഫയലുകളിൻമേൽ നടപടികൾ സ്വീകരിക്കുന്നതിനും 27,000 പേർക്ക് അഡ്വൈസ് മെമ്മോ കൊടുക്കുന്നതിനും ഈ കഴിഞ്ഞ കാലഘട്ടത്തിൽ സാധിച്ചിട്ടുണ്ട്.

അതുപോലെതന്നെ കാർഷികരംഗത്ത് ഒരു വമ്പിച്ച കുതിച്ചുചാട്ടമാണ് നടന്നത്. ആഗോള കരാറിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ ദൂഷ്യഫലങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള നടപടികൾ എടുക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കാർഷിക, ആഗ്രോ എക്സ്പോർട്ട് സോൺ, വെർച്ച്വൽ യൂണിവേഴ്സിറ്റി, മാർക്കറ്റിംഗ് ബിൽ, ഹെർബൽ സാങ്ച്വറി, ഹെർബൽ വാലി ഇങ്ങനെയുള്ള പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സുനാമി ബാധിത പ്രദേശങ്ങളിലെ സഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പകളിൻമേലുള്ള നടപടികൾ മാറ്റിവച്ചിരിക്കുകയാണ്. അത് സ്വാഗതം ചെയ്യുകയാണ്. അവരുടെ വായ്പകൾ എഴുതിതള്ളണം. വായ്പ തിരിച്ചടയ്ക്കുന്നതിനും മരണപ്പെട്ട കർഷകരുടെ വായ്പകൾ ഏറ്റെടുക്കുന്നതിനും റിസ്ക്ഫണ്ട് സ്കീം എന്ന പദ്ധതി ഈ നയപ്രഖ്യപനത്തിലുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി നയപ്രഖ്യാപനത്തിലുണ്ട്. പ്രാഥമിക സഹകരണ ബാങ്കിൽനിന്നും അവയുടെ 25 ശതമാനത്തിൽ കുറയാത്ത വായ്പ കാർഷിക വായ്പയായി കൊടുക്കാനുള്ള നയം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. നബാർഡിന്റെ സഹകരണത്തോടുകൂടി സ്വയം സഹായ പദ്ധതികൾ ഉണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണപരമായ മാറ്റത്തിനുവേണ്ടിയുള്ള നയം ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലുണ്ട്. തീരദേശ വികസന അതോറിറ്റിയിലൂടെ തുറമുഖങ്ങളും ശുദ്ധജല വിതരണം, വൈദ്യുതീകരണം തുടങ്ങി തീരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നയം ഈ നയപ്രഖ്യാപനത്തിലുണ്ട്. കടലിൽവച്ച് മരിക്കുന്ന മൽസ്യത്തൊഴിലാളികളുടെ കുടുംബത്തിന് സാമ്പത്തിക സഹായം ഏർപ്പെടുത്താനുള്ള നടപടികളും ഇതിലുണ്ട്. അത്തരം പദ്ധതികൾ ഉണ്ടായിട്ടും ബഹുമാനപ്പെട്ട ബിനോയ് വിശ്വം 'ഞാൻ ദുഃഖിതനാണ്' എന്നുപറഞ്ഞതിന്റെ കാരണം എനിക്കറിയില്ല. ഞാൻ ആവർത്തിച്ചുപറയട്ടെ കാനനത്തിൽ കയറി കരിയിലമാത്രം കാണുന്ന നയമാണ്, സമീപനമാണ് പ്രതിപക്ഷത്തിനുള്ളത് എന്നുപറഞ്ഞുകൊണ്ട്, ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട്, എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഗവൺമെന്റിനുവേണ്ടി 27-ാം തീയതി കേരള ഗവർണ്ണർ ശ്രീ. ആർ. എൽ. ഭാട്ടിയ നിയമസഭയിൽ ചെയ്ത പ്രസംഗവും ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിനുവേണ്ടി 2004 ജനുവരി 15-ാം തീയതി അന്നത്തെ ഗവർണ്ണർ ശ്രീ. സിക്കന്തർ ഭക്ത് നടത്തിയ പ്രസംഗവും ഈ രണ്ട് പ്രസംഗങ്ങളും എന്റെ കൈവശമുണ്ട്. കുറെയേറെ കാര്യങ്ങൾ ഗവർണ്ണർ നടത്തിയ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഈ പറഞ്ഞ കാര്യങ്ങളൊക്കെ നടപ്പിലാക്കാൻ കഴിഞ്ഞാൽ അത് നല്ല കാര്യമാണ്. പക്ഷെ എത്രത്തോളം നടപ്പിലാക്കാൻ കഴിയുമെന്നുള്ള കാര്യത്തെക്കുറിച്ചാണ് നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടത്. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാന്യനായ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് 2004 ജനുവരിമാസം 15-ാം തീയതി ഗവർണ്ണർ ശ്രീ. സിക്കന്തർ ഭക്ത് ഈ നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ 42-ാം പാരായിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞിരിക്കുന്നു. ഇപ്പോൾ നിയമസഭയുടെ മുമ്പാകെയുള്ള 2003-ലെ സർവ്വകലാശാല ബിൽ എന്ന നിയമം ഉന്നത വിദ്യാഭ്യാസത്തിൽ സ്വയംഭരണവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ള പ്രധാനപ്പെട്ട ഒരു നിയമമാണ്. ഇപ്പോൾ അതിന്റെ തുടർച്ചയായിവന്ന ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ 2003-ലെ സർവ്വകലാശാല ബില്ലിനെ കുറിച്ച് ഒന്നും പ്രതിപാദിക്കുന്നില്ല. ആ ബില്ല് ഇപ്പോൾ നിലവിലുണ്ടോ എന്നുള്ള കാര്യം ഈ നിയമസഭയ്ക്ക് അറിയാൻ അവകാശമുണ്ട്. മറ്റൊരുകാര്യം, ആ പ്രസംഗത്തിന്റെ 44-ാം പാരായിൽ ഗ്രാമീണതലങ്ങളിൽ ആയുർവേദ ഡിസ്പെൻസറികൾ പുതുതായി തുറക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞിരുന്നു. നമ്മുടെ ആരോഗ്യമേഖലയെക്കുറിച്ച് ഇന്നു രാവിലെയും ഈ നിയമസഭയിൽ ചർച്ച നടന്നു. മഞ്ഞപ്പിത്തരോഗം ബാധിച്ച അനവധി ആളുകൾ—ഡോക്ടർമാർ ഉൾപ്പെടെ—മരണപ്പെട്ട കാര്യത്തെക്കുറിച്ച് പറഞ്ഞു. ആരോഗ്യമേഖലയ്ക്ക് വളരെ ഊന്നൽ കൊടുക്കേണ്ട ഒരു സന്ദർഭമാണ്. ഏറെ കാര്യങ്ങൾ ഇപ്പോഴത്തെ നയപ്രഖ്യാപനത്തിൽ പറഞ്ഞു. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിൽ 20 പുതിയ ഗ്രാമീണ ആയുർവ്വേദ ഡിസ്പെൻസറികൾ തുറക്കും എന്നു പറഞ്ഞ കാര്യം എവിടെയായി എന്ന കാര്യം നാമൊന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഞാനിവിടെ സൂചിപ്പിച്ചത് നയപ്രഖ്യാപന പ്രസംഗങ്ങളിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് തീർച്ചയായും സത്വരമായ നടപടികൾ സ്വീകരിക്കണം എന്നാണ്. K.S.T.P. അനുസരിച്ച് റോഡുകൾ നന്നാക്കുന്നതിനെക്കുറിച്ച് ഈ പ്രാവശ്യത്തെ നയപ്രഖ്യാന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരുന്നു. അതു നല്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോടും മുഖ്യമന്ത്രിയോടും ധനകാര്യ മന്ത്രിയോടും അഭ്യർത്ഥിക്കുവാനുള്ള ഒരു കാര്യം ഞങ്ങളുടെയൊക്കെ പ്രദേശങ്ങളിൽ K.S.T.P. അനുസരിച്ച് റോഡുകൾ നന്നാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടക്കുകയാണ്. K.S.T.P.-യുടെ ഉദ്യോഗസ്ഥൻമാരും റവന്യൂ വകുപ്പിന്റെ ഉദ്യോഗസ്ഥൻമാരും പറയുന്നത് സ്ഥലഉടമകൾ സ്ഥലം വിട്ടുതന്നാൽ വളരെ പെട്ടെന്ന് പണം കൊടുക്കാമെന്നാണ്. ചെറുകിട വ്യാപാരികൾ ഉൾപ്പെടെയുള്ള ആളുകൾ ഈ വാക്കുകൾ കേട്ട് സ്ഥലം വിട്ടുകൊടുത്തു. അവർക്ക് ചെക്കും നൽകി. ആ ചെക്കുകൾ മാറുന്നില്ല. ലോകബാങ്കിന്റെ സഹായത്തോടെ നടത്തുന്ന പ്രോജക്ടുകൾ എന്ന നിലക്ക് ആ ചെക്കുകളെയെങ്കിലും ട്രഷറി ബാനിൽനിന്നും ഒഴിവാക്കിക്കൊടുക്കണം. ഈ പാവപ്പെട്ട വ്യാപാരികൾക്കും സ്ഥലമുടമകൾക്കും ചെക്ക് ലഭിച്ചാൽ അത് പട്ടിക്ക് മുഴുവൻതേങ്ങ കിട്ടിയതുപോലെ കൈയ്യിൽ വച്ചുകൊണ്ടിരിക്കുവാനല്ല എന്നുള്ള ഉദ്ദേശത്തിൽ ആ ചെക്കുകൾ മാറിയെടുക്കുവാൻ അതിനെ ട്രഷറി ബാനിൽനിന്നും ഒഴിവാക്കാനുള്ള അടിയന്തിര നടപടികൾ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ലോട്ടറി നിരോധനവുമായി ബന്ധപ്പെട്ട അടിയന്തിര പ്രമേയം ഇന്ന് നിയമസഭയിൽ കൊണ്ടുവന്നു. അതുസംബന്ധിച്ച് നടന്ന ചർച്ചയിൽ ബഹുമാന്യനായ മുഖ്യമന്ത്രിയും, ധനകാര്യ മന്ത്രിയും ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ സ്വാഗതാർഹമാണ്. മുഖ്യമന്ത്രി പറഞ്ഞു ഇവിടെ കൂടിയാലോചന നടത്താം എന്ന്. നയപരമായ ഒരു കാര്യം ഞാൻ ചോദിക്കട്ടെ, ലോട്ടറി നിരോധനം, നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് 3.5 ലക്ഷത്തോളം വരുന്ന അല്ലെങ്കിൽ 3 ലക്ഷത്തോളം വരുന്ന പാവപ്പെട്ടവരും അംഗവൈകല്യം സംഭവിച്ചവരും നിർദ്ധനരുമായിട്ടുള്ള ആളുകളെ ബാധിക്കുന്ന ഒരു സാമൂഹിക പ്രശ്നമാണ്. ആ സാമൂഹ്യ പ്രശ്നം കൈകാര്യം ചെയ്യുംമുമ്പ് ലോട്ടറി നിരോധിച്ചുകൊണ്ട് തീരുമാനം എടുക്കുന്നതിനുമുമ്പ് ഞങ്ങൾ വിചാരിച്ചു ഇടവഴിയിൽ നിൽക്കുന്ന ഞങ്ങളുമായിമാത്രമായിരിക്കും ആലോചിക്കാത്തത് എന്ന്. എന്നാൽ പിന്നീടാണ് മനസ്സിലായത് ആരുമായും ആലോചിച്ചിട്ടില്ല എന്ന്. പത്രങ്ങളിലൂടെ വന്നപ്പോൾ U. D. F.-ന്റെ Convenor ശ്രീ. പി. പി. തങ്കച്ചന്റെ പ്രസ്താവന വന്നു; കെ. പി. സി. സി. പ്രസിഡന്റിന്റെ പ്രസ്താവന വന്നു; മുതിർന്ന കോൺഗ്രസ് നേതാവ് ശ്രീ. കെ. കരുണാകരന്റെ പ്രസ്താവന വന്നു; മുൻ കെ. പി. സി. സി. പ്രസിഡണ്ട് ശ്രീ. മുരളീധരന്റെ പ്രസ്താവന വന്നു; നിരവധിയാളുകളുടെ പ്രസ്താവനകൾ വന്നപ്പോഴാണ് മനസ്സിലായത് ആലോചനകൾ നടന്നിട്ടില്ലായെന്ന്. ഇന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു ആലോചിക്കാം, സ്വാഗതാർഹം എന്നൊക്കെ. പക്ഷെ ഈ ആലോചന, തീരുമാനം എടുക്കുന്നതിന് മുൻപ് എന്തുകൊണ്ട് നടത്തിക്കൂടായിരുന്നു? എന്തുകൊണ്ട് ഒരു കൂടിയാലോചന നടത്താൻ കഴിഞ്ഞില്ല? ഇതൊരു സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയമല്ലേ? നമ്മുടെ നാട്ടിൽ ജനങ്ങളോട് സാമൂഹ്യ പ്രതിബദ്ധതയുള്ള എത്രയോ നിയമനിർമ്മാണങ്ങൾ വന്നിട്ടുണ്ട്—കാർഷിക ഭൂപരിഷ്കരണ നിയമം, ബാങ്ക് ദേശസാൽകൃത നിയമം. കോൺഗ്രസ് നേതാവ് ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ ബാങ്ക് ദേശസാൽക്കരണം നടന്നു.

പക്ഷെ അതിനെതിരെ കോടതി വിധിവന്നു. ആ നേതാവ് എന്താണ് ചെയ്തത്, ധൈര്യമായി മുന്നോട്ടുപോയി. നിയമനിർമ്മാണം കൊണ്ടുവന്നു, ജനങ്ങളോടുള്ള പ്രതിബദ്ധതയാണ് എനിക്ക് വലുത് എന്ന് പറഞ്ഞു. ഈ സംസ്ഥാനത്തെ പാവപ്പെട്ട ആളുകളോട് പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റല്ലേ നമ്മുടേത്? ഈ നിരോധനം കോടതി വിധി മൂലമാണെന്ന് ബഹുമാന്യനായ ധനകാര്യമന്ത്രി പറഞ്ഞു. വാദഗതിക്കുവേണ്ടി ഞാൻ അംഗീകരിക്കുന്നു. കോടതി വിധിയാകെ പരിശോധിച്ചപ്പോൾ ഈ നിരോധനം ഏർപ്പെടുത്തണമെന്ന്, സംസ്ഥാന ഗവൺമെന്റ് ലോട്ടറി നിരോധിക്കണമെന്ന് എവിടെയും പറഞ്ഞതായി കണ്ടില്ല. പക്ഷെ വാദഗതിക്കുവേണ്ടി അതംഗീകരിക്കാം. ഞാനങ്ങയോട് ചോദിക്കട്ടെ, ദിവസമെത്രയായി, ജനങ്ങളോട് പ്രതിബദ്ധതയുള്ള നമ്മൾ എന്ത് നടപടി സ്വീകരിച്ചു? നാളിതുവരെ അതിനെ മറികടക്കുവാൻ കഴിഞ്ഞോ? സുപ്രീംകോടതിയുടെ വിധിയാണോ അന്തിമം? അങ്ങനെയാണെങ്കിൽ നിയമനിർമ്മാണസഭയ്ക്ക് എന്തു കാര്യം? ജനങ്ങളോടുള്ള പ്രതിബദ്ധതയാണ് നമുക്ക് വലുതെങ്കിൽ ഈ സംസ്ഥാനത്തെ സാധാരണക്കാരെ ബാധിക്കുന്ന ഈ ലോട്ടറിനിരോധനംമൂലം അനേകമാളുകൾ കഷ്ടപ്പെടുന്ന ഈ സാഹചര്യത്തിൽ, പൊതുവായ വികാരമാണ്, ഭരണപക്ഷത്തിന്റേയോ, പ്രതിപക്ഷത്തിന്റേയോ, ഇടവഴിയിലുള്ളവരുടേയോ മാത്രമുള്ള ഒരു പ്രതിഷേധശബ്ദമല്ല, കേരളത്തിന്റെ മുഴുവൻ ശബ്ദമാണ്. അതുകൊണ്ട് അടിയന്തിരമായി ലോട്ടറി നിരോധനം പിൻവലിക്കുമെന്ന് അങ്ങു പറഞ്ഞത് എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കുവാൻ നടപടികളെടുക്കണമെന്നു മാത്രമാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഇവിടെ ഇരുപ്പുണ്ട്. 2004-ൽ അദ്ദേഹത്തിന്റെ ഗവൺമെന്റ് ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ച പ്രസംഗത്തിൽ പറയുന്നു 2005-ൽ ഞങ്ങൾ മൂവാറ്റുപുഴവാലി പദ്ധതിയും, കാരാപ്പുഴ പദ്ധതിയും കമ്മീഷൻ ചെയ്യും എന്ന്. ഇപ്പോൾ എന്താണ് പറഞ്ഞിരിക്കുന്നത്? എ. കെ. ആന്റണി ഗവൺമെന്റിന്റെ തുടർച്ചയായിവന്ന ഉമ്മൻചാണ്ടി ഗവൺമെന്റ് പറഞ്ഞിരിക്കുന്നു, മൂവാറ്റുപുഴ പദ്ധതിയും കാരാപ്പുഴ പദ്ധതിയും 2005-2006 മുതൽ മൂന്നു വർഷക്കാലത്തിനുള്ളിൽ കമ്മീഷൻ ചെയ്യും എന്ന്. ഇതെങ്ങനെ തുടർച്ചയാണെന്നു പറയാൻ കഴിയും? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പറഞ്ഞു ഇത് 2005-ൽ കമ്മീഷൻ ചെയ്യുമെന്ന്. ധാരാളം കൃഷിക്കാരെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളെന്നുള്ള നിലയിൽ മൂവാറ്റുപുഴവാലി പദ്ധതിയും, കാരാപ്പുഴ പദ്ധതിയും അടക്കമുള്ള പദ്ധതികൾ നിശ്ചിതസമയത്ത്, കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച ആ സമയത്തിനുള്ളിൽത്തന്നെ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. നമ്മുടെ റെയിൽവേയെക്കുറിച്ച് ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. അങ്കമാലി-ശബരി റെയിൽവേയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾക്കുവേണ്ടി 6 കോടി രൂപ 2002 വർഷത്തിൽ എറണാകുളം ജില്ലാ കളക്ടർക്ക് കൈമാറിയെന്നു പറയുന്നു. 3 വർഷം പിന്നിട്ടിട്ടും ഭൂമി ഏറ്റെടുക്കൽ നടപടികളാരംഭിച്ചിട്ടില്ല, കേരളത്തിന്റെ വികസനത്തെ സാരമായി ബാധിക്കുന്ന അങ്കമാലി-ശബരി റയിൽവേയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുവാൻ അടിയന്തിരമായ നപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുവാനുള്ളത്. അതുകൊണ്ട് ഗവൺമെന്റ് ജനങ്ങളോടുള്ള സാമൂഹ്യപ്രതിബദ്ധത നിലനിർത്തിക്കൊണ്ട്, പ്രഖ്യാപിക്കുന്ന കാര്യങ്ങൾ നടപ്പാക്കുമെന്ന നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ടു പോകണം എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ബഹുമാന്യനായ ഗവർണ്ണർ ശ്രീ. ആർ. എൽ. ഭാട്യ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് ഹർഷപുളകിതമായ ഭാഷയിൽ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച ഈ നന്ദി പ്രമേയത്തെ സർവ്വാത്മനാ ഞാൻ പിൻതാങ്ങുന്നു. ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിച്ചതുതന്നെ സുനാമി ദുരന്തത്തെ അനുസ്മരിച്ചുകൊണ്ടാണ്. മഹാകവി കുമാരനാശാൻ പാടിയതുപോലെ,

"ഒരു നിശ്ചയമില്ലൊന്നിനും
വരുമോരോ ദശവന്നപോൽ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ"

ഇത് 'അനന്തമജ്ഞാതമവർണ്ണനീയം' എന്ന് ശ്രീ. നാലപ്പാട്ട് നാരായണമേനോൻ പാടിയതുപോലെ ഈ പ്രപഞ്ച രഹസ്യം നമ്മുടെ കൈപ്പിടിയിൽ ഒതുങ്ങുകയില്ല. ആ ദുരന്തത്തിൽ എന്റെ ജില്ലയിൽ, ശ്രീ. രാജൻ ബാബുവിന്റെ മണ്ഡലത്തിലടക്കം, കരുനാഗപ്പള്ളി താലൂക്കിലുണ്ടായ ദുരന്തത്തിൽ ഗവൺമെന്റ് വളരെ കാര്യക്ഷമമായി പ്രവർത്തിച്ചതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. അതിൽ കരുനാഗപ്പള്ളിയിലെ ജനപ്രതിനിധിയായ ശ്രീ. എ. എൻ. രാജൻ ബാബുവിനെ എത്ര അഭിനന്ദിച്ചാലും മതിയാകുകയില്ല. അതുപോലെതന്നെ കൊല്ലം ജില്ലാ കളക്ടർ ശ്രീ. ബി. ശ്രീനിവാസ്, ഐ. എ. എസ്., ഒരു ഉദ്യോഗസ്ഥന്റെ എല്ലാ കടമകളും നിർവ്വഹിച്ചതായിട്ടാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇവരെ രണ്ടുപേരെയും പ്രത്യേകമായി ഇക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ എനിക്ക് പറയാനുള്ളത്, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കുടുംബശ്രീയെ വളർത്തിയെടുക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്ന കൈവായ്പയ്ക്കുള്ള പലിശയായി ഈടാക്കുന്നത് രണ്ട് രൂപയാണ്. കാസർഗോഡ് ജില്ലയിൽ ഞാൻ പോയപ്പോൾ അവിടെനിന്ന് ഞാൻ മനസ്സിലാക്കിയത് ഒരു രൂപ മാത്രമാണ് പലിശയായി വാങ്ങുന്നതെന്നാണ്. ഈ വേർതിരിവ് അവസാനിപ്പിച്ച് ഇതിന് ഏകീകരണം ഉണ്ടാക്കി ഒരു രൂപ പലിശ സാർവത്രികമാക്കണം. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണന കേന്ദ്രം കണ്ടെത്തുന്നതിനുവേണ്ടി, മാവേലി സ്റ്റോർ, നീതി സ്റ്റോർ, ലാഭം മാർക്കറ്റുകൾ, ത്രിവേണി മാർക്കറ്റുകൾ എന്നിവയ്ക്കെല്ലാം നിർദ്ദേശം കൊടുത്ത് കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണനകേന്ദ്രം വ്യാപകമായി ആരംഭിക്കണം. ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള റിവോൾവിംഗ് ഫണ്ട്, ഗ്രേഡിംഗ് കഴിഞ്ഞ കുടുംബശ്രീ യൂണിറ്റുകൾക്ക് യഥാവിധി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം അതുപോലെതന്നെയാണ് ഇവിടെ പരാമർശിക്കപ്പെട്ട ലോട്ടറി നിരോധനവും. മൂന്നു ലക്ഷത്തോളം കുടുംബങ്ങളുടെ പ്രശ്നമായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ ലോട്ടറി നിരോധനം പിൻവലിച്ച് അതിന് പരിഹാരമുണ്ടാക്കണം. പത്രമാദ്ധ്യമങ്ങൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി ശാശ്വത നിയമനിർമ്മാണം അനിവാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പ് 30-9-2002-ന് വിളിച്ചുകൂട്ടിയ പത്രസമ്മേളനത്തിൽത്തന്നെ ഇക്കാര്യം ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ ഒരു സജീവ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇനി വർത്തമാന സമസ്യയിലേക്ക് കടക്കാം. കേരളത്തിൽ, അതും വിശേഷിച്ച് സി. പി. എം.-ൽ മിമിക്രിയുടെ കാലഘട്ടമാണ്. നിർമ്മാല്യത്തിലെ വെളിച്ചപ്പാടിനെ അനശ്വരമാക്കിയ ശ്രീ. പി. ജെ. ആന്റണിയെയും തെയ്യം കുലപതി പെരുവണ്ണാനേയും അതിശയിപ്പിക്കുന്ന അഭിനയ പാടവമാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനും, ശ്രീ. പിണറായി വിജയനും നമുക്ക് കാട്ടിത്തന്നുകൊണ്ടിരിക്കുന്നത്. 1848-ൽ മാർക്സും ഏംഗൽസും യൂറോപ്പിനെയാകെ ഒരു ഭൂതം പിടികൂടിയിരിക്കുന്നുവെന്ന് ആദ്യമായി പ്രഖ്യാപിച്ചു. എന്നാൽ ഇപ്പോൾ കേരളത്തിലെ സി.പി.എം.-നെയാണ് ഇത് പിടികൂടിയിരിക്കുന്നത്. സി. പി. എം.-നെ വിഭാഗീയതയുടെ മാരകമായ ഒരു ദുർഭൂതമാണ് പിടികൂടിയിരിക്കുന്നത്. വിരുദ്ധൻമാരുടെ നിഘണ്ടുവിലെ ഏറ്റവും മൂർച്ചയുള്ള സാങ്കേതിക സംജ്ഞകൾ (Technical Terms), അവയെല്ലാം സമനില തെറ്റിയ പാർട്ടി സെക്രട്ടറിയുടെ പ്രസംഗങ്ങളിൽ നിർബാധം കടന്നുവന്നുകൊണ്ടിരിക്കുകയാണ്. കുരുക്ഷേത്രത്തിൽ വച്ച് കാണാമെന്ന് ആദരണീയനായ സഖാവ് ടി. വി. തോമസ് വെല്ലുവിളിച്ചത് പവിത്രമായ ഈ സഭാവേദിയിൽ ആണ്. അദ്ദേഹം ആത്മരക്തത്തിന്റെ അർത്ഥം നൽകിക്കൊണ്ട് ആ വാക്കുകളെ വിശുദ്ധമാക്കുകയും ചെയ്തു. എന്നാൽ ഇന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ എവിടെയോ നോക്കി ശ്രീ. പിണറായി വിജയൻ മുരളുന്നത് മലപ്പുറത്ത് കാണാമെന്നാണ്. ഒരു വാണിജ്യ സിനിമയിലെ നായകൻ പറയുന്നതു പോലെ 'കാണണം' എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. എനിക്ക് ആ വടക്കൻ തെയ്യക്കാരനോട് അതുമാത്രമേ പറയാനുള്ളൂ. സെക്രട്ടേറിയനിസത്തിന്റേയും സ്റ്റാലിനിസ്റ്റ് പ്രേതബാധയുടേയും സജീവപ്രതീകമാണ് വെട്ടിനിരത്തൽ എന്ന പ്രയോഗം. ആ പ്രയോഗത്തിന്റെയൊക്കെ കേരളത്തിൽ ജീവിക്കുന്ന മാതൃകയായ ശ്രീ. വി. എസ്. അച്ചുതാനന്ദനോട് ശ്രീ. പിണറായി വിജയൻ പറയുന്നത് വെട്ടിനിരത്താൻ വന്നാൽ വിടില്ല എന്നാണ്. എന്താണ് പാവം സഖാക്കൾ ചെയ്യേണ്ടത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇവിടത്തെ ഈ വെല്ലുവിളി കാണുമ്പോൾ എനിക്കു തോന്നുന്നത് കുഷ്ഠം എയ്ഡ്സിനെ വെല്ലുവിളിക്കുന്നതുപോലെയും ഡെങ്കിപ്പനി എലിപ്പനിയെ വെല്ലുവിളിക്കുന്നതുപോലെയുമാണ്. വിജയ-അച്ചുതൻമാരുടെ വെല്ലുവിളി കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തെ ചകിതമാക്കിയിരിക്കുകയാണ്. ....(ബഹളം)........ശ്രീ. സാജുപോളിനെ പോലും എറണാകുളത്ത് വെട്ടിനിരത്തി. 'ബലികുടീരങ്ങളേ, സ്മരണകൾ ഇരമ്പും രണ സ്മാരകങ്ങളേ' എന്ന് ഇപ്പോൾ ജനം പാടിത്തുടങ്ങി. കാരണം സമരപുളകങ്ങൾ തൻ സിന്ദൂരമാലകൾ നിങ്ങൾക്ക് കിട്ടാൻ പോകുന്നില്ല. പൂ വിരിച്ച പാതയിലൂടെയല്ല സഖാവ് പിണറായി വിജയൻ വന്നതെന്ന് ശ്രീ. പി. കരുണാകരനെക്കൊണ്ട് ദേശാഭിമാനിയിൽ ലേഖനം എഴുതിച്ച സെക്രട്ടറി കേന്ദ്ര നേതൃത്വത്തിന്റെ സഹായത്തോടെ അവസാനം അട്ടിമറി നടത്തി തിരിച്ചു വരാമെന്ന് കരുതുന്നു. കേരളത്തിൽ നിന്നുള്ള ഒരു പോളിറ്റ് ബ്യൂറോ അംഗം ഈ സന്ദർഭത്തിൽ ഒന്നും മിണ്ടുന്നില്ല. അദ്ദേഹം എവിടെയോ ഒളിച്ചിരിക്കുകയാണ്. അദ്ദേഹം ഒരു തുണിക്കടയിൽ പോയി ഉടുപ്പ് തയ്പ്പിച്ചതായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുന്നു. മുഖ്യമന്ത്രിക്ക് ഇടാൻ പറ്റുന്ന ഉടുപ്പ് തയ്ച്ചുതരണം ഇവിടെ എല്ലാപേരും തമ്മിലടിക്കുകയാണ്. ഒരു ഒത്തുതീർപ്പ് സ്ഥാനാർത്ഥിയായി തിരിച്ചുവരാൻ എന്തെങ്കിലും സാദ്ധ്യതയുണ്ടോ എന്ന് തിരക്കിക്കൊണ്ടാണ് അദ്ദേഹം ഉടുപ്പ് തയ്പ്പിക്കാൻ പോയത്. എനിക്ക് ശ്രീ. പിണറായി വിജയനോട് പറയാനുള്ളത് 'എങ്കിലും പിണറായി, നിങ്ങൾ കാണും സങ്കൽപ്പലോകമല്ല ഈ കേരളം' എന്നാണ്. ചങ്ങമ്പുഴ പണ്ട് പാടിയത് ഒരു പാരഡിയായെങ്കിലും എനിക്ക് പറയാനുള്ളത് അതാണ്. ഇവിടെ വിജയം ഉറപ്പാക്കിക്കഴിഞ്ഞു എന്നുള്ള മട്ടിൽ ജുബ്ബായും തെറുത്ത് ചുര മാന്തി പാഞ്ഞ് നടക്കുന്ന സഖാവ് വി. എസ്. അച്ചുതാനന്ദൻ ജയൻ സ്റ്റൈലിൽ ഒരു സമരമുണ്ടായിരുന്നെങ്കിൽ..........എന്നുപറഞ്ഞുകൊണ്ട് ഇന്ന് ശ്രീ. പിണറായി വിജയനോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത് ശ്രീ. എം. എം. ഹസ്സൻ പറഞ്ഞുപോയതുകൊണ്ട് ആ വരി ഞാൻ പാടുന്നില്ല. പകരം "പോരിലേക്ക് അച്ചുതാനന്ദാ ചാടല്ലേ, ചാടല്ലേ കൈരളി ചാനലിൽ പോയി കളിക്കാം" എന്നാണ്. തമാശയല്ല അതുമാത്രമാണ് അവസാനം ഉണ്ടാകാൻ പോകുന്നത്. നമ്മുടെ എ. ജി.-യും ഡി. ജി. പി.-യും ഒന്ന് മുഷിഞ്ഞ് സംസാരിച്ചപ്പോൾ ഉടൻ സർക്കാർ ഇടപെട്ട് മുന്നറിയിപ്പ് നൽകി ആ പ്രശ്നം അവസാനിപ്പിച്ചു. ആ തർക്കം എന്തോ ലോകം അവസാനിപ്പിക്കാൻപോന്ന ആപത്തെന്ന മട്ടിൽ ആഘോഷിച്ച് നടന്ന സി. പി. എം.-ന് ഇപ്പോൾ എന്തേ മിണ്ടാട്ടമില്ല? എന്തേ ഉരിയാട്ടമില്ല? ദാമോദര-ജനാർദ്ദനക്കുറുപ്പുമാരുടെ വായ്ത്താരിയിൽ സി. പി. എം.-ന്റെ മാലിന്യത്തിന്റെ മുഴുവൻ ദുർഗന്ധവും പുറത്തുവന്നു. ഇപ്പോൾ കേരളത്തിന് അതു കേട്ട് ശ്വാസംമുട്ടുകയാണ്. ചരിത്രത്തിൽ ഇടംനേടിയ ആ 'ദാമോദരൻ ടച്ചിനെക്കുറിച്ച്' ഇവിടെ ശ്രീ. എം. എം. ഹസ്സൻ പരാമർശിച്ചു. ആ പ്രയോഗം സത്യസന്ധമായി തിരുത്തി സി. പി. എം. എന്നാക്കി ജനം മാറ്റിയിരിക്കുകയാണ്. എന്തൊക്കെയാണ് നടന്നതെന്ന് ഓരോ ദിവസം കഴിയുന്തോറും മറനീക്കി പുറത്തുവരികയാണ്. ഇത് സഖാവ് മാവോ പറഞ്ഞിട്ടുള്ള ഇന്റേണൽ കോൺട്രഡിക്ഷൻ ആണോ എന്നാണ് ഞാൻ സംശയിക്കുന്നത്. സി. പി. എം.-ന്റെ തെരഞ്ഞെടുപ്പിൽ വെട്ടിനിരത്തിയവരുടെ ലിസ്റ്റുമായി പത്രക്കാരാണ് നടക്കുന്നത്. സി. പി. എം.-ന്റെ അജണ്ട നിശ്ചയിക്കുന്നത് പത്രക്കാരാണ്. എന്തൊക്കെയാണ് ദൈവമേ കേൾക്കേണ്ടി വരുന്നത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അസഹിഷ്ണുതയും അഹന്തയും അധികാരക്കൊതിയും ഒരു ഭാഗത്തും അഴിമതിയും പണക്കൊതിയും ആഡംബരഭ്രമവും അധോലോകഭ്രമവും മറുഭാഗത്തും നിന്ന് നടത്തുന്ന ഈ പോരിൽ നിങ്ങൾ രണ്ട് കൂട്ടരും ജയിക്കാൻ പോകുന്നില്ല. കാരണം ജനങ്ങൾ നിങ്ങളെ തിരിച്ചറിഞ്ഞു കഴിഞ്ഞു. സി. പി. എം.-ൽ നിന്ന് ആദർശവും വിപ്ലവ ബോധവും ജോലി ചെയ്യുന്നവനോടുള്ള സ്നേഹവും നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ശ്രീ. എൻ. വി. കൃഷ്ണവാര്യർ ചോദിച്ചത് ബാക്കി വല്ലതും ഉണ്ടോയെന്ന്. ആ ചോദ്യം ആരും ചോദിച്ചേക്കാവുന്നതാണ്. പക്ഷേ ബാക്കി ചിലതെല്ലാമുണ്ട്. കൈരളി ചാനലുണ്ട്. കൃഷ്ണപിള്ള റിസോർട്ട് പോലുള്ള സുഖവാസകേന്ദ്രങ്ങളുണ്ട്. കണ്ണൂരിലെ വാട്ടർ തീം പാർക്കുണ്ട്. യു. ടി. ഐ.-യിൽ നിക്ഷേപങ്ങളുണ്ട്. ചലച്ചിത്രതാരങ്ങളും മസ്സാജ് പാർലറുകളും മറ്റും മറ്റും ഈ പ്രസ്ഥാനത്തിന്റെ തിരുശേഷിപ്പുകളായി കേരളത്തെ നോക്കി കൊഞ്ഞനംകുത്തുന്നു. ഇതൊക്കെയാണ് ഇന്ന് ഏറ്റവും അവസാനമായി എത്തി നിൽക്കുന്ന കാഴ്ച. ....(ബഹളം).......... കേരളത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ബഹുമാന്യനായ

ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ നാലാമത്തെ പേജിൽ സൂചിപ്പിച്ചു, "സംസ്ഥാനം ഇപ്പോൾ എത്തിനിൽക്കുന്ന സർവ്വതോന്മുഖമായ വികസനത്തിലേക്ക് നയിച്ചതിന് ശ്രീമാൻ എ. കെ. ആന്റണിയും ക്യാബിനറ്റിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും നൽകിയ വിലയേറിയ സംഭാവനകൾക്ക് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു". ശ്രീമാൻ എ. കെ. ആന്റണിക്ക് ഈ മേലങ്കി നൽകുമ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ശോച്യാവസ്ഥയെപ്പറ്റി ഈ മഹനീയ സഭയ്ക്ക് ഓർമ്മയുണ്ടാകുമെന്ന് എനിക്കുറപ്പുണ്ട്. അവർ നൽകിയ കഴിവുറ്റ ഭരണ നേതൃത്വമാണ് സംസ്ഥാനത്തെ ഒരു കുതിച്ചുചാട്ടത്തിന് പ്രാപ്തമാക്കിയിരിക്കുന്നത്. ഇതുതന്നെയാണ് എനിക്കും പറയാനുള്ളത്. മൂന്നര വർഷം മുമ്പ് കാലിയായ ഖജനാവും ഔട്ട് ഡേറ്റഡ് ചെക്കുമായി കയറിയിറങ്ങി ഈ കേരളത്തിലേക്ക്.........

ശ്രീ. പി. സി. ജോർജ്ജ്: ഇത്രയും പ്രഗത്ഭനായ ശ്രീ. എ. കെ. ആന്റണിക്ക് അദ്ദേഹത്തിന്റെ സഹപ്രവർത്തകർ നൽകിയ വിലയേറിയ സംഭാവന........ആ പാരഗ്രാഫ് ഞാനും വായിച്ചു. ഇത്രയും പ്രഗത്ഭനായിരുന്ന ശ്രീ. എ. കെ. ആന്റണിയേയും ആ കൂട്ടത്തിലുള്ള മന്ത്രിമാരേയും അടിച്ചു പുറത്താക്കിയത് കടുംകൈ ആയിപ്പോയി.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ശ്രീമാൻ എ. കെ. ആന്റണി സ്വയം രാജി പ്രഖ്യാപിച്ച് ആ രാജി അദ്ദേഹം തന്നെ ജനങ്ങളെ അറിയിക്കുകയായിരുന്നു. അങ്ങനെയുള്ളവരെ ഇവിടെ ആരും സ്വപ്നം പോലും കണ്ടിട്ടില്ലായിരുന്നു. അദ്ദേഹം സ്വയമെടുത്ത തീരുമാനം നടപ്പാക്കിയതിനെക്കുറിച്ച് ഈ നിമിഷം വരെ കേരളത്തിൽ ഇങ്ങനെ ഒരു ഭരണമാറ്റം ഉണ്ടായിട്ടില്ല. ഇത്രയും സുഖകരമായ, സുതാര്യമായ ഒരു ഭരണ മാറ്റം ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും ഉണ്ടായിട്ടില്ല. ഇന്ന് ഞാൻ ഇത് സംസാരിക്കുമ്പോൾ പോലും, ഗോവയിൽ എം. എൽ. എ.-മാരുടെ പിന്തുണ നഷ്ടപ്പെട്ട ആൾ പോലും, നിയമസഭ വരട്ടെ എന്നാണുപറയുന്നത്. ഇങ്ങനെ ഒരു നാടകത്തിനും ഒരു ഏർപ്പാടിനും പോകാതെ തന്റെ കഴിഞ്ഞകാല പാരമ്പര്യങ്ങളെല്ലാം വീണ്ടും ആവർത്തിച്ചുകൊണ്ട് ഒരിക്കൽക്കൂടി നമ്മളെ ഞെട്ടിപ്പിച്ചുകൊണ്ടാണ് ശ്രീ. എ. കെ. ആന്റണി ഇവിടെ അധികാരം ഒഴിഞ്ഞത്. രാജിക്ക് ഒരു സമ്മർദ്ദവും ഉണ്ടായിരുന്നില്ല എന്നുള്ളത് പകൽപോലെ വ്യക്തമാണ്. ആ കാര്യത്തിൽ സി. പി. എം.-ന്റെ സഖാക്കൾക്ക് അൽപ്പം ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങ് ഇവിടെ സി. പി. എം.-ലെ കാര്യങ്ങളെക്കുറിച്ച് വളരെ വിശദമായി പരാമർശിച്ചല്ലോ. അങ്ങ് ഈ ഗവൺമെന്റിന്റെ നയത്തെക്കുറിച്ച്........

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഞാൻ ശ്രീ. സി. പി. മുഹമ്മദിനാണ് വഴങ്ങിയത്.

ശ്രീ. സി. പി. മുഹമ്മദ്: കോൺഗ്രസ്സിലെ ആഭ്യന്തരവഴക്കിനെ കുറിച്ചും ബഹുമാനപ്പെട്ട എ. കെ. ആന്റണി രാജി വച്ചതിനെക്കുറിച്ചും ചോദ്യം ചോദിക്കുന്ന ഇവർ അവരുടെ കൂട്ടത്തിലുള്ള ഒറ്റകൾ ഒക്കെ ഇരട്ടകളായിരിക്കുന്നതിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അത് എന്നും അങ്ങനെയാണ്. അവിടെ മഴ പെയ്യുമ്പോൾ ഇവിടെ കുട പിടിക്കും. എന്തായാലും മാർക്സിസ്റ്റ് പാർട്ടിയുടേയും ഇടതുഭരണത്തിന്റേയും കാലം കഴിഞ്ഞു. കേരളത്തിൽ ഇന്ന് ആവശ്യമായ വെല്ലുവിളികളെല്ലാം സധൈര്യം നേരിട്ടുകൊണ്ട് പ്രതിജ്ഞാബദ്ധമായി അതിവേഗം മുന്നോട്ട് എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് യു. ഡി. എഫ്. ഗവൺമെന്റ് ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിന് ബഹുമാന്യനായ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച ഈ പ്രമേയത്തിന് എല്ലാ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തേയും അതിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. എം.എം.ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തേയും ഞാൻ എതിർക്കുകയാണ്. കാരണം, നമ്മുടെ രാജ്യത്ത് സുനാമി ദുരന്തം ഉണ്ടാകുന്നതിനു മുമ്പുതന്നെ ഒരു രാഷ്ട്രീയ ദുരന്തമുണ്ടായത് യു.ഡി.എഫ്. ഗവൺമെന്റിന് എതിരായിട്ടാണ്. യു.ഡി.എഫ്.-ന് എതിരായി ബാധിച്ച ദുരന്തത്തിൽ പതിനൊന്ന് മന്ത്രിമാരാണ് ഒലിച്ചുപോയത്. ആ ഒലിച്ചുപോയ മന്ത്രിമാരിൽ ഒരാളാണ് ശ്രീ. എം.എം.ഹസ്സൻ. അദ്ദേഹമാണ് ഇപ്പോൾ നന്ദിപ്രമേയം അവതരിപ്പിച്ചത്. അങ്ങനെ ഒലിച്ചുപോയ മന്ത്രിമാരിൽ രണ്ടുപേർ വന്നു വീണത് ഞങ്ങളുടെ അടുത്താണ്. മറ്റൊരു മന്ത്രി അനാഥ ബാലനായി മാറി. അതാണ് തൊഴിൽവകുപ്പുമന്ത്രി. ഞാൻ പറഞ്ഞത് സ്വന്തം പാർട്ടി തള്ളിപ്പറഞ്ഞു എന്നാണ്. ഈ ഗവൺമെന്റ് കഴിഞ്ഞ മൂന്നര വർഷക്കാലത്തിനുള്ളിൽ നടത്തിയിട്ടുള്ള നയപ്രഖ്യാപന പ്രസംഗങ്ങളെല്ലാം തന്നെ ആവർത്തനങ്ങളായിരുന്നു. യഥാർത്ഥത്തിൽ, കഴിഞ്ഞ പ്രാവശ്യം പറഞ്ഞതു തന്നെയാണ് ഇത്തവണയും ആവർത്തിച്ചത്. ഇപ്പോൾ പ്രഖ്യാപനങ്ങൾ മാറി മാറി പറയുകയാണ്. ജനങ്ങളെ വഞ്ചിക്കുകയാണ്. പുതിയ പുതിയ കാര്യങ്ങൾ പറയുക, നടപ്പാക്കാതിരിക്കുക. ആദ്യം പറഞ്ഞു പതിനഞ്ചു ലക്ഷം യുവതീ-യുവാക്കൾക്ക് ഞങ്ങൾ തൊഴിൽ നൽകും എന്ന്. ഇപ്പോൾ അത് മറന്ന് ആരും കേട്ട ഭാവം ഇല്ല. പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കാൻ അയ്യായിരം കോടി രൂപ ഇതായിരുന്നു കഴിഞ്ഞ പ്രസംഗത്തിൽ ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചത്. അയ്യായിരം കോടി രൂപ ഇപ്പോൾ എവിടെപ്പോയി? ഇപ്പോൾ തപ്പി നോക്കിയിട്ട് അയ്യായിരം കോടി രൂപ കാണുന്നില്ല.

ക്ഷേമനിധി സംബന്ധിച്ച് നിങ്ങൾ ഇവിടെ പറഞ്ഞു. ക്ഷേമനിധികൾ ഉണ്ടാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിലാണ്. ദുർബലരായിട്ടുള്ള പാവപ്പെട്ടവരായിട്ടുള്ള തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടിയിട്ടാണ് ക്ഷേമനിധികൾ ഉണ്ടാക്കിയത്. ആ ക്ഷേമനിധികളെല്ലാം തന്നെ ഈ ഗവൺമെന്റിന്റെ തൊഴിൽ വകുപ്പ് തകർത്തു. ഇപ്പോൾ ഇരുപത്തിയഞ്ചു-മുപ്പത് മാസമായി അഗതികളായിട്ടുള്ളവർക്ക് പെൻഷൻ കൊടുത്തിട്ട്. എന്നിട്ടാണ് ഇതിൽ ഗവർണ്ണറെക്കൊണ്ട് പറയിച്ചിരിക്കുന്നത്, തോട്ടം തൊഴിലാളികൾക്കും, സ്വർണ്ണത്തൊഴിലാളികൾക്കും അല്ലാത്ത തൊഴിലാളികൾക്കും പുതിയ ക്ഷേമനിധി ഏർപ്പെടുത്തുമെന്ന്. ഞങ്ങൾ ഏർപ്പെടുത്തിയ ക്ഷേമനിധികൾ തകർത്ത ഗവൺമെന്റ് പുതിയ ക്ഷേമനിധികൾ രൂപീകരിക്കുമെന്ന്. എന്തിനാണ് രൂപീകരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ച ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുവാൻ നിങ്ങൾ തയ്യാറാണോ? അത് കൊടുത്തിട്ടില്ല. അതാണ് സ്ഥിതി. മിനിമം വേജസിന്റെ കാര്യത്തിലാണ് മറ്റൊന്ന് പറഞ്ഞിരിക്കുന്നത്. മിനിമം വേജസിന്റെ കാര്യം ഇവിടെയിരിക്കുന്ന ആളുകളെ പറഞ്ഞു പറ്റിക്കുകയാണോ? മിനിമം വേജസ് എന്നു പറയുന്നത് നമ്മുടെ രാജ്യത്തെ ഏകദേശം മുപ്പത്തിയെട്ട് വ്യവസായങ്ങളിൽ വ്യവസായ തൊഴിലാളികളെ സംരക്ഷിക്കുവാൻ വേണ്ടി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആ മിനിമം വേജസ് ഇന്ന് കൊള്ളയടിക്കുകയാണ്. ആ മിനിമം വേജസ് നടപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം തൊഴിൽ വകുപ്പിന്റെ കീഴിൽ ഉണ്ടോ? എൻഫോഴ്സ്മെന്റ് പ്രവർത്തിക്കുന്നുണ്ടോ? മിനിമം വേജസ് നടപ്പാക്കിയ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് ന്യായമായ കൂലി ഇന്ന് നൽകുന്നില്ല. എന്നിട്ട് പറയുന്നു ഞാൻ ഇനിയും വ്യവസായങ്ങളിൽ മിനിമം വേജസ് നടപ്പാക്കുമെന്ന്. പുതിയ വ്യവസായങ്ങളിൽ മിനിമം വേജസ് നടപ്പാക്കുന്നത് എന്തിനുവേണ്ടി? മുതലാളിമാരെ സഹായിക്കാൻ വേണ്ടിയിട്ടാണ്. പിന്നെ മറ്റൊരു കാര്യം ഇവിടെ രാവിലെ ശ്രദ്ധക്ഷണിക്കലിൽ വന്നതാണ്. Employees State Insurance-നെ സംബന്ധിച്ച്. നമ്മുടെ രാജ്യത്ത് ഇ. എസ്. ഐ. സ്കീമിൽ 138 ഡിസ്പെൻസറികളും പതിമൂന്ന് ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. ഇന്ന് രാവിലെ തൊഴിൽ വകുപ്പ് മന്ത്രി മറുപടി പറഞ്ഞതെന്താണ്; ഇ. എസ്. ഐ. ആശുപത്രികളിൽ ഇരുന്നൂറ് ഡോക്ടർമാരില്ല. തൊഴിലാളികളുടെ അംശദായം പിടിച്ച് തൊഴിലാളികൾക്കുവേണ്ടി തൊഴിൽ ഉടമയുടെ അംശദായവും വാങ്ങി ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി തൊഴിലാളികളെ സംരക്ഷിക്കുവാൻ ചികിൽസാ സൗകര്യവും ഏർപ്പെടുത്തിക്കൊണ്ടുള്ള Employees State Insurance വഴിയുള്ള ഇ.എസ്.ഐ. സ്കീം തകർക്കപ്പെട്ടതിനുശേഷമാണ് ഗവർണ്ണറെക്കൊണ്ട് പറയിച്ചിരിക്കുന്നത് പുതിയ ഇ.എസ്.ഐ. പദ്ധതി നടപ്പാക്കുമെന്ന്. അതിനാണ് നമ്മുടെ സുഹൃത്ത് ശ്രീ. എം. എം. ഹസ്സൻ നന്ദി പ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളു. യു.ഡി.എഫ്.-ന്റെ നയം മാറ്റാതെ ആന്റണി ഇരുന്ന കസേരയിൽ ഉമ്മൻ ചാണ്ടിയെ ഇരുത്തിയതുകൊണ്ട് ഫലമില്ല. മച്ചിപശു എരുത്തിൽ മാറ്റിയതുകൊണ്ട് പ്രസവിക്കുമോ? നിങ്ങളുടെ നയം ആദ്യം മാറണം. നിങ്ങൾ ജനങ്ങളോടുള്ള പ്രതിബദ്ധത പ്രകടിപ്പിക്കണം. ഈ നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. വി. സി. കബീർ:</u> സർ, ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഹസ്സൻ ഒരു സ്വപ്നാടനക്കാരനാണ്. അദ്ദേഹം ഗവർണ്ണറുടെ പ്രസംഗത്തിലൂടെ സ്വപ്നാടനം നടത്തി എന്തെല്ലാമോ മിഥ്യയായ കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ല. സുതാര്യകേരളം, കേരളം അതിവേഗം മുന്നോട്ട് അതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുദ്രാവാക്യം. ഉമ്മൻ ചാണ്ടി രാത്രി കട്ടൻ ചായ കുടിച്ച് ഓഫീസിൽ ഇരുന്ന് പണി ചെയ്യുന്നുണ്ട്. ഗവൺമെന്റിന് ആ സ്പീഡില്ല. മുഖ്യമന്ത്രി, നിങ്ങൾ കട്ടൻ ചായ കുടിക്കുന്നതുമാത്രം ബാക്കിയാവും, ജനങ്ങൾക്ക് നീതികിട്ടുന്നില്ല. സെക്രട്ടേറിയറ്റിൽ മാന്ദ്യമാണ്. കടലാസ് നീങ്ങുന്നില്ല. അവിടെയെല്ലാം പലതരം മണൽ മാഫിയകളുടേയും ലോട്ടറി മാഫിയകളുടേയും വേരുകൾ ഇറങ്ങിയിരിക്കുകയാണ്. വ്യവസായ

2/955/2012—19

LIBRARY ARCHIVES Kerala Legislative Assembly

വൽക്കരണത്തിന്റെ പുരോഗതി, തൊഴിലില്ലായ്മ പ്രശ്നം ഇവയെല്ലാം വെള്ളത്തിൽ വരച്ച വരപോലെയായി. ഒരു പുരോഗതിയും ഗവൺമെന്റിന് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എത്ര പുതിയ ആശുപത്രികൾ തുറന്നു? (ഒന്നും തുറന്നിട്ടില്ല). പരമ്പരാഗത വ്യവസായങ്ങളെ രക്ഷിക്കാൻ വല്ല പദ്ധതിയും ഉണ്ടാക്കിയോ? കൈത്തറി വ്യവസായത്തെ കൊന്ന് മയ്യത്താക്കി അടക്കിയില്ലേ? തമിഴ്നാട്ടിലെ കൈത്തറി വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടി കേരളത്തിലെ കൈത്തറി വ്യവസായത്തെ തകർത്തില്ലേ? തൊഴിലാളികളെല്ലാം പട്ടിണി മരണത്തിനു മുന്നിലല്ലേ? ഞങ്ങളെല്ലാം പലവട്ടം പറഞ്ഞിട്ടും ഒരു ചെറുവിരൽ അനക്കിയോ? ഈ ഗവൺമെന്റിൽനിന്നും ഞങ്ങൾ നീതി പ്രതീക്ഷിക്കുന്നില്ല. ഞാൻ ലോട്ടറിക്കെതിരാണ്. പലിശയ്ക്കെതിരാണ്. ചൂതാട്ടത്തിനെതിരാണ്. എന്നാൽ വികലാംഗരായ ആളുകൾ, സ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾ, കോളേജിൽ പഠിക്കുന്ന കുട്ടികൾ, വിധവകൾ അവരെ ഓർത്ത് തട്ടിപ്പ് ലോട്ടറികളെല്ലാം കളഞ്ഞ് അവർക്ക് വേണ്ടിയെങ്കിലും കേരള ലോട്ടറി നടത്തുന്നതിനെ ഞാൻ അനുകൂലിക്കുന്നു. ഈ നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ബാബു: സർ, ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിൻതുണയ്ക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ ദിശാ ബോധം ഉണർത്തുന്ന നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണ്ണറിലൂടെ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ആ കർമ്മ പരിപാടികളെക്കുറിച്ചെല്ലാം ഇവിടെ എല്ലാവരും സംസാരിച്ചു കഴിഞ്ഞു. 100 ദിവസത്തെ പരിപാടി ആവിഷ്ക്കരിച്ച് കൊണ്ടും വരുന്ന ഒരു വർഷത്തെ പരിപാടി ആവിഷ്ക്കരിച്ചുകൊണ്ടും ഈ സംസ്ഥാനം നേരിടുന്ന ഗൗരവമേറിയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും ഈ സംസ്ഥാനത്തിന് കുതിച്ച് മുന്നോട്ട് പോകാനുമുള്ള കർമ്മ പരിപാടികളാണ് ഗവർണ്ണർ നയപ്രഖ്യാപനത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. 2001-ൽ വളരെയേറെ സാമ്പത്തിക പ്രശ്നങ്ങളും പ്രതിസന്ധികളും നിയമ സമാധാന തകർച്ചയും ഉണ്ടായ സാഹചര്യത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്നത്. കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകങ്ങൾ കേരളത്തിലെ വാർത്താ മാധ്യമങ്ങളിൽ സ്ഥിരം സ്ഥാനം പിടിച്ചിരുന്നു. എന്നാൽ ഇന്ന് രാഷ്ട്രീയ കൊലപാതകങ്ങൾ കേരളത്തിലെ വാർത്താ മാധ്യമങ്ങളിൽ സ്ഥാനം പിടിക്കുന്നില്ല. സാമ്പത്തിക പ്രതിസന്ധി 100 ശതമാനവും പരിഹരിച്ചു എന്നു പറയാൻ സാധിക്കില്ല. എങ്കിലും കേരള സംസ്ഥാനത്ത് വലിയ വികസന നേട്ടമുണ്ടാക്കാൻ എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ആ ഗവൺമെന്റിന്റെ തുടർച്ചയായാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീ. എ. കെ. ആന്റണി രാജി വച്ചതിനെക്കുറിച്ചൊക്കെ വിചിത്രമായ. കഥകൾ പറയുകയുണ്ടായി. ശ്രീ. എ. കെ. ആന്റണി എന്നും ആദർശങ്ങളെ മുറുകെ പിടിക്കുകയും വ്യക്തിത്വം ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന നേതാവാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പരാജയത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അദ്ദേഹം രാജി വച്ചു എന്നെല്ലാവർക്കുമറിയാം.

കേരള സംസ്ഥാനത്തെ എം.എൽ.എ.-മാരിൽനിന്നോ, കോൺഗ്രസ് പാർട്ടിക്കകത്തുനിന്നോ ശ്രീ. എ.കെ. ആന്റണി രാജിവയ്ക്കണമെന്ന ആവശ്യമേ ഉണ്ടായിട്ടില്ല. പക്ഷെ പരാജയത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് അദ്ദേഹം രാജിവച്ചു. ....(ബഹളം)............തുടർന്ന് കോൺഗ്രസ്സിലുണ്ടായ ഭരണമാറ്റം എല്ലാവരിലും (കോൺഗ്രസ്സിനകത്തും പുറത്തും) വലിയ പൊട്ടിത്തെറി പ്രതീക്ഷിച്ചിരുന്നു. പക്ഷെ രണ്ട് മിനിട്ട് കൊണ്ട് പുതിയ ലീഡറെ തെരഞ്ഞെടുക്കാൻ കോൺഗ്രസ് പാർട്ടിക്ക് സാധിച്ചു. നിങ്ങൾ രണ്ട് മിനിട്ട് പോയിട്ട് എത്രമണിക്കൂർ കൊണ്ടാണ് ആലപ്പുഴ ജില്ലാ സെക്രട്ടറിയെ തെരഞ്ഞെടുത്തത്. എത്രയോ മണിക്കൂറുകൾ, ഞാൻ പറയുന്നത്, നിങ്ങളുടെ പാർട്ടിയെക്കൊണ്ടാവില്ല; ഞങ്ങൾക്ക് സാധിച്ചു. നിങ്ങളുടെ പാർട്ടിയിൽ ഗ്രൂപ്പ് തിരിച്ച് മണിക്കൂറുകളോളം ചർച്ച ചെയ്തിട്ടാണ് ഒരു ജില്ലാ സെക്രട്ടറിയെ തെരഞ്ഞെടുക്കാൻ സാധിച്ചത്. ഞങ്ങളുടെ പാർട്ടിക്ക് രണ്ടു മിനിട്ട് കൊണ്ട് പുതിയ ലീഡറെ തെരഞ്ഞെടുക്കാൻ സാധിച്ചു. ഐക്യ ജനാധിപത്യ മുന്നണിയുടേയും, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെയും കെട്ടുറപ്പാണ് അതിൽ കാണുന്നത്. ഇവിടെ നൂറ് ദിവസത്തെ കർമ്മ പരിപാടി ആവിഷ്ക്കരിച്ചപ്പോൾ ആക്ഷേപി ക്കുകയുണ്ടായി. നൂറ് ദിവസക്കാലം കൊണ്ട്, മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയിൽ പതിനാല് ജില്ലകളിലുമായി ഒരുലക്ഷത്തിലേറെ ജനങ്ങളെ മുഖ്യമന്ത്രി നേരിട്ട് കണ്ട് പരാതികൾ സ്വീകരിച്ചു. ഇതിൽ മുഴുവൻ പരാതികൾക്കും പരിഹാരമുണ്ടായിയെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷെ തീരുമാനിക്കപ്പെടാത്ത നൂറു കണക്കിന് പ്രശ്നങ്ങൾക്ക് നിങ്ങൾ എം. എൽ. എ.-മാർ ഉൾപ്പടെയുള്ള, അപ്പുറത്തിരിക്കുന്ന എം. എൽ. എ.-മാർ ഉൾപ്പെടെ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക്വരെ പരിഹാരമുണ്ടാക്കാൻ സാധിച്ചു.

സർ, പരാതി കിട്ടിയ സ്ഥലത്തുവച്ചുതന്നെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിക്കൊണ്ടുള്ള നടപടിക്കു സാധിച്ചു. അതുപോലെ ഫയൽ തീർപ്പാക്കൽ. 77 ശതമാനം ഫയൽ തീർപ്പാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫയൽ തീർപ്പു പരിപാടി കൊണ്ട് സാധിച്ചു. എന്റെ അഭ്യർത്ഥന ഫയൽ തീർക്കൽ പരിപാടി ഇടയ്ക്കിടയ്ക്ക് ആവിഷ്ക്കരിക്കണമെന്നാണ്. എങ്കിൽ മാത്രമേ കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പാക്കാൻ സാധിക്കുകയുള്ളു. നമുക്ക് 41 സെക്രട്ടറിമാരുണ്ട്. ഇതിൽ കാര്യക്ഷമതയില്ലാത്ത, ഫയലുകൾ വച്ച് താമസിപ്പി ക്കുന്ന സെക്രട്ടറിമാരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം. കാര്യക്ഷമമായി പ്രവർത്തിക്കാത്ത, കാര്യങ്ങൾ നടപ്പാക്കാൻ വിമുഖത കാണിക്കുന്ന സെക്രട്ടറിമാരെ ഒതുക്കിയിരുത്തിക്കൊണ്ട് കഴിവുള്ളവരേയും ആത്മാർത്ഥതയുള്ളവരേയും മുഖ്യ സ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുവരണം. നമ്മുടെ സെക്രട്ടറിമാരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. 100 ദിവസത്തെ കർമ്മ പരിപാടിയെക്കുറിച്ച് പ്രതിപക്ഷം ഇവിടെ ആക്ഷേപം ഉന്നയിച്ചു. ഒന്നര ലക്ഷം വൈദ്യുത കണക്ഷൻ കൊടുക്കാനാണ് 100 ദിവസ പരിപാടിയിൽ പ്ളാനിട്ടത്. അതിൽ 181,000 പേർക്ക് വൈദ്യുതി കണക്ഷൻ കൊടുത്തു. 25,000 പേർക്ക് പട്ടയം കൊടുക്കാൻ തീരുമാനിച്ചു. 26,099 പേർക്ക് പട്ടയം കൊടുത്തു. ആറായിരം കിലോമീറ്റർ ഗ്രാമീണ റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കാൻ തീരുമാനിച്ചു. 8193 കിലോമീറ്റർ റോഡ് ഏറ്റെടുത്തു. 200 പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാങ്ങി. അതിൽ 150 എണ്ണം ഹൈടെക് ബസ്സുകളാണ്. അതുപോലെ കുടിവെള്ള പദ്ധതികൾ, മൽസ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ എന്നിങ്ങനെ 100 ദിവസക്കാലം കൊണ്ട് നമ്മുടെ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളുടേയും നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ആത്മാർത്ഥമായ ശ്രമം നടത്തി. 100 ദിവസത്തെ പരിപാടി കഴിഞ്ഞ് ഒരുവർഷക്കാലത്തെ പരിപാടിക്ക് ഇപ്പോൾ രൂപം നൽകിയിരിക്കുകയാണ്. ഈ ഒരു വർഷക്കാലത്തെ പരിപാടിയെക്കുറിച്ച് എനിക്ക് പറയാനുള്ളത് ഒറ്റയടിക്ക് ക്യാബിനറ്റ് ഭരണാനുമതി കൊടുക്കണമെന്നാണ്. ഓരോ ഡിപ്പാർട്ട്മെന്റും ഓരോ ഫയലുമായി വിവിധ വകുപ്പുകളിൽ കയറിയിറങ്ങി ഒരു കൊല്ലം പാഴാക്കാതെ ഒറ്റയടിക്ക് ഒരു വർഷക്കാലത്തെ പരിപാടിക്ക് മുഴുവൻ ഭരണാനുമതി നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഈ സംസ്ഥാനത്ത് ഒരു കാലത്തുമില്ലാത്തത്ര നിക്ഷേപം ഈ കാലഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ശ്രീ. എ. കെ. ആന്റണിയും അന്നത്തെ വ്യവസായവകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും മുൻകയ്യെടുത്ത് 'ജിം' കൊണ്ടുവന്നപ്പോൾ നിങ്ങൾ ആക്ഷേപിച്ചു. ജിം കൊണ്ട് പ്രധാനമായി ഉദ്ദേശിച്ചത് എന്താണ്? ഈ സംസ്ഥാനം നിക്ഷേപത്തിന് അനുകൂലമായ ഒരു ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്‌ലി സംസ്ഥാനമാണെന്ന് പ്രചരിപ്പിക്കുക എന്നതാണ്. അതിനുള്ള പ്രചരണം നടത്താനാണ് ശ്രമിച്ചത്. നിങ്ങൾ ഈ സംസ്ഥാനത്ത് നിക്ഷേപം വരുമ്പോൾ, വിദേശനിക്ഷേപത്തിനെതിരായി, സ്വകാര്യ നിക്ഷേപത്തിനെതിരായി പ്രക്ഷോഭണം നടത്തുന്നുണ്ട്. ബംഗാൾ മുഖ്യമന്ത്രി ഇൻഡ്യൻ പ്രധാനമന്ത്രിയെ ഇരുത്തിക്കൊണ്ട് ഒരുകാര്യം പറഞ്ഞു. "സ്വകാര്യ നിക്ഷേപത്തേയും വിദേശനിക്ഷേപത്തേയും ഞങ്ങൾ സ്വാഗതം ചെയ്യും. ഘെരാവോ ഉൾപ്പെടെയുള്ള എല്ലാ പരിപാടികളും ഞങ്ങൾ അവസാനിപ്പിച്ചിരിക്കുന്നു" എന്ന്. എനിക്ക് ഒരഭ്യർത്ഥനയുള്ളത്, മാർക്സിസ്റ്റു പാർട്ടിയുടെ നേതാക്കന്മാരെ ബെയ്ജിംഗിലേയ്ക്ക് അയച്ചില്ലെങ്കിലും ബംഗാളിലേയ്ക്ക് അയച്ച് ബംഗാളിൽ നടക്കുന്ന കാര്യങ്ങളെങ്കിലും മനസ്സിലാക്കാൻ ഈ ഗവൺമെന്റ് അവസരമുണ്ടാക്കിക്കൊടുക്കണമെന്നാണ്. നിങ്ങൾ ചൈനയിലേയ്ക്ക് പോകണ്ട. പക്ഷേ നിങ്ങൾ ബംഗാളിലേയ്ക്ക് പോകണം. ഗവൺമെന്റ് മുൻകൈ എടുത്ത് മാർക്സിസ്റ്റുപാർട്ടിയിലെ നേതാക്കന്മാരെ ബംഗാളിലേയ്ക്ക് അയച്ച് ബംഗാളിൽ നടക്കുന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ അവസരമുണ്ടാക്കിക്കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 'ജിം'-നെ നിങ്ങൾ ആക്ഷേപിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം എത്രയോ വികസന പദ്ധതികൾ 'ജിം'-ന്റെ ഭാഗമായി വന്നു. കൊച്ചി നഗരത്തിൽ എത്രയോ പുതിയ പദ്ധതികൾ ഈ കാലത്തുണ്ടായി. വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ കാര്യം മുൻ മുഖ്യമന്ത്രി ഇ. കെ. നായനാരുടെ മുമ്പിൽ കാളിംഗ് അറ്റൻഷനും സബ്മിഷനും മുഖേന രണ്ടു പ്രാവശ്യം ഞാൻ ഉന്നയിച്ചു. അന്ന് കിട്ടിയ മറുപടി ഫാക്സ് അയച്ചിട്ടുണ്ട് എന്നാണ്. അങ്ങനെ കേന്ദ്ര ഗവൺമെന്റിന് ഫാക്സ് അയച്ചു മാത്രം ജീവിച്ച ഒരു മുഖ്യമന്ത്രിയും ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റുമാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായിരുന്നതെങ്കിൽ കേന്ദ്രഗവൺമെന്റുമായി കേരളത്തിന്റെ പ്രശ്നങ്ങൾ നിരന്തരമായ ചർച്ചയിലൂടെ പരിഹരിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതിന്റെ ഫലമായി വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, എൽ.എൻ.ജി. ടെർമിനൽ, ഇക്കണോമിക് സോൺ, സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക്, വിപ്രോ എന്നിങ്ങനെ കൊച്ചി നഗരത്തെ കേന്ദ്രീകരിച്ചുകൊണ്ട് കേരളത്തിൽ പതിനായിരം കോടി രൂപയുടെ കേന്ദ്ര നിക്ഷേപമാണ് പ്രധാനമന്ത്രി 'ജിം'-ൽ പ്രഖ്യാപിച്ചത്. ഇപ്പോൾ 30,000 കോടി രൂപയുടെ നിക്ഷേപം വരുമെന്നുള്ള നിലയിൽ കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുകയാണ്. അത് ഈ ഗവൺമെന്റിന്റെ നേട്ടമല്ലേ? അതിനെ നിങ്ങൾ എന്തിന് കുറച്ചു കാണുന്നു? ഇന്നലെ ഒരു പരിപാടിയിൽ പങ്കെടുത്തപ്പോൾ എന്നോട് ഒരാൾ ചോദിച്ചു പ്രതിപക്ഷനേതാവ് എന്നു പറഞ്ഞാൽ എല്ലാ കാര്യങ്ങളും എതിർക്കണം എന്ന് വ്യവസ്ഥചെയ്തിട്ടുള്ള ആളാണോ, അങ്ങനെയുള്ള ഒരു പദവിയാണോ എന്ന്. നിങ്ങൾ എല്ലാ നല്ല പ്രവർത്തനങ്ങളേയും എതിർത്ത് പരാജയപ്പെടുത്താനുള്ള ദൗത്യമാണ് ഏറ്റെടുത്തിട്ടുള്ളത്. അത് നിങ്ങൾ അവസാനിപ്പിക്കണം. ഈ സംസ്ഥാനത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളെ അനുകൂലിക്കാൻ തയ്യാറാകണം; എതിർക്കാൻ പോകരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രതിപക്ഷനേതാവ് എല്ലാ സമരങ്ങളും നേരിട്ട് നടത്തുന്ന ആളാണ്. കഴിഞ്ഞയാഴ്ച തിരുവനന്തപുരത്ത് ഒരു സമരം കണ്ടു. ഒരു സ്വകാര്യ ഹോട്ടലിൽ കയറിച്ചെന്ന് അവിടെ മുഴുവൻ 'വെട്ടിനിരത്തൽ'; പണ്ട് കുട്ടനാട്ടിൽ ചെയ്തതുപോലെ. നിയമപരമായി നടപടി സ്വീകരിച്ചുകൂടേ? നിങ്ങൾ ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞതെന്താണ്? ഗവൺമെന്റ് പി.എസ്.സി. മുഖാന്തിരമുള്ള നിയമനം നിറുത്തിവച്ചിരിക്കുന്നു എന്നാണ്. ഇപ്പോൾ എന്താണ് നടക്കുന്നത്? പി.എസ്.സി. മുഖാന്തിരം ഇരുപതിനായിരത്തിൽക്കൂടുതൽ ആളുകളെ നൂറു ദിവസംകൊണ്ട് നിയമിച്ചിരിക്കുകയാണ്. ഇങ്ങനെ കേരളത്തിൽ ഒരു ഗവൺമെന്റിന്റെ കാലത്തുമുണ്ടായിട്ടില്ല. യഥാർത്ഥത്തിൽ നിയമന നിരോധനം ഏർപ്പെടുത്തിയത് നായനാർ ഗവൺമെന്റിന്റെ കാലത്താണ്. ഈ ഗവൺമെന്റ് പി. എസ്. സി. മുഖാന്തിരം നിയമനങ്ങൾ നടത്തുമ്പോൾ അതു ചെറുതായി കാണാൻ സാധിക്കുമോ?

ഇവിടെ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചു സംസാരിച്ചു. മാർക്സിസ്റ്റുപാർട്ടി ഇപ്പോൾ എത്രയോ സമരങ്ങൾ നടത്തി. നിങ്ങൾ പെൺവാണിഭ കേസുകളിൽ സമരം നടത്തി. നമ്മുടെ നാട്ടിലെ സാധാരണക്കാരായ ആളുകൾ, പ്രത്യേകിച്ച് പെൺകുട്ടികൾ വിചാരിച്ചു, നിങ്ങൾ ആത്മാർത്ഥമായി സമരം നടത്തുകയാണ്. നമ്മുടെ സഹോദരിമാരുടെ ചാരിത്ര്യം സംരക്ഷിക്കാൻ വേണ്ടിയുള്ള സമരമാണെന്ന്. "ആടറിയുന്നുണ്ടോ അങ്ങാടിവാണിഭം" എന്നൊരു ചൊല്ലുണ്ട്. നിങ്ങൾ നടത്തിയ സമരങ്ങളുടെ സ്ഥിതി അതാണ്. ഈ സംസ്ഥാനത്തു നടന്ന ഇത്തരം എല്ലാ കേസുകളെയും ഒതുക്കിത്തീർത്തതിൽ മാർക്സിസ്റ്റുപാർട്ടിക്കുള്ള പങ്കിനെ കുറച്ചുകാണാൻ സാധിക്കുമോ? നിങ്ങൾ പണത്തിനുവേണ്ടി എന്ത് ഉപജാപവും നടത്തുന്ന ഒരു പ്രസ്ഥാനമാണെന്ന് തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് അടുത്തകാലത്ത് ഉയർന്നു വന്ന എല്ലാ കേസുകളും ഒതുക്കിയതിൽ മാർക്സിസ്റ്റുപാർട്ടിക്കുള്ള പങ്കിനെക്കുറിച്ച് കേരളത്തിലെ മാധ്യമങ്ങളല്ല പറയുന്നത്. നിങ്ങളുടെ പാർട്ടിയുടെ നേതാക്കന്മാരാണ് പറയുന്നത്. സഖാവ് വി.എസ്. അച്ചുതാനന്ദനോട് എനിക്ക് ബഹുമാനമാണ്. അദ്ദേഹം വളരെ ആത്മാർത്ഥമായിട്ട് പ്രശ്നങ്ങളിൽ ഇടപെടുമെന്നാണ് എന്റെ ധാരണ. അദ്ദേഹം അധാർമ്മികമായി പ്രവർത്തിക്കുകയില്ല എന്ന് വിശ്വസിക്കാൻ ഞാൻ ശ്രമിച്ചു നോക്കി. പക്ഷേ അങ്ങനെ ശ്രമിച്ചാൽ മതിയോ? ശ്രീ. പിണറായി വിജയൻ സമ്മതിക്കണ്ടേ? ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിരപരാധിയാണെന്ന് ശ്രീ. പിണറായി വിജയൻ സമ്മതിക്കണ്ടേ? കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ സംസ്ഥാനത്ത് നിങ്ങൾ കൊണ്ടുവന്ന പ്രക്ഷോഭണങ്ങൾ എത്രയാണ്. ആ പ്രക്ഷോഭണങ്ങളെല്ലാം നിങ്ങളുടെ പാർട്ടി ഭരിച്ചിരുന്നപ്പോൾ നിങ്ങളുടെ പാർട്ടി നേതാക്കന്മാരും പാർട്ടിയുമാണ് ഒതുക്കിയതെന്ന് നിങ്ങൾതന്നെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിങ്ങൾ ഈ സംസ്ഥാനത്തു നടത്തിയ പ്രക്ഷോഭങ്ങളുടെപേരിൽ, പൊതുമുതൽ നശിപ്പിച്ചതിന്റെപേരിൽ, ഭരണം സ്തംഭിപ്പിച്ചതിന്റെ പേരിൽ സംസ്ഥാനത്തെ ജനങ്ങളോട് മാപ്പുപറയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ പ്രക്ഷോഭണങ്ങൾ നടത്തുകയുണ്ടായി. ഇപ്പോൾ ബംഗാളിലോ? ബംഗാളിൽ സുപ്രീംകോടതി Contempt of Court എടുക്കാവുന്ന രീതിയിലേയ്ക്ക് വന്നിരിക്കുകയാണ്. ഞങ്ങൾ ഇവിടെ സ്വാശ്രയ പ്രൊഫഷണൽ മേഖലയിലാണ് Self-Financing കൊണ്ടുവന്നത്. നിങ്ങൾ ബംഗാളിലെ റഗുലർ കോളേജുകളിൽ എൻ. ആർ. ഐ. ക്വാട്ട വച്ചിരിക്കുന്നു. ഹൈക്കോടതി അതിനെതിരായി വിധി പുറപ്പെടുവിച്ചു. സുപ്രീംകോടതിയിൽ അപ്പീൽ പോയി. ഇവിടെ മാർക്സിസ്റ്റു പാർട്ടിയിൽ, ശ്രീ. എം. എം. ഹസ്സൻ സൂചിപ്പിച്ചതുപോലെ തിരുവനന്തപുരത്തെ ജില്ലാ സമ്മേളനത്തിൽ ഒരു തിരയിളക്കം കണ്ടുതുടങ്ങി. ആലപ്പുഴയിൽ തിരയിളക്കം, കണ്ണൂരിൽ തിരയിളക്കം, ഇനി മലപ്പുറത്ത് എത്തുമ്പോഴേയ്ക്കും അത് മാർക്സിസ്റ്റു പാർട്ടിയിലെ രാഷ്ട്രീയ സുനാമിയായി പരിണമിക്കാൻ പോവുകയാണ്. ആ രാക്ഷസത്തിര ശ്രീ. പിണറായി വിജയനെ അടിച്ചുതകർക്കുമോ ശ്രീ. വി. എസ്. അച്ചുതാനന്ദനെ അടിച്ചുതകർക്കുമോ എന്നുള്ളത് കേരളം കാണാനിരിക്കുകയാണ്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളത്തെ ഒരു ദിശാബോധത്തോടുകൂടി നയിക്കാനുള്ള ആത്മാർത്ഥമായ തയ്യാറെടുപ്പിലാണ്. സുനാമി ദുരന്തം ബാധിച്ച പ്രദേശങ്ങളിൽ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങൾ, മുഖ്യമന്ത്രി നടത്തിയ പ്രവർത്തനങ്ങൾ അതാണ് തെളിയിക്കുന്നത്. ഈ ഗവൺമെന്റിന്റെ നല്ല പ്രവർത്തനങ്ങളെ നിങ്ങൾ അനുകൂലിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു. ഈ നന്ദിപ്രമേയത്തെ ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. എം. എം. ഹസ്സന്റെ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. ബിനോയ് വിശ്വം പ്രസിദ്ധനായ ആംഗലേയ സാഹിത്യകാരൻ റോബർട്ട് ഫ്രോസ്റ്റിന്റെ നാലുവരികൾ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ധരിച്ചുകൊണ്ട് ഗവൺമെന്റിനെ വിമർശിക്കുകയുണ്ടായി. പ്രസിദ്ധ സാഹിത്യകാരന്റെ വരികളെ ഉദ്ധരിച്ചുകൊണ്ട് വിമർശിക്കുന്നതിനുപകരം ഈ ഗവൺമെന്റിനെ ശ്ലാഘിക്കുകയായിരുന്നുവേണ്ടിയിരുന്നത് എന്നാണ് എന്റെ അഭിപ്രായം. "The woods are lovely dark and deep but I have promise to keep and miles to go before I sleep". സുന്ദരമായ ഉദ്യാനം, ഈ ഉദ്യാനത്തിന്റെ സ്നേഹവും മനോഹാരിതയും എന്നെ ആകർഷിക്കുന്നു. ഇതിൽ സഞ്ചരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ ഉറങ്ങുന്നതിനുമുമ്പായി നിരവധിയായ ഏറെ കടമകൾ നിർവ്വഹിക്കാനുണ്ടെന്നുള്ള ഉത്തരവാദിത്വബോധത്തോടുകൂടി മുന്നോട്ടുപോകുന്ന മുഖ്യമന്ത്രിയാണ് ഇന്ന് കേരളം ഭരിക്കുന്നത്. അദ്ദേഹം 14 ജില്ലകളിലും സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി സഞ്ചരിക്കുകയുണ്ടായി. പ്രതിപക്ഷ മെമ്പർമാർപോലും ആ പരിപാടിയിൽ സഹകരിച്ചു, ഞങ്ങളുടെയൊക്കെ ജില്ലകളിൽ പ്രതിപക്ഷ എം. എൽ. എ.-മാർ മുഴുവൻ സമയവുമുണ്ടായിരുന്നു. ആ നിലയിൽ കേരളത്തിലെ സാധാരണക്കാരായ പാവപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ പഠിക്കാൻ, അതിന് പരിഹാരമുണ്ടാക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച ഒരു മുഖ്യമന്ത്രിയാണ് കേരളം ഭരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ സാധാരണക്കാരേയും പാവപ്പെട്ടവരേയും സഹായിക്കുന്നതിന് ഇത്രയും സൻമനസ് കാട്ടിയ മുഖ്യമന്ത്രിയെ വേറെ കണ്ടെത്താൻ കഴിയില്ല. ആ നിലയിൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയെ പ്രത്യേകമായി അനുമോദിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. പാവങ്ങളുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായിക്കഴിഞ്ഞു.

ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കാർഷികമേഖലയിലെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് തീരുമാനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷികമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ചു പരിഹാരം നിർദ്ദേശിക്കുന്നതിനു നിയമിക്കപ്പെട്ട ശ്രീ. എം. എസ്. സ്വാമിനാഥന്റെ റിപ്പോർട്ട് ഈ നിയമസഭയിൽ ചർച്ച ചെയ്യുകയുണ്ടായി. അങ്ങനെ ചർച്ച ചെയ്ത് സമയം കളഞ്ഞ് അത് തള്ളുന്ന സമീപനമല്ല ഈ ഗവൺമെന്റിനുള്ളത്. ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ എം. എസ്. സ്വാമിനാഥന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നയപരിപാടികളുമായി മുന്നോട്ടുപോവുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇന്ന് കാർഷികമേഖലയെ സംരക്ഷിക്കണമെങ്കിൽ ജൈവകൃഷിയെ പ്രോൽസാഹിപ്പിക്കണമെന്നുള്ളതുകൊണ്ട് ഗവൺമെന്റ് ഒരു ജൈവകൃഷിനയം രൂപീകരിക്കാൻ തീരുമാനിച്ചത് ശ്രദ്ധേയമായി ഞാൻ കരുതുകയാണ്. ഇന്റർനെറ്റിൽ ഞാൻ മനസ്സിലാക്കിയ ഒരു കാര്യം സർവ്വകലാശാല നടത്തിയ ഒരു പഠനത്തിൽ ജൈവകൃഷി ചെയ്ത് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന കുട്ടികളേക്കാൾ രാസവളം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന കുട്ടികൾക്ക് ക്യാൻസർ വരാനുള്ള സാധ്യത എട്ടിരട്ടി കൂടുതലാണ് എന്നാണ്. ഇത് ഔദ്യോഗികമായ പഠന റിപ്പോർട്ടാണ്. ആ നിലയ്ക്ക് കാർഷികമേഖലയിൽ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക എന്നുള്ളത് നമ്മുടെ പൊതു കാർഷിക മേഖലയ്ക്ക് അനിവാര്യമാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ് ഗവൺമെന്റ് ഇത്തരമൊരു നയം സ്വീകരിച്ചത് എന്നുള്ളത് ഞാൻ മനസ്സിലാക്കുകയാണ്. ഇതുമാത്രമല്ല, പച്ചക്കറി കൃഷിചെയ്യുന്ന സാധാരണക്കാരുടെ മേഖലയെ പ്രതിനിധാനം ചെയ്യുന്ന ഒരു വ്യക്തിയാണ് ഞാൻ. സാധാരണ കൃഷിക്കാരെ സംബന്ധിച്ച് എനിക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

അവരെ ഇടത്തരക്കാരും കച്ചവടക്കാരും ചൂഷണം ചെയ്യുന്ന അവസ്ഥ നമ്മുടെ സംസ്ഥാനത്തുണ്ട്. അത് പരിഹരിക്കാൻ മാർക്കറ്റിംഗ് ബിൽ അവതരിപ്പിക്കുമെന്നു പറഞ്ഞ ഗവൺമെന്റിന്റെ നയം തീർച്ചയായും യഥാർത്ഥ കൃഷിക്കാരെ സഹായിക്കുന്നതിനുള്ള നടപടിയാണ്. അതൊക്കെ നമുക്ക് ഒരു കാലഘട്ടത്തിലും വിസ്മരിക്കാൻ കഴിയില്ല. അതുപോലെതന്നെ പുഷ്പകൃഷി, സുഗന്ധവ്യഞ്ജനങ്ങളുടെയും, ഔഷധ സസ്യങ്ങളുടെയും കൃഷി എന്നിവയെ പ്രോൽസാഹിപ്പിക്കുന്നതിന് Export Zone ആരംഭിക്കാൻ വേണ്ടി ഗവൺമെന്റ് നയം പ്രഖ്യാപിച്ചിരിക്കുന്നു. കന്നുകാലികളുടെ എണ്ണവും ക്ഷീരോൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു കന്നുകാലിപരിപാലന നയം ആവിഷ്ക്കരിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നു. കാർഷിക രംഗത്ത് ഇന്നുള്ള പദ്ധതിയിലൂടെ സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിരിക്കുന്നു. ഉൽപ്പാദനക്ഷമമായ കാർഷിക പദ്ധതിയിൽ യുവാക്കളെ പങ്കെടുപ്പിക്കുന്നതിനായി ഒരുലക്ഷം യുവാക്കൾക്കുവേണ്ടിയുള്ള പദ്ധതി ആവിഷ്ക്കരിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. നെല്ല്, അടയ്ക്ക, കാപ്പി, കുരുമുളക് തുടങ്ങിയ കൃഷികളെ രക്ഷിക്കാൻ വിപണിയിലിടപെടാൻവേണ്ടി ഗവൺമെന്റ് ഒരു നയം പ്രഖ്യാപിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് Horticultural Mission സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. കാർഷിക വായ്പ അടച്ചുതീർക്കുന്നതിനു മുമ്പ് മരണമടഞ്ഞ ആളുകളുടെ കാർഷിക ബാധ്യത Risk Fund Scheme-ൽ ഏറ്റെടുക്കാനും ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ കാർഷികമേഖലയെ സമൂലമായി സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

നൂറുദിവസ കർമ്മപരിപാടിയിൽ നിരവധി പരിപാടികൾ റവന്യൂ വകുപ്പിൽ പ്രഖ്യാപിച്ചു. 25,000 പേർക്ക് പട്ടയം നൽകുമെന്ന് പ്രഖ്യാപിച്ചു. 25,000 പേർക്ക് പട്ടയം നൽകുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും 27,015 ആളുകൾക്ക് കേരളത്തിൽ 100 ദിവസം കൊണ്ട് പട്ടയവും കൈവശരേഖയും നൽകാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. 17,133 പേർക്ക് പട്ടയവും 8,402 പേർക്ക് കൈവശരേഖയും നൽകുകയുണ്ടായി. വക്കീൽ ഗുമസ്ഥന്മാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ക്ഷേമനിധി രൂപീകരിച്ചു. കാർഷിക കടാശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചു. ഇങ്ങനെ 100 ദിവസത്തെ കർമ്മപരിപാടിയുമായി ഗവൺമെന്റ് മുന്നോട്ട് പോയപ്പോൾ പ്രതിപക്ഷം ചെയ്തതെന്താണ്? കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം ബി. ബി. സി.-യിൽ സ്ഥാനംപിടിച്ചു. അത് എന്തുകാര്യത്തിലാണെന്നുള്ളത് മനസ്സിലാക്കണം. 972 പ്രകടനങ്ങളാണ് ഒരുവർഷംകൊണ്ട് നമ്മുടെ സംസ്ഥാനത്ത് നടത്തിയത്. അക്കാര്യത്തിൽ ബി. ബി. സി.-യിൽ സ്ഥാനം പിടിക്കാൻ കഴിഞ്ഞു. അതിനുത്തരവാദികളായവരാണ് ഇതൊക്കെ പറയുന്നത്. കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ 1,00,82,000 രൂപയുടെ പൊതുമുതൽ നശിപ്പിക്കുകയുണ്ടായി. അതുപോലെ ഹർത്താൽ ദിനങ്ങളിൽ തകർക്കപ്പെട്ടത് 662 കെ. എസ്. ആർ. ടി. സി. ബസുകളാണ്. അതുപോലെ 247 പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പരിക്കുപറ്റി, 47 വിദ്യാഭ്യാസ സ്ഥാപനങ്ങൾ തകർക്കപ്പെട്ടു. കെ. എസ്. ഇ. ബി.-യുടെതന്നെ 155 സ്ഥാപനങ്ങൾ നശിപ്പിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞു. അങ്ങനെ കഴിഞ്ഞ 100 ദിവസകർമ്മപരിപാടി ആവിഷ്ക്കരിച്ച് ജനങ്ങളോട് പ്രതിബദ്ധതയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നയപരിപാടികളുമായി ഗവൺമെന്റ് മുന്നോട്ടുപോയപ്പോൾ പ്രതിപക്ഷം ഇവിടെ മുമ്പ് സൂചിപ്പിച്ചതുപോലെ ആത്മാർത്ഥമായി സഹകരിക്കുന്നതിനുപകരം ഈ രാജ്യത്തെ പൊതുമുതൽ നശിപ്പിക്കുകയും അക്രമാസക്തമാവുകയും ചെയ്യുന്ന പരിപാടികളുമായിട്ടാണ് മുന്നോട്ടുപോയത്. കഴിഞ്ഞ നാളുകളിൽ സംസ്ഥാനത്ത് അവതരിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട, സാധാരണക്കാരായ ആളുകളെ സഹായിക്കുന്ന നല്ല നയപ്രഖ്യാപനം നടത്തിയതിനുള്ള നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഞാൻ കഴിഞ്ഞ

2.00 p. m.]

10 വർഷത്തെ നയപ്രഖ്യാപന പ്രസംഗങ്ങൾ പരിശോധിച്ചു. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഭരണകാലത്തും ഐക്യജനാധിപത്യമുന്നണിയുടെ ഭരണകാലത്തുമൊക്കെ നടത്തിയ നയപ്രഖ്യാപന പ്രസംഗങ്ങൾ ഏതാണ്ട് ഒരുപോലെയാണ് എനിക്ക് കാണാൻ കഴിഞ്ഞത്. നയപ്രഖ്യാപന പ്രസംഗത്തിൽ ഒന്നുമില്ലെന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല. ഉദാഹരണമായി 2000-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത്, ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ, രാഷ്ട്രീയമായ കൊലപാതകങ്ങളും അക്രമങ്ങളും കണ്ണൂർ ജില്ലയിൽ പെരുകിക്കൊണ്ടിരിക്കുന്ന ഒരു സമയത്ത്, ആ നയപ്രഖ്യാപനത്തിന്റെ 13-ാം പേജിൽ പറഞ്ഞിട്ടുണ്ട് സംസ്ഥാനത്ത് ക്രമസമാധാന നില പൊതുവെ ശാന്തമായിരുന്നുവെന്ന്. രാഷ്ട്രീയ സംഘട്ടനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും സമയോചിതമായ നടപടികൾ മൂലം സമാധാനം പുനഃസ്ഥാപിക്കാൻ സാധിച്ചുവെന്ന്. അതുപോലെ കൃഷിക്കാർക്കുവേണ്ടി പ്രതിപക്ഷം വലിയ ബഹളമുണ്ടാക്കുന്നുണ്ടല്ലോ; 1999-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ വർഷം 'പൊന്മണി' വർഷമായി ആചരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഏറ്റവും നല്ലൊരു നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ ഗവർണ്ണർ നടത്തിയത്: ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പല നല്ല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്, വ്യവസായരംഗത്ത്, പൊതുമേഖലാ വ്യവസായത്തോടുള്ള സമീപനത്തിൽ കാര്യമായ വ്യതിയാനം വരുത്തിയിട്ടുണ്ട് എന്നുള്ളത്. ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഇ. ആർ. സി. നിർത്തലാക്കിയിട്ടുണ്ട്. നഷ്ടത്തിൽ ഓടുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ സർക്കാർതന്നെ ഫണ്ടു കൊടുക്കുമെന്നു പറഞ്ഞിട്ടുണ്ട്. വളരെ സ്വാഗതാർഹമായ കാര്യമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലുള്ള, വളരെ മാതൃകാപരമായി നടത്തുന്ന ഒരു പദ്ധതിയാണ് കുടുംബശ്രീ. കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ വഹിക്കുന്ന പങ്കും, ഗ്രാമീണ സ്ത്രീകൾക്ക് അതുണ്ടാക്കുന്ന സാമ്പത്തികമായ നേട്ടവും വളരെയേറെ ശ്ലാഘനീയമാണ്. അതുപോലെ ആശ്രയപദ്ധതികൾ വ്യാപിപ്പിച്ചുകൊണ്ടുള്ള നടപടികളും. ഇങ്ങനെ പരിശോധിച്ചാൽ എല്ലാവിധ കാര്യങ്ങളെക്കുറിച്ചും വ്യക്തമായ ഒരു നയം ഈ പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്. കായിക രംഗത്തെക്കുറിച്ച് ഒരുപാടു നല്ലകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ ഫുട്ബാളിനു കൂടുതൽ പരിഗണന നൽകണം. കലാരംഗത്തെക്കുറിച്ച് കൂടുതൽ പറയുകയും കലാരംഗത്ത് പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നവർക്കുവേണ്ടി ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിക്കേണ്ടതുമായിരുന്നു. അതുപോലെ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു വരിയാകാമായിരുന്നു. അതു നയപ്രഖ്യാപന പ്രസംഗത്തിൽ ഇല്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരോട് പറയാനുള്ളത്, 11-ാം കേരള നിയമസഭയുടെ 11-ാം സെഷൻ അവസാനിക്കുന്നതിനു മുമ്പ് തീർച്ചയായും നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുമെന്ന് ഗവൺമെന്റ് ഉറപ്പ് നൽകണം എന്നാണ്. അതുപോലെ ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് സ്പെഷ്യൽ റിക്രൂട്ടുമെന്റുപോലുള്ള നടപടികൾ സ്വീകരിക്കുവാൻ തുടങ്ങുമെന്ന് ഉറപ്പുനൽകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. ഇതുകണ്ട് മാർക്സിസ്റ്റുകാരായ എന്റെ സഹോദരന്മാർ സന്തോഷിക്കുന്നതിന് യാതൊരു അർത്ഥവുമില്ല. അവർ ഇതിൽ ഒന്നും ചെയ്തിട്ടില്ല. ഇപ്പോൾ അവർക്ക് വലിയ സൗകര്യമുള്ളതു യു. ഡി. എഫ്. ഭരിക്കുന്നു എന്നുള്ളതാണ്. മുല്ലാ നസ്റുദ്ദീനെക്കുറിച്ച് ഒരു കഥയുണ്ട്. വിശുദ്ധനായ ഒരു ജൂതൻ മരിക്കാൻ കിടക്കുന്ന സന്ദർഭത്തിൽ, അദ്ദേഹത്തിന്റെ ബന്ധുക്കളും സുഹൃത്തുക്കളും അടുത്തു നിൽക്കുകയാണ്. എല്ലാവരും പറഞ്ഞു ഈ വിശുദ്ധനായ മനുഷ്യൻ ഇങ്ങനെ മരിച്ചുപോകുന്നതു നമുക്കു നഷ്ടമാണ്. അതുകൊണ്ട് നമ്മുടെയൊക്കെ ആയുസ്സിന്റെ ചെറിയൊരു ഭാഗം ഇദ്ദേഹത്തിനു കൊടുക്കാമെന്ന്. ഒരു പിശുക്കൻ ഒരു മിനിട്ടു കൊടുത്തു, വേറൊരാൾ രണ്ടുദിവസം കൊടുത്തു. ഇങ്ങനെ പലരും കൊടുത്തപ്പോൾ മുല്ലാ നസ്റുദ്ദീൻ 20 വർഷം കൊടുത്തിരിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹത്തെ മാറ്റിനിർത്തി അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ചോദിച്ചു നിങ്ങൾ എന്തു വിഡ്ഢിത്തമാണ് ചെയ്തത് എന്ന്. അപ്പോൾ അയാൾ പറഞ്ഞത്, എന്റെ ആയുസ്സല്ല, എന്റെ ഭാര്യയുടെ ആയുസ്സാണ് കൊടുത്തത് എന്ന്. അതുപോലെയാണ് ഇവരുടെ കാര്യം. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനോട് വല്ല അനുഭാവവും ഇവർക്കുണ്ടോ? അതുനടപ്പിലാക്കാൻ ആഗ്രഹമുണ്ടെന്നുതോന്നും ഇവരുടെ വർത്തമാനം കേട്ടാൽ. പക്ഷേ അതല്ല വാസ്തവം. നടപ്പിലാക്കുന്നെങ്കിൽ യു. ഡി. എഫ്. നടപ്പിലാക്കി കൊള്ളട്ടെ, ഞങ്ങൾക്ക് അതിനു സാധ്യമല്ലെന്നുള്ള മട്ടിലാണ് അവരുടെ പോക്ക്. അവരുടെ ആയുസ്സൊന്നും നൽകാൻ അവർ തയ്യാറല്ല.

സി. പി. എം.-ന്റെ അകത്തുള്ള അവസ്ഥ എല്ലാവരും ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. "വെള്ള തേച്ച ശവക്കല്ലറ പോലെയാണ്" വാസ്തവത്തിൽ സി. പി. എം.-ന്റെ അവസ്ഥ. ആകർഷണീയമായ പുറം എന്നാൽ അകം മരിച്ച മനുഷ്യന്റെ അഴുകിയ അവശിഷ്ടങ്ങളാണെന്ന് കാണാൻ യാതൊരു പ്രയാസവുമില്ല. കുഞ്ഞുണ്ണിമാഷ് പാടിയിട്ടുണ്ട്. `പട്ടി പെറും, പാർട്ടി പിളരും, പൊളിറ്റിക്സ് ഇങ്ങനെ എന്നെന്നും പൊളിയാകാൻ എന്തു കാരണം?' "പൊളിയാകുക കാരണമെന്ന്" അദ്ദേഹത്തിന്റെ മറുപടി. "പ്ളേഗ് പരന്നാൽ ഉണ്ട് നിവൃത്തി, ഫ്ളാഗ് പരന്നാൽ ഇല്ല നിവൃത്തി" എന്നു പറഞ്ഞതുപോലെയാണ് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഈ കാര്യങ്ങളിലൊക്കെയുള്ള സമീപനം. പഴയ തലമുറയ്ക്ക് തലയില്ലെന്നും പുതിയ തലമുറയ്ക്ക് മുറയില്ലെന്നും സാധാരണ പറഞ്ഞുകേൾക്കാറുണ്ട്. ആ അവസ്ഥയിലാണ് നമ്മുടെ കമ്മ്യൂണിസ്റ്റുകാരന്റെ പഴയ സ്ഥിതിയും ഇപ്പോഴത്തെ സ്ഥിതിയും. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു വേറൊരു കാര്യമാണ് പറയാനുള്ളത്, സി. പി. എം.-ന് അകത്തു നടക്കുന്ന ആശയ സംഘട്ടനത്തെക്കുറിച്ചും അവരുടെ ഇടയിൽ നടക്കുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ചും മലപ്പുറത്തുവച്ചു കാണാമെന്നുള്ള പ്രഖ്യാപനത്തെക്കുറിച്ചും ഇവിടെ എല്ലാവരും പറഞ്ഞു. ഞാൻ മലപ്പുറത്തുകാരനായതുകൊണ്ട് അതിനെക്കുറിച്ച് ഒരു വാക്ക് പറയാതിരിക്കുന്നതു മോശമായതുകൊണ്ട് പറയുകയാണ്. ഒരു സംസ്ഥാന സമ്മേളനം മലപ്പുറത്തല്ല മക്കയിൽ പോയി നടത്തിയാലും മക്കളെ നിങ്ങൾക്ക് യാതൊരുഗുണവും ഉണ്ടാകാൻ പോകുന്നില്ല. മഞ്ചേരി തെരഞ്ഞെടുപ്പിനെക്കുറിച്ച് നിങ്ങൾ ഒന്നും പറയണ്ട. മഞ്ചേരി തെരഞ്ഞെടുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത ആ തെരഞ്ഞെടുപ്പോടുകൂടിയാണ് സ്വതന്ത്ര ഭാരതത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു മുസ്ലീംലീഗുകാരന് കേന്ദ്രത്തിൽ മന്ത്രി സ്ഥാനം കിട്ടിയത്. അതാണ് ആ തെരഞ്ഞെടുപ്പിന്റെ പ്രത്യേകത. ശ്രീ. ഇ. അഹമ്മദ് സാഹിബിനെപ്പോലെയുള്ള ഒരു മന്ത്രിയെ, നിങ്ങൾ കൂടി പിന്തുണ തന്നിട്ട് ഒരു മുസ്ലീം ലീഗുകാരനെ മന്ത്രിയാക്കിയിരിക്കുകയാണ്. ഇവരുടെ ഭരണ കാലത്ത് തുപ്പലിൽ കപ്പലോടിക്കാൻ കെൽപ്പുള്ള മന്ത്രിമാർവരെയുണ്ടായിരുന്നു. ഇന്നു മാർക്സിസ്റ്റുപാർട്ടി മഹാഭാരതയുദ്ധം പോലെ കുരുക്ഷേത്രത്തിൽ കാണാമെന്നു പരസ്പരം വെല്ലുവിളിക്കുന്നു. അതിൽ ശ്രീ. പാലൊളി മുഹമ്മദ്കുട്ടിയും ശ്രീ. എം. എ. ബേബിയും ശ്രീ. കോടിയേരി ബാലകൃഷ്ണനും ഡോ. തോമസ് ഐസക്കും പഞ്ചപാണ്ഡവന്മാരെപ്പോലെ ഒരു ഭാഗത്തും അച്ചുതാനന്ദന്റെ നേതൃത്വത്തിൽ കൗരവപ്പട മറുഭാഗത്തും നിൽക്കുകയാണ്. ഈ നില്പ് കണ്ടാൽ,

"ഇന്നേതു ഖാണ്ഡവത്തിൻ മടിത്തട്ടിലോ
വന്നകപ്പെട്ടു നാം ശാർങ്ങക പക്ഷികൾ" എന്നാണ് അണികൾ ചോദിക്കുന്നത്.
"ഇന്നേതു ഖാണ്ഡവത്തിൻ മടിത്തട്ടിലോ
വന്നകപ്പെട്ടു നാം ശാർങ്ങക പക്ഷികൾ"
അഗ്നിയിൽ നിന്നും ഈ ആരണ്യകത്തിനെ രക്ഷിക്കുവാൻ
ഒരാൾ മാരി പെയ്യിക്കുവാനൊരാൾ, മാരി പെയ്താലോ
"പ്രതിരോധമായ് ശരമാരി പെയ്യിക്കുവാൻ

ഗാണ്ഡീവധാരിയായ്" തറ്റുടുത്തങ്ങനെ മറ്റൊരാൾ എന്നു പറഞ്ഞതുപോലെ രണ്ട് ആളുകളും നിൽക്കുകയാണ്. ആ രണ്ടിനുമിടയ്ക്ക് ഈ ശാർങ്ങക പക്ഷികളെപ്പോലെ അകപ്പെട്ട ഒരു അവസ്ഥയാണ് ഉള്ളത്. അതിൽ ഹർകിഷൻസിംഗ് സുർജിത് ആകുന്ന ഭീഷ്മാചാര്യർ ശരശയ്യയിൽ കിടക്കുകയാണ്. അങ്ങനെ കിടക്കുമ്പോൾ ഇപ്പോൾ മാർക്സിസ്റ്റുപാർട്ടിയുടെ ഗ്രൂപ്പുകളിൽ നിന്നും കേൾക്കുന്നത് തേരുതെളിക്കാൻ ഒരാളില്ലെന്നാണ്. അതുകൊണ്ട് കൃഷ്ണാ നീ എവിടെ....... എന്നുള്ള വിളിയാണ് എങ്ങും കേൾക്കുന്നത്. ലണ്ടനിലെ ഹൈഗേറ്റ് സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന കാറൽ മാർക്സിന്റെ ആത്മാവുപോലും ശ്രീ. ഒ. എൻ. വി. പാടിയ കവിതയാണ് പാടുന്നത്. "ഞങ്ങളുടെ കൃഷ്ണനേയും അപഹരിച്ചു നിങ്ങൾ, ഞങ്ങളുടെ യമുനയുടെ തെളിമയും ശുദ്ധിയും നിങ്ങളുടെ കയ്യാൽ നശിച്ചു", ആ മാർക്സിസം-ലെനിനിസത്തിന്റെ തെളിമയും ശുദ്ധിയും പോലും നശിപ്പിച്ചവരാണ് ഇവിടെ ഇരിക്കുന്നത്. ഇവർക്ക് ഇതിനെക്കുറിച്ചൊന്നും പറയാൻ യാതൊരു അവകാശവുമില്ല. എന്റെ ബഹുമാന്യ സുഹൃത്ത് ബിനോയ് വിശ്വം നേരത്തെ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചപ്പോൾ മുസ്ലീം ലീഗിന്റെ കയ്യിൽനിന്നും കോൺഗ്രസ് ഐ. ടി. തട്ടിത്തെറിപ്പിച്ചു എന്നു പറയുന്നതു കേട്ടു. വാസ്തവത്തിൽ മാർക്സിസ്റ്റുകാരോടുള്ള ദേഷ്യമാണ്, പ്രതികാരമാണ് ശ്രീ. ബിനോയ് വിശ്വം തീർത്തത് എന്നു പറയാതിരിക്കാൻ വയ്യ. കാഴ്ചബംഗ്ളാവിൽ ചീങ്കണ്ണിയെ വെള്ളത്തിൽ ഇട്ടുവച്ചിട്ടുണ്ടാകും അതുപോലെയാണ് ഇടതുപക്ഷ പാളയത്തിൽ സി. പി. ഐ. കിടക്കുന്നത്. ജീവൻ ഉണ്ടോ ഇല്ലയോ എന്നു മനസ്സിലാക്കാൻ, ടിക്കറ്റെടുത്ത് ആളുകൾ വരുമ്പോൾ കമ്പെടുത്തു കുത്തിക്കാണിച്ചു കൊടുക്കും. കുത്തുകൊള്ളുമ്പോൾ അതൊന്നു ഇളകും. ആ ഒരു അവസ്ഥയിലാണ് ഇടതുപക്ഷ മുന്നണിയിൽ സി.പി.ഐ. കിടക്കുന്നത്. ശ്രീ. പി. കെ. വാസുദേവൻനായരായിരുന്നു ഇവിടെ മുഖ്യമന്ത്രി. അതു തട്ടിപ്പറിച്ചെടുത്ത് മാർക്സിസ്റ്റുകാർ കൈയടക്കി വച്ചതിന്റെ രോഷം, മുസ്ലീം ലീഗിന്റെ പേരിൽ ശ്രീ. ബിനോയ് വിശ്വം അവതരിപ്പിക്കുന്നതു ശരിയല്ല. മുസ്ലീംലീഗ് വലിയൊരു പാർട്ടിയാണ്. സി. പി. ഐ.-യുടെ മാതിരിയല്ല. എസ്കോട്ടെല്ലിനു നഗരങ്ങളിൽ സി. പി. ഐ.-യെക്കാളും കവറേജുകാണും. പിന്നെ എന്തു വർത്തമാനമാണ് പറയുന്നത്. തൃശ്ശൂരിൽ സാധാരണ പറയാറുണ്ട്. ആനക്കാരനു മക്കളുണ്ടായതുമാതിരി എന്ന്. ആനക്കാരന് പൂരം നടക്കുന്നിടത്ത് മാത്രമേ മക്കൾ ഉണ്ടാകൂ എന്ന മാതിരിയാണ് ഈ പാർട്ടിക്ക്, ഇന്ത്യാ രാജ്യത്ത് പല ഭാഗങ്ങളിലും ആരുമില്ലാത്ത ഒരു അവസ്ഥയാണുള്ളത്. അവർ ഞങ്ങളെപ്പറ്റി പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. നമ്മുടെ സംസ്ഥാനത്ത് സുനാമി ദുരന്തം ഉണ്ടായതിനെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഈ കൊലയാളി സുനാമി എന്നുള്ള പ്രയോഗത്തോട് എനിക്ക് യോജിപ്പില്ല. അതൊരു പ്രകൃതി പ്രതിഭാസമാണ്, ഒരു മഹാ ദുരന്തമാണ്. കൊലയാളി എന്നു സംബോധന ചെയ്യാൻ പാടില്ല. ദൈവംതരുന്ന നല്ലതും ചീത്തയുമായ എല്ലാത്തിനേയും സ്വീകരിക്കാനുള്ള ബാദ്ധ്യത മനുഷ്യർക്കുണ്ട്. ഇതുപോലുള്ള മഹാ പ്രതിഭാസത്തിൽ നിന്നാണ് മനുഷ്യൻ പോലും ഉണ്ടായത്. ഈ പ്രകൃതിയെ സംബന്ധിച്ച് അറിയാത്തതുകൊണ്ടും പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് അറിയാത്തതു കൊണ്ടും മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടുമാണ് ഇങ്ങനെ പറയുന്നത്. കുറച്ചു സഹിഷ്ണുത വേണം.

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> ആനക്കാർ നാടുമുഴുവൻ നടന്നു കുട്ടികളുണ്ടാക്കുന്നവരല്ല. അങ്ങനെ പറയാൻ പാടില്ല.. . .(ബഹളം). . .

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> ഞാൻ പറയുന്നതു മനസ്സിലാക്കാനുള്ള ബുദ്ധി വേണം. അതൊരു കഥ മാത്രമാണ്. ഒരു കഥയുടെ അപ്പുറം അതിന് യാതൊരു പ്രാധാന്യവുമില്ല. ആ കഥയിൽപ്പെട്ട ഒരാൾക്കും ജീവിച്ചിരിക്കുന്ന ഒരു കഥാപാത്രത്തോടു യാതൊരു ബന്ധവുമില്ല. അവാർഡ് കിട്ടിയ ഒരു സിനിമയാണ് കാഴ്ച എന്ന സിനിമ. ആ സിനിമയിൽ ഗുജറാത്തിലെ ദുരന്തത്തിൽ നിന്ന് എങ്ങനെയോ ഓടി രക്ഷപ്പെട്ട് മമ്മൂട്ടിയുടെ കയ്യിലകപ്പെട്ട ഒരു കുട്ടിയുണ്ട്. യഷ് എന്ന ബാലതാരമാണ് അഭിനയിക്കുന്നത്. ആ കുട്ടിയോട് മമ്മൂട്ടി എന്ത് ചോദിച്ചാലും मुझे भूख लगा है। मुझे भूख लगा है। എന്നു പറയും. അതുപോലെയാണ് ഇവരോട് എന്ത് പറഞ്ഞാലും മനുഷ്യന് മനസ്സിലാകാത്ത ആക്ഷേപങ്ങൾ പറയുകയല്ലാതെ സത്യസന്ധമായി ഒരു കാര്യത്തിനും മറുപടി പറയാൻ സാധിക്കാത്ത ഒരവസ്ഥയാണുള്ളത്............

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു..........പ്ളീസ്........... ഇനി പറയുന്നതൊന്നും രേഖയിൽ കാണുകയില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: ഈ നിയമസഭയിൽ അവതരിപ്പിച്ച നന്ദിപ്രമേയ പ്രസംഗങ്ങളിൽ ഏറ്റവും നല്ല നയപ്രഖ്യാപന പ്രസംഗമാണ് ഇത്. ശ്രീ. എം.എം. ഹസ്സൻ അവതരിപ്പിച്ച..................

(മൈക്ക് ഓഫ്)

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീ എം. എം. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ മൂന്നു കൊല്ലമായി കേരളത്തിൽ യു.ഡി.എഫ് ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ തുടർച്ചയായി സംസ്ഥാനത്തിന്റെ വികസനത്തിനും പുരോഗതിക്കുംവേണ്ടി നിശ്ചയദാർഢ്യത്തോടുകൂടി മുന്നേറാനുള്ള സൂചനയാണ് ഈ പ്രസംഗത്തിൽ നിഴലിച്ചു കാണുന്നത്. ശ്രീ. ബിനോയ് വിശ്വം മുതൽ ശ്രീ. വി.സി. കബീർ വരെ ഈ പ്രമേയത്തെ വിമർശിച്ചുകൊണ്ട് പ്രസംഗിച്ചു. ആ പ്രസംഗങ്ങളെല്ലാം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നയപ്രഖ്യാപന പ്രസംഗത്തിനുള്ള കോംപ്ലിമെന്റ്സാണ്. ശ്രീ ബിനോയ് വിശ്വത്തിന് ആകെ പറയുവാനുണ്ടായിരുന്ന കാര്യം സുനാമി ദുരന്തം മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല എന്നുള്ളതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ലോകത്ത് വൻപിച്ച ശാസ്ത്ര പുരോഗതിയുണ്ടായ കാലഘട്ടത്തിൽ സുനാമി മുൻകൂട്ടി കാണാൻ ഇൻഡോനേഷ്യയ്ക്കോ, ജപ്പാനോ കഴിയാതെ പോയെങ്കിൽ കേരളത്തിന് കഴിയാതെ പോയതിനെ വിമർശിക്കുന്നത് എത്രമാത്രം ആത്മാർത്ഥതയോടുകൂടിയാണ്. 2001-ലെ തെരഞ്ഞെടുപ്പിൽ യു. ഡി. എഫ്. ഭരണത്തിലേയ്ക്ക് വന്നു. ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാനം ഇപ്പോൾ എത്തിനിൽക്കുന്ന സർവതോന്മുഖമായ വികസനത്തിലേയ്ക്ക് നയിച്ചതിന് ശ്രീമാൻ എ.കെ. ആന്റണിയും ക്യാബിനറ്റിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും നൽകിയ വിലയേറിയ സംഭാവനകൾക്ക് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇത് ആരും വിസ്മരിക്കരുത്. 2001-ൽ ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ എന്തായിരുന്നു ഇവിടുത്തെ അവസ്ഥ? ആ കാര്യങ്ങൾ ഇപ്പോൾ പറയുന്നില്ല. കേരളമാകെ സാമ്പത്തികമായി തകർന്ന ഒരു കാലഘട്ടം, കേരളത്തിന്റെ വികസനമാകെ മുരടിച്ച ഒരു കാലഘട്ടം. വിലത്തകർച്ച മൂലം കാർഷികരംഗത്താകെ മാന്ദ്യം സംഭവിച്ച ഒരു കാലഘട്ടം. സർക്കാരിന്റെ ചെക്കുകൾ മാറാതെ വണ്ടിച്ചെക്കായി മാറിയതുകൊണ്ട് എന്റെ സ്നേഹിതൻ ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്ററുടെ മണ്ഡലത്തിൽ ഒരു കോൺട്രാക്ടറടക്കം ആത്മഹത്യ ചെയ്ത കാലഘട്ടം. അതുപോലെ അന്നത്തെ മുഖ്യമന്ത്രിയുടേയും അന്നത്തേയും ഇന്നത്തേയും സി. പി. എം. സംസ്ഥാന സെക്രട്ടറിയുടേയും നാടായ കണ്ണൂർ ജില്ലയിൽ കൊലപാതകവും രാഷ്ട്രീയ സംഘർഷവും അഴിഞ്ഞാടിയ കാലഘട്ടം. ആ കാലഘട്ടത്തിൽ നിന്ന് മൂന്നു കൊല്ലംകൊണ്ട് കേരളത്തിനുണ്ടായ മാറ്റങ്ങളും പുരോഗതിയും നിങ്ങൾ കാണാതെ പോകരുത്. കഴിഞ്ഞ ദിവസം ശ്രീ. വി. എസ്. അച്ചുതാനന്ദൻ കണ്ണൂരിലേയ്ക്ക് പോയപ്പോൾ ഞാൻ അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൂടെയുണ്ടായിരുന്നു. നേരത്തെ ശ്രീ. ഇ. കെ. നായനാർ ഭരിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീ. പിണറായി വിജയൻ കണ്ണൂരിൽ വന്നാൽ എന്തായിരുന്നു അവസ്ഥ? അവിടെ വൻപിച്ച പോലീസ് സന്നാഹത്തിന്റെ പിൻബലം വേണമായിരുന്നു. നിങ്ങൾ ഭരിക്കുമ്പോൾ ശ്രീ. പിണറായി വിജയനാണെങ്കിലും ശ്രീ. വി. എസ്. അച്യുതാനന്ദനാണെങ്കിലും വലിയ പോലീസ് സന്നാഹം വേണമായിരുന്നു. പക്ഷെ ഇത്തവണ പോലീസ് അകമ്പടിയില്ലാതെ യാത്രചെയ്യാൻ വി. എസ്.-ന് കഴിഞ്ഞു. കണ്ണൂർ ജില്ല ഇപ്പോൾ ശാന്തമായിരിക്കുന്നു, അവിടെ സമാധാനമുണ്ടായിരിക്കുന്നു. അതിനുള്ള ഒരു സാമാന്യമായ കോംപ്ലിമെന്റെങ്കിലും യു. ഡി. എഫ്.-ന് കൊടുക്കണ്ടേ? കടുത്ത സാമ്പത്തികത്തകർച്ചമൂലം, തകർന്ന അവസ്ഥയിൽനിന്നും കേരളത്തിന് മോചനമുണ്ടായില്ലേ? റബ്ബറിനും തേങ്ങയ്ക്കും ഇന്ന് നല്ല വിലയുണ്ടല്ലോ. എന്റെ മണ്ഡലത്തിലെ ഒരു കൃഷിക്കാരൻ ഇടതുഭരണകാലത്ത് തെങ്ങിൻതോപ്പിൽ ബോർഡെഴുതിവച്ചു. 'നാളികേരം ആർക്കുവേണമെങ്കിലും വെട്ടിക്കൊണ്ട് പോകാമെന്ന്'. അന്ന് തേങ്ങ വാങ്ങാൻ ആളില്ലായിരുന്നു. ഇന്ന് മണ്ഡരി ബാധിച്ചതുമൂലം ഉൽപ്പാദനം കുറഞ്ഞെങ്കിലും തേങ്ങയ്ക്ക് നല്ലവില ഉണ്ടായില്ലേ? റബ്ബറിന്റെ വില കഴിഞ്ഞ മൂന്നു വർഷമായി all time high price അല്ലേ? ഇങ്ങനെ കേരളത്തിനുണ്ടായ സാമ്പത്തിക പുരോഗതി, സാമ്പത്തികമായ മുന്നേറ്റം അത് ഈ ഗവൺമെന്റിന്റെ തൊപ്പിയിലെ തിളങ്ങുന്ന തൂവൽ തന്നെയാണ്. ഞങ്ങൾ കഴിഞ്ഞ മൂന്നുവർഷക്കാലം കൊണ്ട് ഇക്കണോമിയെ മെച്ചപ്പെട്ട സ്ഥിതിയിലേക്ക് മടക്കിക്കൊണ്ടുവന്നു. We have put the economy back on the rails. സമഗ്രമായ കടാശ്വാസ നിയമം കൊണ്ടു വന്നു. വൺടൈം സെറ്റിൽമെന്റ് കൊണ്ടുവന്നു. വലിയ കടബാദ്ധ്യതയിൽനിന്ന് കർഷകർക്ക് മോചനമുണ്ടാക്കി. വയനാട് ജില്ലയിൽ സമഗ്രമായ ഒരു കാർഷിക പാക്കേജ് കൊണ്ടുവന്നു. കൊട്ടിയൂരിൽ ഉരുൾപൊട്ടൽ ഉണ്ടായപ്പോൾ അവിടേയും ആശ്വാസവുമായി ഈ ഗവൺമെന്റ് ഓടിയെത്തി. അങ്ങനെ ഭരണത്തിന്റെ പ്രതിഫലനം സാധാരണക്കാർക്കുണ്ടായി. ഭരണം എ. കെ. ജി. സെന്ററിൽനിന്നും സെക്രട്ടേറിയറ്റിലേയ്ക്ക് കൊണ്ടുവന്നു. നിങ്ങളുടെ കാലത്ത് ഭരണ നിയന്ത്രണം ആർക്കായിരുന്നു? എ. കെ. ജി. സെന്ററിൽ ആയിരുന്നു. അതിന്റെ നാറുന്ന കഥകളല്ലേ ഇപ്പോൾ പാർട്ടി സമ്മേളനങ്ങളിൽ മുഴങ്ങിക്കേൾക്കുന്നത്? ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. നിങ്ങളുടെ ഭരണകാലത്ത് നിയമവാഴ്ചയുടെ നിയന്ത്രണം ആർക്കായിരുന്നു? നിങ്ങളുടെ ഭരണകാലത്ത് നിയമവാഴ്ചയുടെ നിയന്ത്രണം പോലീസിനായിരുന്നില്ല, മുഖ്യമന്ത്രിയുടെ ഓഫീസിലെ പൊളിറ്റിക്കൽ സെക്രട്ടറിക്കായിരുന്നു. കഴിഞ്ഞ മൂന്ന് മാസക്കാലമായി കേരളത്തിൽ നടക്കുന്ന സി. പി. എം. ജില്ലാ സമ്മേളനങ്ങളിലും ഏരിയാ സമ്മേളനങ്ങളിലും വിമർശനങ്ങളാണ്. വിമർശനം നിങ്ങളുടെ ഭരണത്തിന്റെ കൊള്ളരുതായ്മയെപ്പറ്റിയല്ലേ? ഭരണത്തിന്റെ നിയന്ത്രണം സെക്രട്ടറിയേറ്റിൽനിന്നും ഹൈജാക്ക് ചെയ്ത് എ. കെ. ജി. സെന്ററിൽ കൊണ്ടുപോയി. ക്രിമിനൽ ഇൻവെസ്റ്റിഗേഷനിൽ സി. എം.-ന്റെ ഓഫീസിലെ പങ്ക് എന്താണ്. ഇവിടെ എ. ജി ആണെങ്കിലും ഡി. ജി. പി. ആണെങ്കിലും ജനാർദ്ദനക്കുറുപ്പാണെങ്കിലും എല്ലാപേരും പറയുന്ന കഥകൾ നിങ്ങളുടെ കാലത്ത് നടന്ന തെറ്റായ നടപടികളുടെ സത്യം പുറത്തുകൊണ്ടുവരുന്നതിന് സഹായകമായിട്ടുണ്ട്. ഭരണം പാർട്ടിയുടെ വരുതിയിലായിരുന്ന ദൗർഭാഗ്യകരമായ സാഹചര്യമൊഴിവാക്കി, കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിയമവാഴ്ച പുനഃസ്ഥാപിച്ചുകൊണ്ട് മുന്നോട്ടുപോകാൻ U. D. F.-ന് സാധിച്ചു. ഇനി ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ സംസാരിക്കാൻ പോകുകയാണല്ലോ. അദ്ദേഹം എല്ലാ ജില്ലാ സമ്മേളനങ്ങളിലും ആവർത്തിച്ച് പറയുന്നതായി ഞാൻ വായിച്ചതാണ് മാർക്സിസ്റ്റ് പാർട്ടിയിൽ വിഭാഗീയത വളർത്താൻ പിണറായി ശ്രമിക്കുന്നു എന്ന്. വി. എസ്.-ന് എതിരായി വിമർശനമുണ്ടായിരിക്കുന്നത്, പിണറായി വിഭാഗീയതയുടെ സാമ്രാട്ടായി വി. എസ്. എന്ന വാക്ക് മാറിയിരിക്കുന്നുവെന്നാണ്. ഇത് ഞങ്ങൾ പറയുന്നതല്ല. സി. പി. എം-ന്റെ ജില്ലാസമ്മേളനങ്ങളിലെ വിമർശനമാണ്. ഞങ്ങൾക്ക് ദുഃഖമുണ്ട്. മാർക്സിസ്റ്റ്പാർട്ടി സോവിയറ്റ്യൂണിയൻ പോലെ തകരാൻ പാടില്ല. നിങ്ങളുടെ വിഭാഗീയതമൂലം, ആഭ്യന്തര തർക്കങ്ങൾമൂലം നിങ്ങൾ തകർന്നുപോകുന്നത് ഞങ്ങളെല്ലാം വേദനയോടുകൂടി കാണുന്നു. ശ്രീ. എം. എം. ഹസ്സൻ പറഞ്ഞതുപോലെ വി. എസ്. മാർക്സിസ്റ്റ്പാർട്ടിയുടെ ഗോർബച്ചേവായി മാറാതിരിക്കട്ടെ. നിങ്ങളുടെ സാന്നിദ്ധ്യം കേരളത്തിന് ആവശ്യമുണ്ട്. നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾ സ്വീകരിച്ച വഴിപിഴച്ച നയങ്ങൾ നിങ്ങൾക്കുതന്നെ ശാപമായി മാറിയിരിക്കുന്നു. തീരുമാനങ്ങളെടുക്കുന്നത് അവയിലബിൾ സെക്രട്ടേറിയറ്റ് ആണെങ്കിലും ഫുൾ സെക്രട്ടേറിയറ്റ് ആണെങ്കിലും നിങ്ങളുടെ തീരുമാനങ്ങളുടെ പാപക്കറ നിങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ മുൻപിലുള്ള അജണ്ട കേരളത്തിന്റെ വികസനം തന്നെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നൂറു ദിവസത്തെ കർമ്മപരിപാടി പ്രഖ്യാപിച്ചു. 14 ജില്ലകളിലും പോയി മുഖ്യമന്ത്രി പരാതി കേട്ടു. ഇവിടെ നിങ്ങൾ ചോദിച്ചു മുഖ്യമന്ത്രി പോയ ജില്ലകളിൽ പന്തലിടാൻ എന്ത് ചെലവായി? അവിടെ മൈക്ക് വയ്ക്കാൻ എന്ത് ചെലവായി? എന്നൊക്കെ സാധാരണക്കാരന്റെ കണ്ണുനീരൊപ്പുന്നതിനു വേണ്ടി 14 ജില്ലകളിലും പോയി രാവിലെ പത്ത് മണി മുതൽ പാതിരാവരെ ഭക്ഷണംപോലും കഴിക്കാതെ മുഖ്യമന്ത്രി സ്വീകരിച്ച ആ നടപടികളെ നിങ്ങൾ പരിഹസിക്കുകയാണ്. ദയവുചെയ്ത് അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ നിങ്ങൾ കാണാതെ പോകരുത്. നിങ്ങൾ പൂച്ചെണ്ട് നൽകണ്ട, അഭിനന്ദിക്കണ്ട. പക്ഷെ ജനകീയ പ്രശ്നങ്ങൾ ഫയലിൽ കുടുങ്ങിക്കിടക്കുമ്പോൾ പരിഹാരമുണ്ടാക്കാൻ ആത്മാർത്ഥമായി ശ്രമിച്ചാൽ നിങ്ങൾ പന്തലിട്ട ചെലവും മൈക്കിന്റെ ചെലവും പറഞ്ഞ് കുറ്റപ്പെടുത്തുന്നതു കാണുമ്പോൾ നിങ്ങളെ ഓർത്ത് ഞങ്ങൾക്ക് ദുഃഖമുണ്ട്.

ഇവിടെ ഭരണം ജനങ്ങളിലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു. എത്രയോ ആളുകൾക്ക് ചികിൽസിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം കൊടുത്തു. വലിയ കാര്യങ്ങളൊന്നുമല്ല പക്ഷെ വേദനിക്കുന്നവന്, നിവൃത്തിയില്ലാത്ത സാധാരണക്കാരന് ആ സഹായം വലിയ സഹായം തന്നെയാണ്. ഒരുപക്ഷെ ഗൾഫ്കാരന്റെ ഹോട്ടലിൽ അന്തിയുറങ്ങുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് ആ സഹായം തുച്ഛമായിരിക്കാം. ചികിൽസിക്കാൻ മാർഗ്ഗമില്ലാത്ത സാധാരണക്കാരന് മൂവായിരമാണെങ്കിലും ആയിരമാണെങ്കിലും ആ തുക ചെറിയ തുകയല്ല. 14 ജില്ലകളിലും നൂറ് കണക്കിന് ആളുകൾക്ക് സഹായം കൊടുത്തു, ആയിരക്കണക്കിന് ഫയലുകളിൽ തീർപ്പുകൽപ്പിച്ചു. ലഭ്യമായ ഫയലുകളിൽ ഏതാണ്ട് 75 ശതമാനം തീർക്കാൻ സാധിച്ചു. അങ്ങനെ മുന്നോട്ടു പോകുന്ന ഗവൺമെന്റിന്റെ ആ നടപടികളെ നിങ്ങൾ ദയവായി

LIBRARY ARCHIVES Kerala Legislative Assembly

പരിഹസിക്കരുത്. ശ്രീ. ഉമ്മൻചാണ്ടി സാധാരണക്കാരന്റെ വേദന കാണുന്ന മുഖ്യമന്ത്രിയാണ്. ചൂതാട്ടക്കാരുടെ ഓൺ ലൈൻ ലോട്ടറിയെക്കുറിച്ച് ഇന്ന് രാവിലെ ചർച്ചയുണ്ടായി. ഞാൻ ആ വികാരത്തെ മാനിക്കുന്നു. ചൂതാട്ടക്കാരുടെ ഓൺ ലൈൻ ലോട്ടറി അവസാനിപ്പിക്കണം. കേരളത്തിന്റെ സമ്പത്ത് കവർന്നെടുക്കുന്ന ആ ഹൈടെക് തട്ടിപ്പ് അവസാനിപ്പിക്കണം. പക്ഷെ അതിന്റെ മറവിൽ അതിന്റെ പേരിൽ സംസ്ഥാന ലോട്ടറി നിരോധിച്ചത് ഒരിക്കലും ശരിയായ കാര്യമല്ല. എലിയെ തോൽപ്പിക്കാൻ ഇല്ലം ചുടുന്നത് നല്ല കാര്യമല്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റിന് വീണ്ടുവിചാരമുണ്ടാകണം. സർക്കാർ പുനഃരാലോചിക്കണം. മൂന്നര ലക്ഷമാണെങ്കിലും രണ്ടര ലക്ഷമാണെങ്കിലും സാധാരണക്കാരും വികലാംഗരും ഉൾപ്പെടെ ധാരാളം ആളുകളുടെ ജീവിതമാർഗ്ഗമാണ് ലോട്ടറി അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്ത് ഒരു പുനഃരാലോചനയുണ്ടാകണം.

ഇവിടെ എനിക്ക് ഈ നയപ്രഖ്യാപന പ്രസംഗത്തെപ്പറ്റി ഒരു കാര്യം പറയാനുണ്ട്. മലയോര മേഖലയിൽ വമ്പിച്ച മാറ്റം ഉണ്ടാക്കാൻ സാധിച്ചു. മലയോര മേഖലയിൽ വൈദ്യുതീകരണത്തിന് സമഗ്രമായ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു. നാല് താലൂക്കുകളിലെ മലയോര പഞ്ചായത്തുകളുടെ സമ്പൂർണ്ണമായ വൈദ്യുതീകരണം. ശ്രീ. ഗോവിന്ദൻ മാസ്റ്റർക്കറിയാം ഞങ്ങളുടെ ജില്ലയിൽ ഇപ്പോൾ ഇലക്ട്രിസിറ്റി കൊടുത്തുകൊണ്ടിരിക്കുന്നത് 1998-ൽ എം.ജി. വച്ച വർക്കുകളാണ്. എന്നുപറഞ്ഞാൽ മിനിമം ഗ്യാരന്റി വച്ചുകഴിഞ്ഞാൽ ആറ് കൊല്ലം കാത്തിരിക്കണം. ശ്രീ. ആര്യാടൻ പ്രഖ്യാപിച്ചിരിക്കുന്നു 2002 വരെയുള്ള എല്ലാ വർക്കുകൾക്കും കണക്ഷൻ കൊടുക്കാൻ പോകുന്നുവെന്ന്. മലയോര പഞ്ചായത്തുകൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള മലയോര പഞ്ചായത്തുകളുടെ വൈദ്യുതീകരണം. 1173 കോടി രൂപയുടെ എ. പി. ഡി. ആർ. പി.-യിലുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചാൽ മലയോര മേഖലയിൽ വലിയ മുന്നേറ്റം ഉണ്ടാകും. മലയോര മേഖലയിൽ വലിയ വെളിച്ച വിപ്ലവം ഉണ്ടാകും. വോൾട്ടേജ് ഇംപ്രൂവ്മെന്റിന് പദ്ധതിയുണ്ടാക്കിയിരിക്കുന്നു. സമീപകാല കേരള ചരിത്രത്തിൽ ഉണ്ടാകാത്ത വലിയ മാറ്റമാണ് പി. ഡബ്ലിയു. ഡി. രംഗത്ത് ഉണ്ടായത്. ഏതാണ്ട് 250 കോടി രൂപയുടെ വർക്കുകൾക്ക് എ. എസ്. കൊടുത്തുകഴിഞ്ഞു. ആ വർക്കുകൾ ആരംഭിക്കാൻ പോകുന്നു. കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് 1500 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നു. നബാർഡിന്റെ സഹായത്തോടെ 400 കോടി രൂപയുടെ പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു. 8000 കിലോമീറ്റർ റോഡുകൾ ടേക്ക് ഓവർ ചെയ്തു കഴിഞ്ഞിരിക്കുന്നു. ദീർഘകാലമായി ആവശ്യപ്പെട്ടിരുന്ന ഹിൽ ഹൈവേ യാഥാർത്ഥ്യമായിരിക്കുന്നു. മലയോര മേഖലയുടെ വികസന രംഗത്ത്, കേരളത്തിന്റെ വികസന രംഗത്ത് റോഡുകളുടെ വികസനത്തിൽ ഇത്രയേറെ മാറ്റങ്ങളുണ്ടായ കാലഘട്ടം ഉണ്ടായിട്ടില്ല. നിങ്ങൾ ഇത് കാണാതെ പോകരുത്. റോഡുകൾ ടേക്ക് ഓവർ ചെയ്യുമ്പോൾ എ. എസ്. കൊടുക്കുമ്പോൾ നിങ്ങളുടെ കാലത്ത് ഞങ്ങളെ അവഗണിച്ചു എങ്കിൽ ആ വിവേചനം ഇല്ലാതെ വികസനത്തിന്റെ മെസേജ് എല്ലായിടത്തും എത്തിക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. അതുപോലെ കുടിവെള്ളത്തിന്റെ കാര്യം വാട്ടർ സപ്ലൈ സ്കീംസ്

LIBRARY ARCHIVES Kerala Legislative Assembly

വരൾച്ച ആരംഭിക്കാൻ പോകുന്നു. ഇപ്പോഴേ കേരളം കുടിവെള്ളക്ഷാമത്തിന്റെ പിടിയിലായിരിക്കുന്നു. കുടിവെള്ളം ലോറികളിൽ എത്തിക്കുന്നതിനു വേണ്ടി പലയിടത്തു നിന്നും ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. ജലവിഭവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എല്ലാ ജില്ലകളിലും കോൺഫറൻസ് വിളിച്ചുകൂട്ടി പണി നടന്നുവരുന്ന വാട്ടർ സപ്ലൈ സ്കീംസ് പൂർത്തിയാക്കാൻ തീരുമാനമെടുത്തു. 63 ആർ. ഐ. ഡി. എഫ്. സ്കീംസ് 2005-ൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിരുന്നു. കഴിഞ്ഞ കാലത്തൊക്കെ ഈ പദ്ധതികൾ അനിശ്ചിതമായി നീണ്ടുപോയി എങ്കിൽ പുതിയ പദ്ധതികൾ ആരംഭിക്കാനല്ല തുടങ്ങിയവ പൂർത്തിയാക്കാനാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുപോലെ കാർഷിക മേഖലയ്ക്ക് ഒരു സമഗ്രമായ വിള. ഇൻഷ്വറൻസ് സ്കീം ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ശരിയായ കാര്യമാണത്. വിള ഇൻഷ്വറൻസ് ഒരു വലിയ ആവശ്യമായിരുന്നു. കാരണം നാശനഷ്ടമുണ്ടായാൽ കൃഷിക്കാരന് ലഭിക്കുന്നത് നാമമാത്രമായ സഹായമാണ്. ഒരു വാഴ പോയാൽ ലഭിക്കുന്നത് 12 രൂപ അല്ലെങ്കിൽ 15 രൂപയാണ്. വിള ഇൻഷ്വറൻസ് സ്കീം കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് വലിയ ആശ്വാസമാണ്.

ഡോ. കെ. സി. ജോസഫ്: കൃഷി നശിച്ച നെൽകൃഷിക്കാർക്ക് പ്രീമിയം ഒരു കോടി രൂപ അടയ്ക്കാത്തതുകൊണ്ട് ഇൻഷ്വറൻസ് ആനുകൂല്യം ഇപ്പോഴും കിട്ടിയിട്ടില്ല.

ശ്രീ. കെ. സി. ജോസഫ്: ഇന്ന് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തീരുമാനങ്ങൾ ഉണ്ടാകാൻ പോകുകയാണ്. ഇന്ന് കേന്ദ്ര ഗവൺമെന്റ് പദ്ധതികൾക്ക് സംസ്ഥാനത്തിന് അർഹമായ പങ്കാളിത്തം ലഭിക്കുന്നില്ല. കേന്ദ്രത്തിലുള്ള ഗവൺമെന്റ് കേരളത്തിലെ ഈ സഭയിൽ ഉള്ള എല്ലാ കക്ഷികളുടെയും ഗവൺമെന്റാണ്. യു. ഡി. എഫ്. ഗവൺമെന്റിന്റെ ആദ്യകാലഘട്ടത്തിൽ, ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായ അവസരത്തിൽ കേന്ദ്രം ഭരിച്ചിരുന്നത് എൻ. ഡി. എ. ഗവൺമെന്റായിരുന്നു. അന്ന് രാഷ്ട്രീയമായ വിവേചനം ഉണ്ടായി. ഇന്ന് ഇൻഡ്യയുടെ ദേശീയ രംഗത്ത് കാലാവസ്ഥ മാറി; യു.പി.എ. ഗവൺമെന്റ് വന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രൈംമിനിസ്റ്ററുടെ സഡക് യോജനാ പദ്ധതിയിൽ കേരളത്തോട് വലിയ അവഗണനയായിരുന്നു. ഇപ്പോൾ പ്രധാനമന്ത്രി പറഞ്ഞിരിക്കുന്നത് പതിനേഴായിരം കോടി രൂപയുടെ റൂറൽ റോഡ് സ്കീംനടപ്പിലാക്കുമെന്നാണ്. അതുപോലെ കേന്ദ്ര ഗവൺമെന്റിന് ധാരാളം പദ്ധതികൾ ഉണ്ട്. സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടിയുള്ള പ്രത്യേകമായ സംവിധാനങ്ങൾ ഉണ്ടാക്കണം. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികളുടെ ആനുകൂല്യം പൂർണ്ണമായി കേരളത്തിന് ഉണ്ടാകാൻ പ്രത്യേകിച്ചും ദേശീയ രംഗത്തുള്ള അനുകൂലമായ രാഷ്ട്രീയ സാഹചര്യം പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം.

അതുപോലെ വിദേശ മലയാളികളുടെ കാര്യം പ്രവാസി ഭാരതീയരുടെ ബോംബെയിൽ വച്ചു നടന്ന സമ്മേളനത്തിൽ വച്ച് പ്രധാനമന്ത്രി പറയുകയുണ്ടായി, പ്രവാസി ഭാരതീയരുടെ പൗരത്വത്തിന്റെ കാര്യം. Dual citizenship [ഇരട്ട പൗരത്വം] നടപ്പിലാക്കുമെന്ന്. അതിന്റെ പ്രയോജനം മലയാളികളായ ഗൾഫ് നാടുകളിലെ ആളുകൾക്ക് ലഭിക്കില്ല.

2/955/2012—20

LIBRARY ARCHIVES Kerala Legislative Assembly

ഒരുപക്ഷെ മറ്റു രാജ്യങ്ങളിലെ ഭാരതീയർക്ക് ലഭിക്കുമായിരിക്കാം. ഗൾഫ് നാടുകളിൽ മലയാളിക്ക് വോട്ടവകാശം ഇല്ലാത്തതുകൊണ്ട് dual citizenship- ന്റെ ആനുകൂല്യം മലയാളികൾക്ക് ലഭിക്കില്ല. എനിക്കൊരു നിർദ്ദേശം ഉണ്ട്. Non-Resident Keralites-ന്റെ പേരുപോലും ഇന്ന് വോട്ടർ പട്ടികയിൽ ഇല്ല. സാധാരണ ഇലക്ടറൽ നിയമം അനുസരിച്ച് Ordinarily Resident of the State-നേ വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്താനാവൂ. അതിനാൽ വിദേശ മലയാളികളുടെ പേരുപോലും പട്ടികയിൽ ഇല്ല. അവർക്ക് യാതൊരുവിധമായ പൗരത്വാവകാശങ്ങളും ഇല്ല. അതുമാറി അവർ അവധിക്ക് നാട്ടിൽ വരുമ്പോൾ വോട്ട് ചെയ്യാൻ സഹായകമായ തരത്തിൽ അവരുടെ പേര് വോട്ടർ പട്ടികയിൽ ഉണ്ടാകാനുള്ള തരത്തിലുള്ള മാറ്റങ്ങൾ ജനപ്രാതിനിധ്യ നിയമത്തിൽ വരുത്താൻ സംസ്ഥാന ഗവൺമെന്റ് ശ്രമം നടത്തണം. പൊതുവേ കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം പ്രതീക്ഷയുള്ള പ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയത്. കേരളം മുമ്പോട്ടു പോകുന്നു. 100 ദിവസത്തെ പ്രവർത്തന പദ്ധതി വിജയിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു കൊല്ലക്കാലത്തെ പദ്ധതി പ്രഖ്യാപിക്കാൻ പോകുന്നു. ഈ സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയുന്ന ഒരു നയ പ്രഖ്യാപന പ്രസംഗം നടത്തിയ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിന് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. എന്റെ സ്നേഹിതൻ ശ്രീ. ഹസ്സൻ ഈ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ പറയുകയുണ്ടായി, "പ്രതിപക്ഷ നേതാവ് ഈ നയപ്രഖ്യാപന പ്രസംഗത്തെ സംബന്ധിച്ച് നടത്തിയ പരാമർശത്തിൽ ഇത് ഒരു ആവർത്തനമാണെന്ന് പറഞ്ഞുകളഞ്ഞു" എന്ന്. മന്ത്രിമാർ സഭയ്ക്ക് നൽകുന്ന ഉറപ്പുകൾ നടപ്പിലാക്കിയോ എന്ന് പരിശോധിക്കുന്നതിന് നിയമസഭയുടെ ഒരു അഷ്വറൻസ് കമ്മിറ്റിയുണ്ട്. അത് മന്ത്രിമാർ സഭയിൽ പറയുന്ന വാഗ്ദാനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാണ്. ഏതാണ്ട് അതുപോലെ മന്ത്രിസഭ തയ്യാറാക്കി ഗവർണ്ണറെക്കൊണ്ട് വായിപ്പിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കിയോ എന്ന് പരിശോധിക്കാൻ ഒരു സംവിധാനം നിയമസഭയ്ക്ക് ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. അതിന് ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ ഒരു സംവിധാനം ഉണ്ടാകണം, തുടർച്ചയായി ഗവർണ്ണറെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കുന്ന ഈ നാണംകെട്ട സമ്പ്രദായത്തിന് ഒരു അറുതിവരുത്താൻ ഇതൊന്ന് പരീക്ഷിച്ചു നോക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്. പിന്നീട് ഹസ്സൻ പറഞ്ഞത് സുനാമിയെപ്പറ്റിയാണ്. സുനാമി സി. പി. എമ്മിലും കടന്നുകൂടിയെന്നാണ് ഹസ്സന്റെ സന്തോഷം. അതോടുകൂടി ഈ കഴിഞ്ഞ മേയ് മാസത്തിലെ വീഴ്ചയിൽനിന്ന് ഈ ഒരുകൊല്ലം കഴിഞ്ഞു പോകുമ്പോഴേയ്ക്ക് പൊടിയും തുടച്ച് എഴുന്നേറ്റ് പഴയതുപോലെ വരാൻ കഴിയുമെന്ന പ്രത്യാശമുറ്റി നിൽക്കുന്ന ഒരു പ്രസംഗമാണ് എന്റെ സ്നേഹിതൻ ശ്രീ. ഹസ്സൻ മുതൽ

LIBRARY ARCHIVES Kerala Legislative Assembly

അവസാനം സംസാരിച്ച ശ്രീ. കെ. സി. ജോസഫ് വരെ ഞങ്ങളെ പരിഹസിച്ചുകൊണ്ട് പറഞ്ഞുനിർത്തിയത്. നിങ്ങളുടെ മനഃപ്പായസത്തെക്കുറിച്ച് പറയാൻ ഞാൻ ഏതായാലും ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. നയപ്രഖ്യാപന പ്രസംഗത്തിലുള്ള തട്ടിപ്പ് മറച്ചുവയ്ക്കാൻവേണ്ടി യു. ഡി. എഫ്. സ്നേഹിതൻമാർ കുറേ പരാക്രമം നടത്തി. അതിൽക്കൂടി നിങ്ങളുടെ ഈ ശ്രമം വിജയിക്കാൻ പോകുന്നില്ല. ഒന്നാമത് ബഹുമാനപ്പെട്ട ഗവർണ്ണർ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ സുനാമിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിയേയും മൂന്നേകാൽ കൊല്ലം ഭരിച്ച ബഹുമാനപ്പെട്ട ശ്രീ എ. കെ. ആന്റണിയേയും പ്രശംസിക്കുകയുണ്ടായി. സുനാമി വന്ന് തീരപ്രദേശം എല്ലാം തകർത്ത് കഴിഞ്ഞിരിക്കുന്നു. ആ പാവപ്പെട്ട നിരാലംബരെ സഹായിക്കാൻ ഇടതുപക്ഷവും പഞ്ചായത്തുകളും എല്ലാം ഓടിയെത്തി അവർക്ക് ആവശ്യമായ ആഹാരം ആഴ്ചകളോളം എത്തിച്ചു. ഈ നാട്ടിലെ പ്രതിപക്ഷത്തെപ്പറ്റി ഒരു വാക്ക് ഈ ഗവർണ്ണറെക്കൊണ്ട് പറയിപ്പിക്കാൻ ഈ മന്ത്രിസഭക്ക് കഴിഞ്ഞോയെന്ന് ഞാൻ ചോദിക്കുകയാണ്. കഴിഞ്ഞില്ല. അവിടന്നും ഇവിടന്നുമെല്ലാം കോടികൾ കിട്ടി. എന്നിട്ട് കഴിഞ്ഞദിവസം ഞങ്ങളെ വിളിച്ചുകൂട്ടി ഗവൺമെന്റ് നടത്തിയ സർവകക്ഷി സമ്മേളനത്തിൽ, കേന്ദ്രഗവൺമെന്റ് 264 കോടി രൂപ തന്നു, നാടിന്റെ നാനാഭാഗത്തുനിന്നും ഉദാരമതികളായിട്ടുള്ള ആളുകൾ ഒട്ടേറെ തന്നു എന്നൊക്കെ പറഞ്ഞു. പതിനായിരക്കണക്കിന് വീടില്ലാത്ത ആളുകൾ, കുടുംബാംഗങ്ങൾ മരണപ്പെട്ട നൂറ് കണക്കിന് കുടുംബങ്ങൾ, തൊഴിൽ ഉപകരണങ്ങൾ മുഴുവൻ നഷ്ടപ്പെട്ടവർ, വള്ളവും വലയുമെല്ലാം നഷ്ടപ്പെട്ട പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ അവർക്കുവേണ്ടി നിങ്ങൾ എന്തുചെയ്തു, എന്ന് ഞങ്ങൾ ചോദിച്ചു, ഒരു മാസത്തിലേറെയായല്ലോ. ബഹുമാനപ്പെട്ട മാണിയുടെ ഒരു മറുപടിയിൽ നൂറ് കോടി രൂപ 9 ജില്ലകളിലേക്ക് കൊടുത്തു എന്നുപറഞ്ഞു, ഓരോ ജില്ലയ്ക്കും എത്ര കൊടുത്തു എന്ന് മിണ്ടുന്നില്ല. ഒട്ടേറെ നാശനഷ്ടമുണ്ടായ ആലപ്പാടും അതുപോലെ ആറാട്ടുപുഴയും ഉൾക്കൊള്ളുന്ന കൊല്ലം ജില്ലയ്ക്ക് ഈ നൂറ് കോടിയിൽ എത്ര കൊടുത്തു, അതിന് ഉത്തരമില്ല. നൂറ് കോടിയുടെ കഥ പറഞ്ഞിട്ട് ഇൻഡ്യയിൽ നിന്ന് ഉദാരമതികളായിട്ടുള്ള ജനങ്ങളും പ്രസ്ഥാനങ്ങളും കേന്ദ്ര ഗവൺമെന്റും തന്നിട്ടുള്ള പണംത്ത സംബന്ധിച്ച് ഇപ്പോഴും ജനങ്ങൾ വിശ്വസിക്കുന്നത് ഈ സർക്കാരിന്റെ പഞ്ഞംപിടിച്ച വകുപ്പുകളിലേക്ക് വകമാറ്റി ചെലവുചെയ്തു എന്നാണ്. അതിൽ നിന്ന് ജനങ്ങളുടെ തെറ്റിദ്ധാരണ മാറ്റാനെങ്കിലും വസ്തുതകൾ ഒന്ന് പുറത്തു പറയൂ എന്ന് പറഞ്ഞിട്ട് പറയാൻ കൂട്ടാക്കാത്ത വിദ്വാനാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വർക്കുകളെ സംബന്ധിച്ചിടത്തോളം നൂറ് കോടിയല്ല, 117 കോടി രൂപയുടെ സാങ്ഷൻ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഞാൻ പറഞ്ഞുവന്നത് സുനാമി വന്ന സന്ദർഭത്തിൽ മദ്രാസിൽ നിന്ന് അത് കേരളത്തിലേക്ക് വ്യാപിക്കാൻ നാല് മണിക്കൂർ എടുത്തു. ആ സമയം കൊണ്ട് നമ്മുടെ ആളുകൾക്കെല്ലാം ഒരു പരിധിവരെ രക്ഷപ്പെടാൻ കഴിഞ്ഞു എന്നാണ്. ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പറയിപ്പിച്ചിരിക്കുന്നത്. നാല് മണിക്കൂറിനിടയിൽ ഈ കാര്യങ്ങൾ കേരളത്തിലെ, വിശേഷിച്ച് തീര പ്രദേശങ്ങളിലെ ആളുകളെ അറിയിക്കാൻ നടപടി സ്വീകരിച്ചു എന്ന് നിങ്ങൾക്ക് ഗവർണ്ണറെകൊണ്ട് പറയിപ്പിക്കാൻ കഴിഞ്ഞോ? ഒരു ചുക്കും നിങ്ങൾക്ക് കഴിഞ്ഞില്ല. ആളുകൾ മരിക്കുകയാണ് ചെയ്തത്. വളരെയധികം ആളുകൾ അംഗഭംഗം വന്നവരായും വീട് നശിച്ചവരായുംമാറുകയാണ് ചെയ്തത്. അപ്പോൾ അങ്ങനെയുള്ള പാവങ്ങളെ രക്ഷിക്കാൻ ഒരു എളിയ പങ്ക് ഈ നാട്ടിൽ പഞ്ചായത്തുകളും പ്രതിപക്ഷങ്ങളുമെല്ലാം വഹിച്ചിട്ടുണ്ട് എന്ന് ഓർക്കാൻപോലും നിങ്ങൾക്ക് മാന്യതയുണ്ടായില്ല എന്നാണ് ഞാൻ പറഞ്ഞത്. പിന്നെ, നിങ്ങൾ ഇവിടെ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, എൽ.എം.ജി. ടെർമിനൽ, പ്രകൃതിവാതക പൈപ്പ് ലൈൻ, എഫ്. എ. സി. റ്റി. പുനരുദ്ധാരണം ഇങ്ങനെ നിരത്തുന്നു. എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ആന്റണി മൂന്നേകാൽ കൊല്ലം ഈ കേരളം ഭരിച്ചല്ലോ അന്ന് ബി. ജെ. പി. ഗവൺമെന്റിന്റെ നിർദ്ദേശത്തിന് വിധേയമായി ഇൻഡ്യയിലെ ജനങ്ങളെ എന്തെല്ലാം തരത്തിലാണ് കഷ്ടപ്പെടുത്തിയത്? കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെയുണ്ടാകാത്ത തരത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞതുമൂലം, ആയിരത്തിൽപ്പരം കൃഷിക്കാരെ യാതൊരു തരത്തിലും നിങ്ങൾക്ക് സഹായിക്കാൻ കഴിയാതിരുന്നതിന്റെ ഫലമായി, കടം വാങ്ങിയ തുക വിളവ് എടുക്കുന്ന അവസരത്തിൽ കൊടുക്കാനാകാതെ കടക്കാരുടെ ഭീഷണിക്ക് വിധേയമായി, അഭിമാനികളായ കൃഷിക്കാർ ആത്മഹത്യ ചെയ്തു. അവരെ രക്ഷിക്കാൻ എന്ത് നടപടിയാണ് നിങ്ങൾക്ക് സ്വീകരിക്കാൻ കഴിഞ്ഞത്? അതുപോലെതന്നെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി, ഫിഷറീസ്, ഖാദി എന്നീ മേഖലകളിലെ പതിനഞ്ച് ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്കുവേണ്ടി മൂന്നേകാൽ കൊല്ലം ഭരിച്ചിട്ടും നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിഞ്ഞു? പട്ടിണിയും കഷ്ടപ്പാടുമായി അവരെ ദുരിതത്തിലേയ്ക്ക് തള്ളിവിടുകയല്ലേ ചെയ്തത്? അര ലക്ഷത്തിൽപ്പരം വരുന്ന പീരുമേട്ടിലെ തോട്ടം തൊഴിലാളികളുണ്ട്, മുതലാളിമാർ ഫാക്ടറി ഇട്ടിട്ട് പോയില്ലേ; നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിഞ്ഞു? വിദ്യാഭ്യാസ മേഖലയിൽ കച്ചവടവൽക്കരണത്തിന് സ്വകാര്യ വ്യക്തികൾക്കും വർഗ്ഗീയവാദികൾക്കും വേണ്ടി നിങ്ങൾ ഒഴിഞ്ഞുകൊടുക്കുകയല്ലേ ചെയ്തത്? രണ്ടു സ്വകാര്യ കോളേജുകൾ സമം ഒരു സർക്കാർ കോളേജ് എന്നു പറഞ്ഞു. എന്നാൽ വല്ലതും നിങ്ങൾക്ക് നടപ്പിലാക്കാൻ കഴിഞ്ഞോ? ആ സന്ദർഭത്തിൽ ഈ ദുർനയങ്ങൾക്കെതിരായി ഞങ്ങൾ ജനങ്ങളെ അണിനിരത്തിയിട്ടുണ്ട്; പ്രക്ഷോഭം നടത്തിയിട്ടുണ്ട്. അതിന് നിങ്ങൾ ആക്ഷേപിക്കുന്നുമുണ്ട്. അത് ഞങ്ങൾ മനസ്സിലാക്കുന്നു. അങ്ങനെയിരിക്കയല്ലേ ആറുകൊല്ലം ഭരിച്ച ബി. ജെ. പി.-യുടെ ദുർഭരണത്തിന് അറുതിവരുത്താൻ ഒരു സന്ദർഭം കിട്ടിയത്.

സർ, ഉത്തരേന്ത്യയിൽ നാലഞ്ച് സംസ്ഥാനങ്ങളിൽ കോൺഗ്രസിനെ തോൽപ്പിച്ച് ബി. ജെ. പി.-ക്ക് അധികാരത്തിൽ വരാൻ കഴിഞ്ഞപ്പോൾ അവർ കരുതി ഇതുതന്നെ നല്ല അവസരം. പാർലമെന്റ് പിരിച്ചുവിട്ടിട്ട് തെരഞ്ഞെടുപ്പ് ദേശവ്യാപകമായി നടത്തിയാൽ ലോക്സഭയിൽ ഞങ്ങൾക്ക് അധികാരം കിട്ടുമെന്ന് കരുതി അവർ തെരഞ്ഞെടുപ്പ് നടത്തി. ആ അവസരത്തിലും നിങ്ങളുടെ നിലപാട് എന്തായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ നേതാവ് ശ്രീ. എ. കെ. ആന്റണി ആർ. എസ്. എസ്., എൻ. ഡി. എ.-ക്കാരേക്കാളും കടുത്ത ശത്രുക്കളായിട്ടല്ലേ എല്ലാ മാർക്സിസ്റ്റുകാരേയും ഇടതുപക്ഷത്തേയും കണ്ടിരുന്നത്. കാസർഗോഡ് മുതൽ അദ്ദേഹം ജാഥയിൽ പ്രസംഗിച്ച് തിരുവനന്തപുരത്ത് വന്നപ്പോൾ പറഞ്ഞു, ഈ കാലഹരണപ്പെട്ട പാർട്ടിയെ ആറടി മണ്ണിൽ താഴ്ത്തു എന്ന്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് നോക്കി. 20 പാർലമെന്റ് സീറ്റിൽ 17 എണ്ണത്തിലും പഴയ കെ. പി. സി. സി. പ്രസിഡന്റ് മുരളീധരനെ ഇലക്ട്രിസിറ്റി മന്ത്രിയായി എഴുന്നള്ളിപ്പിക്കുവാൻവേണ്ടി അസംബ്ലി സീറ്റിലേയ്ക്കുമായി 18 പേരെയല്ലേ മൽസരിപ്പിച്ചത്? ആറടി മണ്ണിന്റെ ആഴത്തിലേയ്ക്ക് ഏത് പാർട്ടിയാണ് പോയത്? എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ആന്റണി ഇത് പറയാതെ ഇരിക്കണമേയെന്ന് ഒരു അഭ്യർത്ഥന നടത്തിയതായി ഞാൻ കേട്ടില്ല. നിങ്ങളുടെ ആ അഭ്യർത്ഥന ദേശീയവ്യാപകമായി രാഷ്ട്രീയ പ്രബുദ്ധമായ ഭാരതം തള്ളിക്കളഞ്ഞപ്പോൾ, കേരളത്തിലെ രാഷ്ട്രീയ പ്രബുദ്ധരായ ജനങ്ങൾ അത് തള്ളിക്കളഞ്ഞതിന്റെ ഫലമായാണ് ഒരു മതനിരപേക്ഷ ഗവണ്മെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. നിങ്ങൾ ആറടി മണ്ണിന്റെ ആഴങ്ങളിലേയ്ക്ക് തള്ളിക്കളയാൻ പറഞ്ഞ കക്ഷിയുടെ പിന്തുണയോടുകൂടി കേന്ദ്രത്തിൽ അധികാരത്തിൽ ഇരിക്കുന്നതുകൊണ്ടല്ലേ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, പ്രകൃതി വാതക പൈപ്പ് ലൈൻ തുടങ്ങിയ പദ്ധതികൾ കേരളത്തിനു ലഭിച്ചത്? നിങ്ങളുടെ ചർമ്മശക്തി അപാരംതന്നെ. സമ്മതിച്ചുതന്നേ ഒക്കൂ. 'മാന്യമായി ശ്രീ. എ. കെ. ആന്റണി അധികാരം വിട്ടു' എന്നുപറയുന്നതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. ശ്രീമതി സോണിയാ ഗാന്ധി ഇടപെട്ടതിന്റെ ഫലമായി മാന്യമായി ശ്രീ. എ.കെ. ആന്റണി രാജി വയ്ക്കുകയും ശ്രീ. ഉമ്മൻ ചാണ്ടി അധികാരം ഏറ്റെടുക്കുകയും ചെയ്തിരിക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണം ആദ്യം തുടങ്ങിയപ്പോൾ, ഇക്കാലമത്രയും തുടർന്ന അതേ സമീപനം തന്നെയാണ് തുടരാൻ പോകുന്നതെന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ സമീപനം, അദ്ദേഹം പറഞ്ഞതുപോലതന്നെ ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലത്ത് തുടർന്ന അതേ സമീപനം തന്നെയാണ് തുടരുന്നത്. അദ്ദേഹം ഭരണം ഏറ്റെടുത്ത് 100 ദിവസത്തിനുശേഷം കേരളത്തിൽ മഹാ അത്ഭുതങ്ങൾ സംഭവിക്കുമെന്ന പ്രതീക്ഷ നൽകിയെങ്കിലും കാര്യമായി ഒരു ചുക്കും നടന്നിട്ടില്ല. അദ്ദേഹം എല്ലായിടത്തും സഞ്ചരിച്ചു പറയുന്നതെന്ത്? ഇരുപതിനായിരം പേർക്ക് പി. എസ്. സി. വഴി ജോലി കിട്ടാനുള്ള നിർദ്ദേശം കൊടുത്തിരിക്കുന്നു എന്ന്. പിന്നെ പറയുന്നത് കിട്ടിയ മിക്കവാറും എല്ലാ അപേക്ഷകൾക്കും പരിഹാരം ഉണ്ടാക്കാനുള്ള നടപടി സ്വീകരിച്ചു എന്നാണ്. നിങ്ങൾ അധികാരത്തിൽ വരാൻ വേണ്ടി തെരഞ്ഞെടുപ്പ് കാലത്തിറക്കിയ മാനിഫെസ്റ്റോയെപ്പറ്റി ഓർക്കുന്നുണ്ടോ? പൊടിപിടിച്ചു കിടക്കുന്ന ആ മാനിഫെസ്റ്റോ ഇപ്പോൾ ഒന്നെടുത്ത് തുറന്നു നോക്കാൻ തയ്യാറുണ്ടോ? 42 ലക്ഷം അഭ്യസ്തവിദ്യരായ, നിർഭാഗ്യവന്മാരായ, തൊഴിൽരഹിതരുടെ സംസ്ഥാനമാണിത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ 15 ലക്ഷം ആളുകൾക്ക് തൊഴിൽ നൽകും. അതിൽ അഞ്ചു ലക്ഷംപേർക്ക് സ്ഥിരം തൊഴിൽ എന്ന് പറഞ്ഞിട്ട് അധികാരത്തിൽ വന്നവരാണ് നിങ്ങൾ. അതിനുശേഷം ആദ്യം ചെയ്തത് എന്താണ്? നിയമന നിരോധനം. നിയമന നിരോധനം വഴി ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നിഷേധിച്ചു. പാവപ്പെട്ട ചെറുപ്പക്കാരുടെ വായിൽ മണ്ണടിച്ചവരല്ലേ നിങ്ങൾ. അതൊന്നും

LIBRARY ARCHIVES Kerala Legislative Assembly

തന്നെ റിയലൈസ് ചെയ്യാൻ, അത് തെറ്റാണെന്ന് ബലഹീനതയാണെന്ന് ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ഇല്ല. അവസാനം വരെ ശ്രീ. എ. കെ. ആന്റണിയേയും ശ്രീ. ഉമ്മൻ ചാണ്ടിയേയും പ്രശംസിച്ചു സംസാരിച്ചുവന്ന എന്റെ സ്നേഹിതൻ ശ്രീ. കെ. സി. ജോസഫ് അവസാനം പറയുകയാണ്, ലോട്ടറി നിരോധിച്ചത് ശരിയായില്ല; അത് മോശം തന്നെയാണ്; കഷ്ടം തന്നെയാണ്, എന്ന്. ഇത്രയെങ്കിലും പറഞ്ഞത് നല്ലത്. മൂന്നര ലക്ഷം ആളുകൾക്ക് ടിക്കറ്റ് വിറ്റ് ഉപജീവനം നടത്താനുള്ള അവസരം നിഷേധിച്ചത് തെറ്റായിപ്പോയി എന്ന് ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടി ചിന്തിക്കുന്നുണ്ടോ? എനിക്ക് സംശയമാണ്. ആർക്കു വേണ്ടിയാണത്? അദ്ദേഹംതന്നെ വിശേഷിപ്പിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് എഴുതിയപോലെ, കേരളത്തിലെ 15 ലക്ഷം ആളുകളെ ദിവസവും ചതിക്കുന്ന സ്ഥാപനമാണ് ഓൺ ലൈൻ ലോട്ടറി. ആ ലോട്ടറിക്കെതിരെ കർശനമായ നടപടി എടുക്കുന്നതിനുപകരം ആ ലോട്ടറിക്കാരെ സഹായിക്കാൻ വേണ്ടിയല്ലേ, കേരളത്തിൽ സംസ്ഥാന ഗവൺമെന്റിന് 140 കോടി രൂപ വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നതും മൂന്നര ലക്ഷം ആളുകൾ അവരുടെ ഉപജീവനത്തിനുവേണ്ടി ആശ്രയിച്ചിരുന്നതുമായ സംസ്ഥാന ലോട്ടറി നിരോധനമെന്ന, ആളുകളെ തുലയ്ക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചത്. ഏതെങ്കിലും അധികാര കേന്ദ്രത്തിൽനിന്നും കേരള ലോട്ടറി നിരോധിക്കൂ എന്ന് പറഞ്ഞതിന്റെ ഫലമായിട്ടാണോ ഇത്? അല്ല. എങ്ങനെ നിരോധിച്ചു എന്ന് ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിർദ്ദേശം അംഗീകരിച്ച ക്യാബിനറ്റിനും ഒരു ന്യായീകരണം പറയാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? കാരണം വ്യക്തം. ഓൺലൈൻ ലോട്ടറി എന്ന ചതിയൻമാരെ സഹായിക്കുന്നതിനുവേണ്ടി. ഇപ്പോഴും സംസ്ഥാന വ്യാപകമായി ടിക്കറ്റ് വിൽപനയും എടുക്കലും ടിക്കറ്റ് കുറി ഇടലും എല്ലാം നടന്നുകൊണ്ടിരിക്കുകയാണ്. കാരണം, അതിനെതിരായി യാതൊരു നടപടിയും എടുക്കില്ല എന്ന് സുപ്രീംകോടതിക്ക് ഈ ഗവൺമെന്റിന്റെ ചീഫ് സെക്രട്ടറി ഉറപ്പ് നൽകിയിരിക്കുകയാണ്. അവർക്കെതിരെയുള്ള നടപടികൾ പിൻവലിക്കാം, അവരുടെ യന്ത്രങ്ങൾ കൊടുക്കാം എന്ന് സുപ്രീംകോടതിയിൽ ഉറപ്പ് നൽകിയിട്ട് ഇവിടെ വന്ന് അനങ്ങാൻ കഴിയുമോ? ഇല്ല. ഓൺലൈൻ ലോട്ടറിക്കാർ മീശയും പിരിച്ച് ഉദ്യോഗസ്ഥന്മാരേയും മന്ത്രിമാരേയും നോക്കുകയാണ്. അവർ കുമ്പിടുകയാണ്. ആ ലോട്ടറിക്കാർക്കു വേണ്ടിയല്ലേ സംസ്ഥാന ലോട്ടറി നിരോധിച്ചതെന്ന സത്യം പറയാൻ നിങ്ങൾ തയ്യാറുണ്ടോ? ഇല്ല.

ശ്രീ. എ. കെ. ആന്റണി അധികാരത്തിലിരുന്നപ്പോഴാണ് മതികെട്ടാനിലെ കയ്യേറ്റം. എന്റെ സ്നേഹിതൻ ശ്രീ. കെ. എം. മാണിയുടെ ഇക്കാര്യത്തിലുള്ള പങ്കൊന്നും ഞാൻ വിവരിക്കേണ്ടതില്ല. അദ്ദേഹത്തിനത് നല്ലതുപോലെ അറിയാമല്ലോ? അദ്ദേഹത്തിനുപറ്റിയ ഒരു കളക്ടറെ ഇടുക്കിയിൽ വച്ചിട്ട് വനം കയ്യേറ്റം നടത്തുന്നതിനെപ്പറ്റി പത്രവാർത്ത വന്നു. ഞാൻ അവിടെ പോയി. വളരെ കഷ്ടപ്പെട്ടാണ് പോയത്. വസ്തുതകൾ മനസ്സിലായി. മാണിയുടെ ഗുണ്ടകൾ പത്തുനാൽപതുപേർ എന്റെ നേരെ ചാടിവീണു. പ്രതിപക്ഷ നേതാവായതുകൊണ്ടും സംരക്ഷിക്കാൻ പോലീസ് ഉണ്ടായിരുന്നതുകൊണ്ടും അവർ അവരെ കസ്റ്റഡിയിലെടുത്തതുകൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മുന്നോട്ടു പോയി. എല്ലാം കണ്ടു. വിവരമെല്ലാം മനസ്സിലായി. അതിനുശേഷം ഞാൻ ഇവിടെ വന്നു. ......(ബഹളം).......അവിടെ കണ്ട വിവരങ്ങൾ എല്ലാം ഞങ്ങൾ ശ്രീ. എ. കെ. ആന്റണിക്ക് വിശദമായി എഴുതിക്കൊടുത്തു. ഏതായാലും അദ്ദേഹം അത് സീരിയസായി എടുത്തു. അദ്ദേഹം അഡീഷണൽ ചീഫ് സെക്രട്ടറിയെ അന്വേഷിക്കാൻ ചുമതലപ്പെടുത്തി. അന്വേഷണം നടന്നു. മിക്കവാറും വസ്തുതകൾ ശരിയാണെന്നുള്ള നിലയിൽ വന്നു. അതിന്മേൽ അടിയന്തിര നടപടിയും അദ്ദേഹം എടുത്തു. മാണിയുടെ കൂട്ടരെല്ലാം വാലുംപൊക്കി അവിടെനിന്നെല്ലാം ഓടി. അങ്ങനെ ഓടിച്ച് അത് സർക്കാരിന്റെ കൈവശം കൊണ്ടുവന്നത് അഭിനന്ദനാർഹമായ കാര്യം തന്നെയാണ്. പക്ഷേ, കുറേ കഴിഞ്ഞപ്പോൾ പിന്നെയും കയ്യേറ്റം തുടങ്ങി. മാണിയുണ്ടോ വിടുന്നു. നമ്മുടെ ഈ ഗവണ്മെന്റിലെ ശക്തമായ ഘടകമല്ലേ. കയ്യേറ്റം അങ്ങനെ നടന്നു. പിന്നെ അത് പറഞ്ഞിട്ട് എന്റെ സ്നേഹിതൻ കാര്യമായി ശ്രദ്ധിച്ചില്ല. മാത്രമല്ല, പൂയംകുട്ടിയിൽ ഒന്നരലക്ഷം ഏക്കർ നിബിഡവനമാണ്. കടലിൽ നിന്നടിക്കുന്ന മഴക്കാറ്റ് തടഞ്ഞുനിറുത്തുന്ന വൃക്ഷങ്ങളും ഇലകളും കമ്പുകളും എല്ലാമുള്ള നിബിഡവനം. ആ വനത്തിൽ പത്ത് മൂവായിരത്തിഅഞ്ഞൂറോളം ഏക്കറാണ് കൈയ്യേറ്റക്കാർ കൈവശപ്പെടുത്തിയത്. ഞാൻ അത് വന്നു പറഞ്ഞപ്പോൾ വനംവകുപ്പുമന്ത്രി ശ്രീ. കെ. സുധാകരൻ അന്വേഷിച്ചു. പിന്നെ അദ്ദേഹം പോയി. വി. എസ്. പറഞ്ഞത് സത്യമാണെന്ന് പിന്നീടദ്ദേഹം സമ്മതിച്ചു. കർശന നടപടി എടുക്കാമെന്ന് സമ്മതിച്ചു. അധികാരം വിട്ടു പോകുന്നതുവരെ ഒന്നും ചെയ്തില്ല. ഇന്നവിടെ കഞ്ചാവ് കൃഷിയാണ്. ആ മലയുടെ മുകളിൽ 100 കണക്കിന് ഏക്കർ കഞ്ചാവ് കൃഷിയാണ്. കൈയേറിയ ആ ഭൂമി തിരിച്ച് എടുക്കാനോ കഞ്ചാവ് കൃഷി നശിപ്പിക്കാനോ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? അതല്ലേ വനം മാഫിയക്കാരെ സഹായിക്കുന്നു എന്ന് പറയുന്നത്? അതുപോലെതന്നെ മറയൂർ; മറയൂരിലെ ചന്ദനത്തോട്ടം സംരക്ഷിക്കുന്ന കാര്യം ഞാൻ സ്ഥലം സന്ദർശിച്ച് രണ്ട് പ്രാവശ്യം റിപ്പോർട്ട് ചെയ്തു. ശ്രീ. ആന്റണിക്കും ശ്രീ. ഉമ്മൻചാണ്ടിക്കും റിപ്പോർട്ട് ചെയ്തു. 6200 എണ്ണം ഉണ്ടായിരുന്ന ചന്ദനമരം അവിടുത്തെ ഡി. എഫ്. ഒ.-യുടെ റെയ്ഞ്ച് ഓഫീസർ ബുക്കെല്ലാം എടുത്ത് കാണിച്ചുകൊണ്ട് പറഞ്ഞു, 5800 ആണ് ഇപ്പോൾ ഉള്ളത് എന്ന്. 6200 ഉണ്ടായിരുന്നതാണ്. ഈ തരത്തിലാണ് വെട്ടികൊണ്ടുപോകുന്നത്. പത്തും അൻപതും പേർ അടങ്ങുന്ന സംഘമായി ആധുനിക ആയുധങ്ങളോടുകൂടിയാണ് കൊള്ളക്കാർ വരുന്നത്. 'ഞങ്ങളുടെ കയ്യിൽ തോക്കുണ്ട്, പക്ഷേ അതൊക്കെ ഉപയോഗിക്കണമെങ്കിൽ ആർ. ഡി. ഒ.-യുടെ അനുവാദം വേണം. തോക്ക് തോളത്ത് വച്ച് നിൽക്കാമെന്നല്ലാതെ അതുകൊണ്ട് ഗുണമില്ലെന്ന്' വനപാലകർ എന്നോട് പറഞ്ഞു. ഈ കാര്യമെല്ലാം ഞാൻ എഴുതി അറിയിച്ചതല്ലേ? എന്തെങ്കിലും ചെയ്തോ? ചെയ്തില്ല. കാരണം നിങ്ങളെ വിഷമിപ്പിക്കുന്ന ഒരു മന്ത്രിയുണ്ട്. ആ മന്ത്രി വ്യവസായ വകുപ്പ് മന്ത്രിയായിരുന്നു. ഇപ്പോൾ അദ്ദേഹം ഒഴിഞ്ഞു. നല്ലത്. അദ്ദേഹത്തിന്റെ 24 ചന്ദന ഫാക്ടറികളാണ് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടിയുള്ള ഉൽപ്പന്നം വേണ്ടേ? ചന്ദനം വേണ്ടേ? അത് എവിടെ നിന്നാണ് പോകുന്നത്? ഞാൻ മൂന്നാല് ഫാക്ടറികൾ സന്ദർശിച്ചപ്പോൾ അവിടുത്തെ

LIBRARY ARCHIVES Kerala Legislative Assembly

മാനേജർമാർ, മാനേജർമാർ എന്നുപറഞ്ഞാൽ രണ്ട് മണിക്കൂറത്തേക്ക് മാനേജർമാരാണ്. അത് കഴിയുമ്പോൾ അവരല്ല. കാരണം രഹസ്യം അറിയാതിരിക്കാൻ വേണ്ടി മാനേജർമാരെ സ്ഥിരം വയ്ക്കില്ല. ഞാൻ ചോദിച്ചു, നിങ്ങളുടെ ഫാക്ടറിയിലേക്ക് ചന്ദനം എവിടെ നിന്ന് കിട്ടുന്നു? അത് ടാൻസാനിയ എന്നുപറഞ്ഞു. ടാൻസാനിയയിൽ നിന്നുള്ള ചന്ദനത്തിന്റെ കഷ്ണം എന്നെ ഒന്ന് കാണിക്കാൻ പറഞ്ഞപ്പോൾ അവർ എടുത്തു തന്നു. മൂക്കിന്റെ അകത്തേക്ക് തള്ളിയിട്ടും മണമില്ല. ഞാൻ പറഞ്ഞു, യഥാർത്ഥത്തിൽ നിങ്ങൾ പ്രോസ്സസ് ചെയ്യുന്ന ചന്ദനമെടുക്കാൻ, ഇല്ലെങ്കിൽ ഞാൻ നിങ്ങളെയെല്ലാം കൂട്ടിൽ കേറ്റാതെ വിടില്ല. എന്നുപറഞ്ഞപ്പോൾ നമ്മുടെ മറയൂരിലെ ചന്ദനം തന്നു. അത് അടുത്ത് വന്നപ്പോൾ തന്നെ മണമറിയാം. ഈ കൊണ്ടുപോകുന്ന ചന്ദനമാണ് ഇവിടെയെല്ലാം പ്രോസ്സസ് ചെയ്തെടുക്കുന്നത്. നല്ല വിലയുണ്ട് കേട്ടോ ചന്ദനത്തിന്, ചന്ദന തൈലത്തിന്. കഴിഞ്ഞ 19-ാം തീയതി കേരള ഹൈക്കോടതിയിൽ നിന്ന് മുഴുവൻ ഫാക്ടറികളും അടച്ചുപൂട്ടാനായി ഉത്തരവിട്ടു. ആ ഉത്തരവ് മാനിക്കുന്നുണ്ടോ ഈ ഗവൺമെന്റ്? മാനിക്കുന്നില്ല. ആ ഉത്തരവ് നടപ്പിലാക്കാൻ ശ്രമിച്ച ഫോറസ്റ്റ് റെയ്ഞ്ചർമാരെയും ഡി. എഫ്. ഒ.-മാരെയും കള്ളക്കേസിൽ കുടുക്കാനാണ് ഇപ്പോഴത്തെ പുതിയ ഫോറസ്റ്റ് മന്ത്രി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടിക്ക് പറ്റിയ ഫോറസ്റ്റ് മന്ത്രി തന്നെ. ഈ നിലയിൽ ചന്ദനം കൊള്ള ചെയ്യുന്നു. വനവിഭവങ്ങൾ തമിഴ്നാട്ടിലേക്ക് കടത്തിയിട്ട് അവിടെനിന്ന് കൊണ്ടുപോവുകയാണ്. ഓൺലൈൻ ലോട്ടറി മാഫിയ, വനം മാഫിയ, ചന്ദന മാഫിയ, മാഫിയ ഇല്ലാത്ത വേറെ എന്തുണ്ടെന്ന് ഞാൻ നോക്കുകയാണ്.

അതുപോലെതന്നെയാണ് കർഷകരുടെ കാര്യം. കർഷകരോട് നിങ്ങൾക്ക് എന്തെങ്കിലും അനുഭാവം ഉണ്ടായിരുന്നുവെങ്കിൽ പാലക്കാട്ടേയും തൃശ്ശൂരിലേയും കുട്ടനാട്ടിലേയും എല്ലാം തന്നെ കൃഷിക്കാർ ബുദ്ധിമുട്ടനുഭവിക്കുകയില്ലായിരുന്നു. കുട്ടനാട്ടിലാണെങ്കിൽ തണ്ണീർമുക്കം ബണ്ടിന്റേയും, തോട്ടപ്പള്ളി സ്പിൽവേയുടേയും, ഷട്ടറുകൾ സമയത്തിന് മാറ്റാതിരുന്നതിന്റെ ഫലമായി ഉപ്പുവെള്ളം കയറി കൃഷി നശിച്ചു. ഇപ്പോൾ പ്രകൃതി അനുഗ്രഹിച്ചതിന്റെ ഫലമായി, പാലക്കാടും തൃശ്ശൂരും എല്ലാം തന്നെ വീണ്ടും കൃഷി ചെയ്ത് തുടങ്ങി. പാലക്കാടാണെങ്കിൽ പറമ്പിക്കുളം-ആളിയാർ കരാറിന്റെ അടിസ്ഥാനത്തിൽ നമുക്ക് തരേണ്ട വെള്ളം തമിഴ്നാട് ഗവൺമെന്റ് തന്നില്ല. അത് വാങ്ങിയെടുക്കാനുള്ള ഗവൺമെന്റിന്റെ പിടിപ്പുകേടുമൂലം വെള്ളം കിട്ടിയില്ല. പ്രകൃതി അനുഗ്രഹിച്ചതുകൊണ്ട് അവർക്ക് ഇത്തവണ കൃഷി ചെയ്യാൻ അവസരം കിട്ടി, കൃഷിയിറക്കി, നല്ല വിളവ് കിട്ടി. പക്ഷേ ആ നെല്ല് ഗവൺമെന്റ് വില നിശ്ചയിച്ച് തക്ക സമയത്ത് എടുക്കാനുള്ള നടപടി സ്വീകരിക്കാതിരുന്നതിന്റെ ഫലമായി തമിഴ്നാട്ടിൽനിന്ന് വൻതോതിൽ നെല്ല് വരികയാണ്. അതുകൊണ്ട് നമ്മുടെ കൃഷിക്കാർക്ക് യാതൊരു തരത്തിലുള്ള വിലയും ലഭിക്കാത്ത ഒരു അവസരമുണ്ടായി. അവർ എന്നോട് പറഞ്ഞു, ഞങ്ങളെ സഹായിക്കണം, ഗവൺമെന്റിനെ അറിയിക്കണം, നെല്ല് സംഭരിക്കാൻ ഏർപ്പാട് ചെയ്യണം എന്ന്. നെല്ല് സംഭരിക്കാൻ ഏർപ്പാട് ചെയ്യുമ്പോൾ ആദ്യം ചെയ്യേണ്ടത് എന്താണ്? മുൻപ് നെല്ല് സംഭരിച്ചതിന് സഹകരണ സംഘങ്ങൾക്ക് കൊടുക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരുന്ന ഹാന്റ്ലിംഗ് ചാർജ് നാലേമുക്കാൽ–അഞ്ച് കോടിയോളം രൂപ പാലക്കാട്ടും നാലരകോടി രൂപയോളം തൃശ്ശൂരും അതുപോലെതന്നെ കുട്ടിനാട്ടിലും ഉള്ള കുടിശ്ശിക തീർത്തില്ലെങ്കിൽ സഹകരണ സംഘങ്ങൾ നെല്ല് എടുക്കില്ല എന്നു ഞാൻ എന്റെ ബഹുമാന്യ സ്നേഹിതൻ മുഖ്യമന്ത്രിയോട് നേരിട്ട് തന്നെ പറഞ്ഞു. അത് ശരിയാണ്, പരിഹരിക്കാമെന്നാണ് മറുപടി പറഞ്ഞത്. ഇതുവരെ പരിഹാരമുണ്ടാക്കിയോ? ഉണ്ടായില്ല. അങ്ങനെ വെള്ളം കിട്ടാതെയും ഉപ്പുവെള്ളം കയറിയും കൃഷി നശിച്ച പാലക്കാട്ടിലേയും കുട്ടനാട്ടിലേയും കൃഷിക്കാർ ഇപ്പോൾ അൽപ്പമൊന്ന് പിടിച്ചുനിൽക്കാമെന്ന സ്ഥിതി വന്നപ്പോൾ ആ നെല്ലിന് മര്യാദയുള്ള വില ലഭിക്കാനുള്ള അവസരം നിങ്ങൾ ഉണ്ടാക്കിയോ? ഉണ്ടാക്കിയില്ല. അതിന്റെ ഫലമായി വളരെ തുച്ഛമായ വിലയ്ക്ക് നെല്ല് വിൽക്കേണ്ടിവരുന്ന അവസ്ഥയാണുള്ളത്. കടക്കാരൻ വന്നു നിൽക്കുമ്പോൾ നെല്ലും പത്തായത്തിൽ ഇട്ടിട്ട് അഭിമാനിയായ കൃഷിക്കാരന് ഒരിക്കലും പിടിച്ചുനിൽക്കാൻ കഴിയില്ല. എന്ത് വിലയുമാകട്ടെ വിറ്റിട്ട് കടക്കാരനെ പറഞ്ഞയയ്ക്കാനല്ലേ നോക്കു. അതല്ലേ കൃഷിക്കാരോടുള്ള നിങ്ങളുടെ സമീപനം? ഈ കാര്യത്തെ സംബന്ധിച്ചെല്ലാം തന്നെ സത്യസന്ധരായ കോൺഗ്രസുകാർ, സത്യസന്ധരായ യു.ഡി.എഫ്.–കാർ നിങ്ങളോട് പറയാറില്ലേ എന്ന് ഞാൻ അതിശയിക്കുകയാണ്. ഞങ്ങൾ പറയുന്നതാണോ ഇത്? നാട്ടിലെ സത്യമല്ലേ? ആ സത്യം അംഗീകരിച്ച് നടപടി സ്വീകരിക്കുവാൻ നിങ്ങൾക്ക് കഴിയാതെ വന്നതിനുശേഷം ഞങ്ങളുടെ മുഖത്ത് നോക്കി ഞങ്ങളെ പരിഹസിച്ച് ആശ്വാസം കൊണ്ടാൽ വലിയ വിജയമാണെന്നാണോ നിങ്ങൾ കരുതുന്നത്? ആ നിലയിൽ അഭിമാനിക്കരുത്. സുനാമിയുടേതായാലും മറ്റ് രംഗങ്ങളിലായാലും ഏത് രംഗത്താണ് പ്രതിപക്ഷം നിങ്ങളോട് സഹകരിക്കാതിരുന്നിട്ടുള്ളത്? നിങ്ങൾ എറണാകുളത്ത് വിളിച്ചുകൂട്ടിയ 'ജിം' അതിൽ ഞങ്ങൾ പങ്കെടുത്തില്ലേ? എല്ലാ വിധത്തിലുള്ള സഹായവും നിങ്ങൾക്ക് നൽകാമെന്ന് പറഞ്ഞില്ലേ? ഏത് കാര്യത്തിലാണ് ഞങ്ങൾ എതിർത്തത്? കേരളത്തിന്റെ കുടിവെള്ളം വിറ്റുതുലയ്ക്കാൻ ശ്രമിച്ചപ്പോൾ, കേരളത്തിന്റെ കണ്ണായ മണ്ണ് വിറ്റുതുലയ്ക്കാൻ ശ്രമിച്ചപ്പോൾ അത് ശരിയല്ല സുഹൃത്തുക്കളെ, എന്ന് ഞങ്ങൾ പറഞ്ഞു. 'ഏതാണ്ട് മല മറിച്ചിരിക്കുന്നു എറണാകുളത്തെ ജിം', എന്ന് പറഞ്ഞിട്ട് ഇപ്പോൾ അവിടെ സ്മാർട്ട് സിറ്റി. ഇത് നടപ്പിലാക്കുന്ന വ്യവസായ മന്ത്രി നല്ല സ്മാർട്ടായിരിക്കണം, അല്ലെങ്കിൽ മുഖ്യമന്ത്രി നല്ല സ്മാർട്ടായിരിക്കണം. അതിന്റെ പേരിൽ കേരളത്തിന്റെ കണ്ണായ മണ്ണ് വില വാങ്ങാതെ കൊടുക്കാൻ നടത്തുന്ന അച്ചാരം പോക്കറ്റുകളിലേയ്ക്കുള്ള വൻ തുക കൈമാറ്റമാണെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താൻ പാടില്ല. ആ നിലയിലുള്ള പ്രവൃത്തിയല്ലേ നിങ്ങൾ ചെയ്യുന്നത്. എന്തിനാണ് ഫ്രീയായിട്ട് സ്ഥലം കൊടുക്കണമെന്നു ആവശ്യപ്പെട്ടത്. ആ പ്രദേശങ്ങൾക്ക് ലക്ഷങ്ങളാണ് വില യുള്ളത്. ആ സ്ഥലം മര്യാദയ്ക്ക് വില കൊടുത്ത് വാങ്ങി വ്യവസായ സ്ഥാപനങ്ങൾ നടത്തട്ടെ. ഈ വ്യവസായ സ്ഥാപനങ്ങൾ നടത്തുമ്പോൾ അഞ്ച് കൊല്ലത്തേയ്ക്ക് നമുക്ക് അവർക്ക് നൽകാവുന്ന എല്ലാ കൺസെഷനും നൽകാം. അല്ലാതെ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് നിങ്ങൾ പലതിലും കീഴ്വഴങ്ങുമെന്നു കരുതി ഓരോ നിലയിലുള്ള മന്ത്രിമാർ അവർക്ക് പറ്റുന്ന ആളുകളെ കൈക്ക് പിടിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വന്നാൽ ഈ നാട്ടിൽ അവശേഷിക്കുന്ന ഓരോ മേഖലയും അവർക്ക് കൈമാറ്റം ചെയ്തുകൊടുക്കുന്ന സമീപനം സ്വീകരിക്കരുത്. അത് വളരെ തെറ്റാണ്. ഈ നാടിന്റെ അവശേഷിക്കുന്ന സമ്പത്താണത്. അത് ഫ്രീയായിട്ട് കൊടുക്കാൻ നിങ്ങൾക്ക് എന്താണ് അവകാശം; നിങ്ങളെ ആരാണ് അതിന് ചുമതലപ്പെടുത്തിയത്? നിങ്ങളുടെ മാനിഫാസ്റ്റോയിൽ എത്രാമത്തെ നമ്പരിലാണ് നിങ്ങൾ അതു ചെയ്യുമെന്നു പറഞ്ഞിട്ടുള്ളത് എന്ന് ഈ നാട്ടുകാരോട് നിങ്ങൾ പറയണം. ഞാൻ കഴിഞ്ഞ ദിവസം കോവളത്തും പോയി. അവിടുത്തെ സ്ഥിതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട എ. കെ. ആന്റണിയോട് പറഞ്ഞു; ഇങ്ങനെ കയ്യേറ്റം നടക്കുന്നു. അതുപോലെ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയോടും ഞാൻ പറഞ്ഞു. ഞാൻ അവിടെ ചെന്നപ്പോൾ 4 കിലോമീറ്റർ നീളത്തിൽ സർക്കാരിന്റെ റോഡ് വെള്ള മണലിട്ട് മൂടി അതിന്മേൽ കസേരയിൽ ഇരുന്നു ഓരോ സെറ്റുകാരും സ്വയം പതിച്ചു കൈയിൽ എടുത്തിരിക്കുകയാണ്. കടലിന്റെ സ്ഥലത്തു നിന്ന് 500 മീറ്റർ കിഴക്ക് മാറിയല്ലാതെ യാതൊരു കൺസ്ട്രക്ഷനും പാടില്ല എന്ന കേന്ദ്ര നിയമം നിലനിൽക്കെ അതിനെ പുല്ലുപോലെ അവഗണിച്ചുകൊണ്ട് അവർ കയ്യേറുകയാണ്. പോലീസുകാർ അവർക്ക് ദാസന്മാരായി നിൽക്കുകയാണ്. ഞാൻ ആദ്യം ഒരു പ്രാവശ്യം പോയി കണ്ടു. സ്ഥിതിഗതികൾ ബഹുമാനപ്പെട്ട എ. കെ. ആന്റണിയോട് പറഞ്ഞതിന് പരിഹാരം ഉണ്ടായില്ല. അതിനുശേഷം സ്ഥിതിഗതിയിൽ വല്ല മാറ്റവും ഉണ്ടോ എന്നു അന്വേഷിച്ചു. ഒരു മാറ്റവും ഇല്ല. ഞാൻ ശ്രീ. ഉമ്മൻചാണ്ടിയോട് പറഞ്ഞു. ഞാൻ കഴിഞ്ഞ ദിവസം പോകാൻ നേരത്ത് എന്റെ സ്നേഹിതനായ മുഖ്യമന്ത്രിയെ വിളിച്ചപ്പോൾ അദ്ദേഹം ചങ്ങനാശ്ശേരിയിലോ തിരുവല്ലയിലോ ഏതോ വിവാഹത്തിന് പോയിരിക്കുന്നു എന്നറിഞ്ഞു. കളക്ടറോട് പറഞ്ഞിട്ട് ഞാൻ അവിടെ പോയി. ഞങ്ങൾക്ക് വഴിനടക്കാൻ യാതൊരു മാർഗ്ഗവുമില്ല; ഞങ്ങളെ സഹായിക്കണം; തൊഴിലെടുത്ത് ജീവിക്കാൻ കഴിയുന്നില്ല എന്ന് അവിടുത്തെ മൽസ്യത്തൊഴിലാളികളിൽപ്പെട്ട ആളുകൾ പറഞ്ഞതനുസരിച്ച് ഞാൻ അവിടം സന്ദർശിക്കാൻ പോയി. ഡസൻകണക്കിന് ആളുകൾ വന്നിട്ടാണ് ഈ പരാതികൾ എന്നോട് പറയുന്നത്. പോകാൻ നിവൃത്തിയില്ല. ഇതാ നോക്കു മണ്ണിട്ട് മൂടിയത് സർക്കാർ റോഡായിരുന്നു. ഇത് സംരക്ഷിക്കാൻ ഇവിടെ നിയമസമാധാനപാലകരില്ല. ഞാൻ പഞ്ചായത്തിനോട് ചോദിച്ചു. പഞ്ചായത്ത് അത് പാടില്ല എന്നു പറഞ്ഞ് നിയമവിരുദ്ധമാണെന്നു പറഞ്ഞ് തീരുമാനം അറിയിച്ചു കൊടുത്തു. കളക്ടർ യാതൊരു സഹായവും ചെയ്തില്ല. കളക്ടറെ ഞാൻ വിളിച്ചപ്പോൾ പറയുകയാണ് നോട്ടീസ് അയച്ചിട്ടുണ്ട്, പഞ്ചായത്ത് പ്രസിഡന്റ് തന്ന കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് നോട്ടീസ് അയച്ചിട്ടുണ്ട് എന്ന്. ഇതാണ് അവസ്ഥ. ഞാൻ അവിടെ ചെന്നു സ്ഥിതിഗതികൾ കണ്ടു മനസ്സിലാക്കിയിട്ട് ഈ ആളുകളോടെല്ലാം പറഞ്ഞപ്പോൾ ഞങ്ങളെ സഹായിക്കണമെന്നു പറഞ്ഞു. എനിക്ക് എന്തു ചെയ്യാൻ കഴിയും. അവിടെ സ്ഥലം കൈവശപ്പെടുത്തിയശേഷം ടോൾ പിരിച്ച് പണം ഉണ്ടാക്കുകയാണ്. ഞാൻ അവിടെ ഇരുന്നു. അവർക്ക് ഒരു തൃപ്തി വരട്ടെ, ആശ്വാസം വരട്ടെ, ഈ തെമ്മാടിത്തരത്തെ ചോദ്യം ചെയ്യുന്ന ഒരാളെങ്കിലും അല്ലെങ്കിൽ പത്താളെങ്കിലും ഉണ്ടെന്നുവരട്ടെ എന്നുള്ള നിലയിൽ ഞാനും എന്റെ കൂടെ തിരുവനന്തപുരം ജില്ലയിലെ കുറെ പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തകന്മാരും എം. എൽ. എ.-മാരുമായിട്ടുള്ള ആളുകൾ ഞാൻ ഇരിക്കുന്നുയെന്നു കേട്ടതോടെ അവരും ഇരുന്നു. ശ്രീ. പി. ടി. തോമസോ അതുപോലെ ഏതോ സ്നേഹിതന്മാരോ അവരുടെ പ്രസംഗസമയത്ത് ആ കയ്യേറ്റക്കാരെ സഹായിക്കാൻവേണ്ടി അതിനെക്കുറിച്ച് പറഞ്ഞ് ഞങ്ങളെ പരിഹസിച്ചത് വളരെ കഷ്ടമായിപ്പോയി എന്നുമാത്രമേ എനിക്ക് പറയാനുള്ളു. അവർ പലർക്കും പ്രലോഭനം കൊടുത്തിട്ടുണ്ട്. ഗൾഫാർ മുഹമ്മദ് 400 കോടി രൂപയുടെ ആസ്തിയാണ് 43 കോടി രൂപയ്ക്ക് വാങ്ങിയത്. ആ വാങ്ങിയ കെട്ടിടത്തിന്റെകൂടെ ഒരു വളഞ്ഞുപിടിത്തം. ആ വളഞ്ഞു പിടിത്തം എന്താണ്. ഹാൽസിയോൺ കൊട്ടാരവും സമീപ കെട്ടിടങ്ങളുംകൂടി നിയമ വിരുദ്ധമായി കൈവശപ്പെടുത്തി. മിസ്റ്റർ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായി വന്നതിനു ശേഷം കളക്ടറെ അയച്ച് ഒരു നോട്ടീസ് ഹാൾസിയോൺ കൊട്ടാരത്തിന്റെ മേൽ പതിച്ചിട്ടുണ്ട്. മറ്റ് സമീപത്തുള്ള 28-ഓളം കെട്ടിടങ്ങളോ—അത് ടൂറിസ്റ്റുകളായിട്ട് വരുന്ന ആളുകളെ ശല്യപ്പെടുത്താതിരിക്കാൻ അവർക്ക് വിട്ടു കൊടുത്തിരിക്കുകയാണ് അദ്ദേഹം, ഇതാണ് സൗജന്യം. ഗൾഫാർ മുഹമ്മദിന് ഇങ്ങനെ സൗജന്യം ചെയ്തു കൊടുക്കുന്നത് കണ്ടപ്പോൾ നമ്മുടെ മുത്തൂറ്റുകാർ, എന്റെ സ്നേഹിതൻ മുഖ്യമന്ത്രിയുടെ ബന്ധുക്കളാണെന്നു ആളുകൾ പറയുന്നു. ഞാൻ അത് വിശ്വസിക്കുന്നില്ല. ഏതായാലും മുത്തൂറ്റുകാരും ഒരു സ്വർണ്ണ കച്ചവടക്കാരനും എല്ലാംതന്നെ ടാജ് എന്നു പറയുന്ന ഈ ടൂറിസ്റ്റ് സ്ഥാപനം നടത്തുന്നതിൽ മാന്യമായി നടത്തുന്ന അവരെല്ലാംകൂടി ചേർന്നിട്ടാണോ? ഗൾഫാറിന്റെ കയ്യേറ്റത്തിൽ ഒന്നും മിണ്ടാത്ത സ്ഥിതിയാണെങ്കിൽ നമുക്കും കയ്യേറാം എന്നുകരുതി അവരും കയ്യേറുകയാണ്. പിന്നെ സിനിമാ പ്രമാണിമാരായിട്ടുള്ള ഉദയാ എന്നൊക്കെ പറഞ്ഞിട്ടുള്ള വേറൊരു സ്ഥാപനം അങ്ങനെ 3-4 സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ റോഡിനെ മണ്ണിട്ടുനികത്തി. അവരെല്ലാം തന്നെ അവിടുന്ന് പണം കൊയ്യാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ തടയാൻ നിങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അത് എന്തുകൊണ്ടാണ് നിങ്ങൾക്ക് തടയാൻ കഴിയാത്തതെന്നു എനിക്ക് മനസ്സിലാകുന്നില്ല.

ഇവിടെ നിയമസമാധാനം പാലിക്കുന്ന ആളുകൾ ഉണ്ടോ? ഗവർണ്ണറെകൊണ്ട് പറയിച്ചിരിക്കുകയാണ് നിയമസമാധാനം ഉണ്ടെന്ന് കഴിഞ്ഞ ആഴ്ചയിൽ തന്നെ 5 മരണമാണ് ഇവിടെ ഉണ്ടായത്. ലോക്കപ്പ് മരണം കൽത്തുറുങ്കിലെ മരണം. ജയിലിലെ മരണം. സന്ധ്യകഴിഞ്ഞാൽ കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് പുറത്തിറങ്ങി നടക്കാൻ കഴിയില്ല. വീട്ടിൽ സുഖമായിട്ട് ഇരിക്കാൻ കഴിയുമെന്നാണോ? വീട്ടിൽ കയറി വയോധികരായിട്ടുള്ള ആളുകളെ പോലും കശാപ്പ് ചെയ്യുന്നത് ഈ കേരളത്തിൽ നിത്യസംഭവമായി മാറിയിരിക്കുന്നു. ഇങ്ങനെയുള്ള ആളുകൾക്ക് എങ്ങനെയാണ് നമ്മുടെ സ്ഥലം കൊടുക്കുന്നത്? കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും നിയമം ലംഘിച്ചുകൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. എന്താണ് ഒരു നടപടിയും സ്വീകരിക്കാതിരുന്നത്. നിങ്ങൾ ഇവർക്കെല്ലാം വിധേയമാണ് എന്ന് ഞങ്ങൾ പറഞ്ഞാൽ അത് നിങ്ങളെ പരിഹസിക്കാൻ വേണ്ടി പറയുന്നതായിട്ട് എടുത്താൽ മതിയോ? പോരാ. നിങ്ങളുടെ തെറ്റും കുറവും തന്നെയാണിത്. അവസാനമായിട്ട് സുനാമിയുടെ പേരിൽ സി. പി. എം.-നെ ആക്ഷേപിക്കുന്ന ആളുകളോട് ഞാൻ ചോദിക്കുകയാണ് മിസ്റ്റർ കെ. മുരളീധരൻ,

LIBRARY ARCHIVES Kerala Legislative Assembly

പഴയ കെ. പി. സി. സി. പ്രസിഡന്റിനെ നിങ്ങൾ ഓർക്കുന്നുണ്ടോ? അദ്ദേഹം ഈ കഴിഞ്ഞ ദിവസം ചോദിച്ചത് എന്താണ്? ഒരു കാര്യവും ആരോടും ആലോചിക്കുന്നില്ല. അതിന്റെ ഫലമായിട്ടുണ്ടായതാണ് മൂന്നരലക്ഷം ആളുകളെ പട്ടിണിയിലേയ്ക്ക് വലിച്ചെറിയുന്ന, സർക്കാർ ലോട്ടറി നിരോധനം. ഏകപക്ഷീയമായിട്ടുള്ള എടുത്തുചാടലാണ് ശ്രീ. ഉമ്മൻചാണ്ടി നടത്തിക്കൊണ്ടിരിക്കുന്നത്. അത് ഏത് സുനാമിയാണ്? അപ്പോൾ നിങ്ങളെ സംബന്ധിച്ച് നിങ്ങളുടെ സഹപ്രവർത്തകരായിട്ടുള്ള ആളുകൾപോലും സംതൃപ്തരല്ല അതല്ലേ സത്യം. അത് മനസ്സിലാക്കിയിട്ട് ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ച് സഹപ്രവർത്തകരുമായിട്ട് കൂട്ടുകക്ഷിക്കാരുമായിട്ട് എല്ലാംതന്നെ ചർച്ച ചെയ്ത്, പ്രതിപക്ഷക്കാരുമായിട്ട് അത്യാവശ്യം ചർച്ച ചെയ്യേണ്ട കാര്യം വന്നാൽ മാത്രം അവരുമായിട്ട് ചർച്ച ചെയ്തു ഭരണം നടത്തുക എന്നുള്ളതല്ലേ ജനാധിപത്യ സമ്പ്രദായത്തിൽ നാമെല്ലാം ശീലിച്ചിട്ടുള്ളത്? നാമെല്ലാം കൈകാര്യം ചെയ്യേണ്ടതും അങ്ങനെയല്ലേ? അത് നിങ്ങൾ ചെയ്യുന്നുണ്ടോ? ഈ കഴിഞ്ഞ കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച് ഒരു തീർച്ച വേണമെന്നു നിങ്ങൾക്ക് ഇതുവരെ തോന്നിയിട്ടുണ്ടോ? തോന്നിയിട്ടില്ല. കേന്ദ്ര ഗവൺമെന്റിൽ നിന്ന് കേരളത്തിന് ലഭിക്കേണ്ടതായ ന്യായമായ ഒരു ആവശ്യവും നേടിയെടുക്കുന്നതിന് അപ്പുറത്തിരിക്കുന്ന പഹയന്മാർ ശ്രമിക്കുന്നില്ല. നിങ്ങൾക്ക് കണ്ടകശനിയായിട്ടാണ് ഞങ്ങളെ കാണുന്നതെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിന് അർഹമായത് നേടിയെടുക്കാൻ ഒരു എളിയ പങ്ക് വഹിക്കാൻ ഞങ്ങൾക്ക് കഴിയും. അങ്ങനെ വഹിച്ചുകഴിഞ്ഞാൽ അവരും ഇങ്ങനെ വല്ലതും ചെയ്തു എന്നു പറയാൻ മാത്രം ഒക്കുകയില്ല; കാരണം അതിൽ സ്കോറെല്ലാം അടിച്ചുകൊണ്ട് അവർ പോയെങ്കിലോ എന്നു വിചാരിച്ചിട്ട് പറയാതിരിക്കുകയാണ്. ഇതെല്ലാം ശരിയായ രീതിയാണോ? അതുകൊണ്ട് ഇതെല്ലാം വിവരിക്കുന്ന നിങ്ങളുടെ ഈ ഭരണത്തിന്റെ തെറ്റുകളും പോരായ്മകളും നാണംകെട്ട സമീപനവും അഴിമതിക്കാരെ വൻതോതിൽ വളർത്താൻ സഹായിക്കുന്നതും കൂടെ വല്ലതും കിട്ടുകയാണെങ്കിൽ വാങ്ങാൻ നിങ്ങൾക്ക് ഇടയാകുന്നതുമായ ഈ ഭരണ നയം തിരുത്തണം. ഈ ഭരണ നയത്തെപ്പറ്റി മൂന്നു കോൺഗ്രസുകാർ ഒരുമിച്ച് ഇരുന്നു എഴുതിയ നയപ്രഖ്യാപന പ്രസംഗമായിട്ട് എനിക്ക് തോന്നി. ഗവർണ്ണർ ശ്രീ. ഭാട്ടിയ, ശ്രീ. എ. കെ. ആന്റണി, ശ്രീ. ഉമ്മൻചാണ്ടി എന്നിവർ തയ്യാറാക്കിയ ഒരു പ്രസംഗമല്ലേ ഇതെന്നു ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാൻ കഴിയുകയില്ലെങ്കിലും ബഹുമാന്യനായ ആർ. എൽ. ഭാട്ടിയയെ സംബന്ധിച്ചുള്ള എല്ലാ തരത്തിലുള്ള ബഹുമാനവും നിലനിർത്തിക്കൊണ്ട് ഈ നിലയിൽ എഴുതി കൊടുക്കുന്നത് എന്തും അദ്ദേഹത്തെക്കൊണ്ട് വായിപ്പിക്കാം എന്നുള്ള നിലയിൽ നിങ്ങൾ എത്തിയാൽ അതിന് അംഗീകാരം നൽകുന്ന അദ്ദേഹത്തിന്റെ സമീപനത്തിൽ അദ്ദേഹം ചിന്തിച്ച്—അദ്ദേഹം ബുദ്ധിമാനാണ്—ആവശ്യമായ കാര്യങ്ങൾ അദ്ദേഹവും ചെയ്യുമെന്നു ആശിക്കുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 – ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ഫെബ്രുവരി ഒന്നാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.20–ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly